# TRICHUR ARCHDIOCESAN BULLETIN

AUGUST 2015



# Trichur Archdiocesan Bulletin

പുസ്തകം : 82 ■ ആഗസ്റ്റ് 2015 ■ ലക്കം : 8

81 YEARS OF PUBLICATION 1934-2015

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Francis Aloor**

***Executive Editor***
**Fr. Dominic Thalakkoden**

**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

## ഈ ലക്കത്തിൽ

- സർക്കുലർ 3
- കച്ചേരികാര്യം 11
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ആഗസ്റ്റ് 19
- സഹായമെത്രാന്റെ പരിപാടികൾ - ആഗസ്റ്റ് 20
- നാളാഗമം 21
- സാമ്പത്തിക കാര്യാലയം 25
- വൈദികർ 30
- സന്യസ്തർ 32
- സ്ഥാപനങ്ങൾ 38
- സാന്ത്വനം 66
- സംഘടനകൾ 70



Ref: 2866/K-5/KCBC/OL/DS
13.7.2015

# ജസ്റ്റീസ് സൺഡെ 2015
## ആഗസ്റ്റ് 16, ഞായർ

## കെസിബിസി SC/ST/BC
## കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**കേരള നിയമസഭ ദലിത് ക്രൈസ്തവർക്കു ഭരണഘടനവിഭാവന ചെയ്തിട്ടുള്ള അവകാശങ്ങൾ നല്കുന്നതിനുള്ള പ്രമേയം പാസാക്കണം.**

യേശുക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

“നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ.... അവർക്കു സംതൃപ്തി ലഭിക്കും. നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാൻമാർ....അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും” (മത്തായി 5:6-9).

നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും പീഡനങ്ങൾ സഹിക്കുകയും ചെയ്യുകയാണ് ഭാരതത്തിലെ ദലിത് ക്രൈസ്തവസമൂഹം. പിറന്ന മണ്ണിൽ സഹോദരതുല്യം ജീവിക്കാനുള്ള നീതി നിഷേധിക്കപ്പെട്ട അവസ്ഥ തുടരുന്നു. ഭരണഘടന ഉറപ്പുതരുന്ന അവസരസമത്വവും തുല്യപരിഗണനയും ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ നമുക്ക് ലഭിക്കാതെ പോകുന്നു. അർഹമായ വിദ്യാഭ്യാസവും തൊഴിലും ആനുകൂല്യങ്ങളും ഭരണകാര്യങ്ങളിൽ പങ്കാളിത്തവും നിഷേധിക്കപ്പെടുന്നു. ഈ പ്രത്യേക പശ്ചാത്തലത്തിലാണ് ഈ വർഷം ആഗസ്റ്റ് 16-ാം തീയതി “നീതിഞായർ” ആചരിക്കുന്നത്. തികച്ചും പ്രതികൂലസാഹചര്യങ്ങളിലും തങ്ങൾക്ക് ലഭിച്ച വിശ്വാസത്തെ ദൈവത്തിന്റെ ദാനമായും സമ്പത്തായും കരുതി പ്രത്യാശയോടെ നീതിക്കുവേണ്ടി പോരാടുന്ന ദലിത് ക്രൈസ്തവരോടുള്ള ഐക്യദാർഢ്യം ഭാരതസഭ പ്രഖ്യാപിക്കുന്ന ദിവസവുമാണ് “നീതിഞായർ”.

ഗോത്രവർഗങ്ങളെപ്പോലെ മതവ്യത്യാസമില്ലാതെ എല്ലാ ദലിത് വിഭാഗങ്ങളും സ്വതന്ത്രഭാരതത്തിൽ തുല്യമായ സംവരണാനുകൂല്യങ്ങൾ അനുഭവിച്ചിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10-ന് രാഷ്ട്രപതിയുടെ ഉത്തരവിലൂടെ ഹിന്ദുക്കളല്ലാത്ത ദലിതരെയെല്ലാം സംവരണത്തിനായുള്ള പട്ടികയിൽ നിന്ന് ഒഴിവാക്കി. ഭരണഘടനാവിരുദ്ധമായ പ്രസ്തുത ഉത്തരവിനെതിരെ അന്നുമുതൽ സമരങ്ങളും പ്രക്ഷോഭങ്ങളും ആരംഭിച്ചു. 1956-ൽ സിക്കുമതക്കാരായ ദലിതരെയും 1990-ൽ ബുദ്ധമതക്കാരായ ദലിതരെയും സംവരണപട്ടികയിൽ വീണ്ടും ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നല്കിവരുന്നു. ക്രൈസ്തവരും മുസ്ലീമുകളും ഇന്നും സംവരണ പട്ടികയിൽ നിന്നും പുറത്താണ്. മുസ്ലീമുകൾക്കുവേണ്ടി കേന്ദ്ര സർക്കാർ നിയമിച്ച സച്ചാർ കമ്മിറ്റി നല്കിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിനാൽ അവരുടെ ജീവിതനിലവാരം കുറച്ചൊക്കെ മെച്ചപ്പെട്ടുവരുന്നു. ദലിത് ക്രൈസ്തവർക്കുവേണ്ടി രംഗനാഥമിശ്ര കമ്മിഷൻ സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ മുൻ സർക്കാരും ഇപ്പോഴത്തെ സർക്കാരും തയ്യാറായിട്ടില്ല. അതു നടപ്പിലാക്കണമെന്ന് പറയാൻ രാഷ്ട്രീയകക്ഷികൾ മടിക്കുകയാണ്. സുപ്രീം കോടതിയിൽ ദലിത് ക്രൈസ്തവർ നടത്തിവരുന്ന കേസുമായി ബന്ധപ്പെട്ട് സർക്കാർ അടിയന്തരമായി നല്കേണ്ട മറുപടിപോലും നല്കിയിട്ടില്ല.

ദലിത് ക്രൈസ്തവർക്ക് ഭരണഘടന അനുശാസിക്കുന്ന സംവരണാനുകൂല്യങ്ങൾ നല്കണമെന്ന് തമിഴ്നാട് നിയമസഭ ഏകകണ്ഠേന പ്രമേയം പാസാക്കിയിട്ടും രാഷ്ട്രീയപ്രബുദ്ധത അവകാശപ്പെടുന്ന കേരളനിയമസഭയ്ക്ക് ഒരു പ്രമേയം പാസാക്കാൻ സാധിച്ചിട്ടുമില്ല. ദലിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി സ്ഥാപിതമായിരിക്കുന്ന പരിവർത്തിത ശുഭാർശിത വികസന കോർപ്പറേഷന് അർഹിക്കുന്ന ഫണ്ട് നീക്കിവയ്ക്കാൻ കേരളത്തിലെ ധനകാര്യവകുപ്പിനും സാധിക്കാതെ പോകുന്നു. ഇങ്ങനെയുള്ള അതിദാരുണമായ സാഹചര്യങ്ങൾ എല്ലാക്കാലത്തും ദലിത് ക്രൈസ്തവസമൂഹം അനുഭവിക്കുന്നു. അതുകൊണ്ടാണ് ദലിത് ക്രൈസ്തവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനും ഈ സമൂഹത്തിന്റെ പ്രശ്നങ്ങൾ പൊതുസമൂഹത്തിനെ അറി

യിക്കുന്നതിനുമായി സ്വാതന്ത്ര്യദിനം കഴിഞ്ഞുവരുന്ന ഞായർ "നീതിഞായറാ"യി ആചരിക്കാൻ ഭാരത കത്തോലിക്കാ മെത്രാൻ സമിതി 1986-ൽ തീരുമാനമെടുത്തത്. ദലിത് ക്രൈസ്തവരുടെ ഭരണ ഘടനാപരമായ അവകാശം നേടിയെടുക്കാൻ നമുക്ക് ഒരുമിച്ച് പ്രവർത്തി ക്കാം. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ!

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. "നീതിഞായർ ആചരണം" ഓരോ രൂപതയിലേയും ഡി.സി.എം.എ സ്-ന്റെ നേതൃത്വത്തിൽ ഇടവക-ഫൊറോനാ രൂപതാതലത്തിൽ ആച രിക്കേണ്ടതാണ്. നീതിഞായർ സഭയുടെ ആചരണത്തിന്റെ ഭാഗമായ തുകൊണ്ടു തന്നെ എല്ലാ സംഘടനകളും സജ്ജീവമായി പങ്കെടുക്ക ണമെന്ന് അഭ്യർത്ഥിക്കുന്നു. നീതിഞായർ ആചരണത്തെക്കുറിച്ചുള്ള റിപ്പോർട്ട് സംസ്ഥാനഡയക്ടറുടെ പേരിൽ അയച്ചുകൊടുക്കേണ്ടതാ ണ്.

2. "നീതിഞായറി"നോട് അനുബന്ധിച്ച് സംസ്ഥാനതലത്തിൽ നാം ഡി. സി.എം.എസ് പ്രതിനിധി സമ്മേളനം ആഗസ്റ്റ് 29-ാംതീയതി തിരുവന ന്തപുരത്തു വച്ച് നടത്തുകയാണ്. അതിനെ സംബന്ധിച്ച വിശദമായ അറിയിപ്പുകൾ നിങ്ങൾക്ക് നല്കുന്നതായിരിക്കും.

3. കേരള മെത്രാൻ സമിതിയുടെ തീരുമാനമനുസരിച്ച് "നീതിഞായർ" കേരളത്തിലെ എല്ലാ ഇടവകകളിലും കാണിക്ക (സ്തോത്രകാഴ്ച) സ്വീകരിക്കേണ്ടതും ലഭിക്കുന്ന കാണിക്ക മുഴുവനും അതാതു രൂപത കളിലെ പ്രൊക്കുറേറ്ററെ ഏല്പിക്കേണ്ടതും രൂപതാധ്യക്ഷന്റെ അറി വോടെ പ്രൊക്കുറേറ്റർ Chairman, KCBC SC/ST/BC Commission, Bishop's House, Punalur-691322, Kollam എന്ന വിലാസത്തിൽ ഇട വകകളിൽ നിന്നും ലഭിക്കുന്ന തുകയുടെ ചെക്ക് അയച്ചുതരുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന തുകയിൽ നിന്നാണ് നാം ദലിത് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നല്കുന്നത്.

4. കഴിഞ്ഞ ഒന്നരവർഷമായി ഡി.സി.എം.എസ്സിന്റെ ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട ജോസഫ് കുറ്റിക്കാട്ടിൽ (വിജയപുരം രൂപത) അച്ചൻ വിരമിച്ചതിനെ തുടർന്നു ബഹുമാനപ്പെട്ട ഷാജ്കുമാർ (നെയ്യാറ്റിൻകര രൂപത, ഫോൺ: 9496334466)അച്ചനെ ഡി.സി.എം.എസ്സ്-ന്റെ ഡയറക്ട റായി കേരള കത്തോലിക്കാ മെത്രാൻ സമിതി നിയമിച്ചിരിക്കുകയാ ണ്. ബഹുമാനപ്പെട്ട ജോസഫ് കുറ്റിക്കാട്ടിലച്ചന് നന്ദി പറയുന്നതോ ടൊപ്പം ബഹുമാനപ്പെട്ട ഷാജ്കുമാർ അച്ചനോട് ഏവരും സഹകരിക്ക ണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

5. ഈ സർക്കുലർ ആഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാല യങ്ങളിലും, അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിച്ച് ജനങ്ങളെ "നീതിഞായർ" ആഘോഷത്തിന് ഒരു ക്കുന്നതു ഉചിതമായിരിക്കും. ബി.സി.സി. തലങ്ങളിൽ ദലിത് ക്രൈസ്ത വർ ഇന്നനുഭവിക്കുന്ന സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് പഠനശിബിര ങ്ങൾ സംഘടിപ്പിക്കുന്നതും ഉചിതമായിരിക്കും.

Ref: 2860/K-5/KCBC/OL/DS
30.6.2015

# തടവറ പ്രേഷിത ദിനം
## 2015 ആഗസ്റ്റ് 9 ഞായർ

**കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന**

**സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

തടവുകാർക്ക് മോചനത്തിനായി അവനെന്നെ അയച്ചിരിക്കുന്നു (ഏശ 61:1). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക 4:18). തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടത്തെ കാത്തിരുന്നത്. മഹനീയനായ കുറ്റവാളിയാണ് യേശു. പരിശുദ്ധനായ കുറ്റവാളി. അവിടന്ന് കാരഗ്രഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. കുറ്റവാളിയായി അവൻ മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. നമ്മുടെ നീതി മത്കരണത്തിനായി പാപമില്ലാത്തവനെ ദൈവം പാപമാക്കി (2കൊറി 5:21) എന്ന തിരുവെഴുത്ത് അങ്ങനെ നിറവേറി.

2015 ആഗസ്റ്റ് മാസം 9-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനു പകരമായി തന്റെ ജീവൻ നല്കി രക്തസാക്ഷിത്വമകുടം ചൂടിയ വിശുദ്ധ മാക്സിമില്യൻ മരിയ കോൾബേയാണ് തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുമ്പ് വരുന്ന ഞായറാഴ്ചയാണ് തടവറ

്രേപഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്.

സാംസ്കാരിക കേരളമെന്ന് നാം അഭിമാനിക്കുന്ന ദൈവത്തിന്റെ സ്വന്തം നാട് കുറ്റകൃത്യങ്ങളുടെ നാടായി മാറിയിരിക്കുന്നു. 57 ജയിലുകളിലായി 7500-ൽപ്പരം ആളുകൾ തടവറയിൽ കഴിയുന്നു. ഏറ്റവും കൂടുതൽ സാക്ഷരത അവകാശപ്പെടുന്ന കൊച്ചു കേരളത്തിലാണ് ഏറ്റവും കൂടതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്ന് ദേശീയ കുറ്റകൃത്യ റിക്കോഡ് ബ്യൂറോ (NCRB) കണക്കുകളിൽ നിന്നു വ്യക്തമാണ്. ഇന്ത്യയിലെ ഏറ്റവും അപകടകരമായ നഗരം കൊച്ചിയാണ്. 2012-ലെ കുറ്റകൃത്യാനുപാതം അനുസരിച്ച് (കുറ്റകൃത്യാനുപാതം കണക്കാക്കുന്നത് ഒരു ലക്ഷത്തിലാണ്) കേരളത്തിൽ 455.4 ആണ് കുറ്റകൃത്യങ്ങൾ. ഇത് ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമാണ്. രണ്ടാം സ്ഥാനത്തുള്ള മധ്യപ്രദേശിൽ ഇത് 187.6 മാത്രമാണെന്ന് ഓർക്കണം. ഒറ്റവർഷം കൊണ്ട് 193 ആനുപാതിക വർദ്ധനയാണ് കൊച്ചിയിൽ മാത്രം കുറ്റകൃത്യങ്ങളിൾ ഉണ്ടായത്. സൈബർ കുറ്റകൃത്യങ്ങളിൽ 350 ആനുപാതിക വർദ്ധനയുണ്ടായപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഢനത്തിൽ സംസ്ഥാനങ്ങളിൽ റെക്കോഡ് വളർച്ചയാണ് കേരളത്തിലുണ്ടായത്. സ്ത്രീകൾക്കു സുരക്ഷിതത്വം ഇല്ലാത്ത നാടെന്ന കുപ്രസിദ്ധിയും നമുക്കു സ്വന്തം. മദ്യപാനത്തിലും മയക്കുമരുന്നിന്റെ ഉപയോഗത്തിലും ഭയാനകമായ വർദ്ധനയാണ് ഒരോ വർഷവും രേഖപ്പെടുത്തുന്നത്.

ഈ സാഹചര്യത്തിലാണ് യേശുസാഹോദര്യകൂട്ടായ്മയുടെ പ്രസക്തി. ജീസസ്സ് ഫ്രട്ടേണിറ്റി തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 28 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും, കൗൺസലിങ്ങുകളിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി സദ്ചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ ബദ്ധശ്രദ്ധമാണ്. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു ഡിപ്പാർട്ട്മെന്റായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകളിൽ മാത്രമല്ല,

തടവറയിലെ സഹോദരരുടെ ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധി വാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയ വരെ വിവാഹം കഴിപ്പിച്ചയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 28 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

13 പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റിക്കുണ്ട്. മൂന്ന്എണ്ണംവീതം പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടിയും ബാക്കി 7 എണ്ണം കുട്ടികൾക്ക് വേണ്ടിയുമാണ്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധി വസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. അനേകം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധി വസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിലെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 31 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46 ഓളം യൂണിറ്റുകളിലായി 1000 -ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരി കളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കു ന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹ മാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ

പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ.

കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ. ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ കമ്മീഷൻ

**ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ കമ്മീഷൻ

N:B: 2015 ആഗസ്റ്റ് 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| ആഗസ്റ്റ് | 1 | : വി. അൽഫോൻസ് ലിഗോരി |
| | | : നിസിബിസിലെ വി. യാക്കോബ് |
| | 2 | : **കൈത്താക്കാലം നാലാം ഞായർ** |
| | 4 | : വി. ജോൺ മരിയ വിയാനി |
| | 6 | : നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| | 7 | : ആദ്യവെള്ളി |
| | 8 | : വി. ഡൊമിനിക് |
| | 9 | : **കൈത്താക്കാലം അഞ്ചാം ഞായർ** |
| | 11 | : വി. ക്ലാര |
| | 14 | : വി. മാക്സിമില്യൻ കോൾബേ<br>വി. ശ്മോനിയും ഏഴുമക്കളും |
| | 15 | : മറിയത്തിന്റെ സ്വർഗാരോപണം |
| | 16 | : **കൈത്താക്കാലം ആറാം ഞായർ** |
| | 21 | : വി. പത്താം പീയൂസ് മാർപാപ്പ |
| | | : വി. ശിമയോൻ ബർസബായും സഹരക്തസാക്ഷികളും |
| | 23 | : **കൈത്താക്കാലം അഞ്ചാം ഞായർ** |
| | 24 | : വി. ബർത്തലോമിയോ ശ്ലീഹാ |
| | 28 | : വി. അഗസ്റ്റിൻ |
| | 29 | : വി. എവുപ്രാസ്യ |
| | 30 | : **ഏലിയാ സ്ലീവ ഒന്നാം ഞായർ** |
| | 31 | : എട്ടുനോമ്പാരംഭം |

**2. ആഗസ്റ്റ് മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 04 | 07.30 pm | സാമ്പത്തികസമിതി യോഗം |
| 10 | 10:00 am - 04:00 pm | വൈദിക ഏകദിനസമ്മേളനം 2 |
| 15 | | ഇന്ത്യൻ സ്വാതന്ത്ര്യദിനം |

**3. വൈദിക ഏകദിന സമ്മേളനം**

അതിരൂപത വൈദികരുടെ ഏകദിന സമ്മേളനം ആഗസ്റ്റ് 10-ാം തിയതി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ DBCLC യിൽ നടത്തുന്നു. വൈദികർ എല്ലാവരും പങ്കെടുക്കേണ്ടതാണ്.

**4. കരുണട്രസ്റ്റ്-വിദ്യാഭ്യാസസഹായം**

അതിരൂപതയുടെ കരുണട്രസ്റ്റിൽ നിന്നും തൊഴിലധിഷ്ഠിത വിദ്യാഭ്യാസസഹായത്തിനുള്ള അപേക്ഷകൾ ആഗസ്റ്റ് 1 മുതൽ കാരുണ്യനിധിയുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**5. അതിരൂപതാ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2015 നവംബർ 14-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഡി.ബി.സി.എൽ. സി.യിൽ ആയിരിക്കും. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2014 നവംബർ 10 മുതലുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ **15-09-2015 നു** മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.
* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്.
* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.
* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ ഒക്ടോബർ 15നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org; www.sauhrudam.com).

**1. വിദ്യാഭ്യാസരംഗം**

2014-15 അധ്യയനവർഷത്തിൽ

**1.1** പ്ലസ് ടുവിനും വി. എച്ച്. എസ്. സി.ക്കും ആദ്യ ചാൻസിൽ മുഴുവൻ വിഷയങ്ങളിലും A+നേടിയിട്ടുള്ളവർക്ക് (Kerala State-A+, C.B.S.E - CGPA 10.0, I.C.S.E.- A+/Exceptional)

**1.2** ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.3** ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്,

ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.4** സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

**1.5** കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

### 2. കായികം

**2.1** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ*

State, C.B.S.E, I.C.S.E. റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ- (ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം).

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**2.2** *സർവ്വകലാശാല കായികമത്സരങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

### 3. കലാസാഹിത്യ രംഗം

***3.1*** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ*

State, C.B.S.E, I.C.S.E. റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ- (ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം).

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

***3.2*** *സർവ്വകലാശാല യുവജനോത്സവങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

### 4. മറ്റു രംഗങ്ങൾ

***4.1*** സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

***4.2*** മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

*4.3* അതിരൂപതയിലെ ഇടവകകളിൽ സുത്യർഹമായ സേവനം ചെയത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നതാണ്. (ബഹു.വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിശദവിവരവും നൽകേണ്ടതാണ്)

**NB:**

**1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.**

**2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.**

**3. ഈ വർഷം മുതൽ എസ്. എസ്. എൽ. സി. ഫുൾ A+ കാറ്റഗറി ഒഴിവാക്കിയിരിക്കുന്നു.**

**6. വൈദികരുടെ വാർഷികധ്യാനം :**

ബ. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം സെപ്തംബർ 20 മുതൽ 25 വരെയും സെപ്തംബർ 27 മുതൽ ഒക്ടോബർ 2 വരെയും രു ബാച്ചുകളിലായി നടത്തുന്നു. വൈദികരുടെ ധ്യാനലിസ്റ്റ് 2015 ജൂൺ മാസത്തെ അതിരൂപതാബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടു്.

ധ്യാനവേദി : മേരി മാതാ മേജർ സെമിനാരി
ധ്യാനഗുരു : ബഹു. ഫാ. ജോമോൻ കൊച്ചുകണിയാംപറമ്പിൽ MCBS

- മേരിമാതാ മേജർ സെമിനാരിയായിരിക്കും ധ്യാനവേദി. മുഴുവൻ സമയവും സെമിനാരിയിൽ താമസിച്ചു ധ്യാനിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും കാലേക്കൂട്ടി ചെയ്യണം.
- ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി, മരണപത്രം (എഴുതാത്തവർ) എന്നിവ കൊണ്ടു വരണം.
- അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസവൈദികർക്ക് ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ എത്രയുംവേഗം അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.
- എല്ലാ ബഹു. വൈദികരും പൊതുവാർഷികധ്യാനത്തിൽ പങ്കെടുക്കണമെന്നാണ് അഭിവന്ദ്യപിതാവിന്റെ താത്പര്യം. ഏതെങ്കിലും കാരണവശാൽ പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ ഡിസംബർ 31നു മുമ്പ് വാർഷികധ്യാനം നടത്തി കുമ്പസാരപത്തേന്തിയും കുർബാനകണക്കും അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേണ്ടതാണ്.

- ബഹു. വൈദികർക്കാർക്കെങ്കിലും ബാച്ചുകൾ മാറുന്നതിനോ ലീവിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നവർക്ക് പൊതുധ്യാനത്തിൽ പങ്കെടുക്കുന്നതിനോ ആഗ്രഹമുണ്ടെങ്കിൽ അക്കാര്യം **2015 ആഗസ്റ്റ് 15നു** മുമ്പായി അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

**7. വൈദികനിയമനം :**

| | |
|---|---|
| 1. ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | – നടത്തുവികാരി & കപ്ലോൻ അരിമ്പൂർ ഒഴിവായി; സാധുത 2015 ജൂൺ 22 മുതൽ. |
| 2. ഫാ. ലാസർ താണിക്കൽ | – വികാരി വെള്ളാറ്റഞ്ഞൂർ & കപ്ലോൻ സി. എം. സി. & സി. പി. എസ്.; നടത്തുവികാരി തങ്ങാലൂർ& കപ്ലോൻ ഡി. പി. എം. ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ. |
| 3. ഫാ. വർഗ്ഗീസ് കരിയാറ്റിൽ | – വികാരി പൊങ്ങണംകാട് & കപ്ലോൻ എഫ്. എസ്. എസ്. ഇ. & സിറ്റേഴ്സ് ഓഫ് മേഴ്സി; വികാരി വെള്ളാറ്റഞ്ഞൂർ & കപ്ലോൻ സി. എം. സി. & സി. പി. എസ്. ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ. |
| 4. ഫാ. ബെന്നി കിടങ്ങൻ | – വികാരി ഗുരുവായൂർ & കപ്ലോൻ ക്ലേലിയ; വികാരി പൊങ്ങണംകാട് & കപ്ലോൻ എഫ്. എസ്. എസ്. ഇ. & സിറ്റേഴ്സ് ഓഫ് മേഴ്സി ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ. |
| 5. ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | – വികാരി കണ്ണാറ & കപ്ലോൻ എഫ്. സി. സി. & ആർ. ജി. എസ്.; വികാരി ഗുരുവായൂർ & കപ്ലോൻ ക്ലേലിയ ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ. |
| 6. ഫാ. ജസ്റ്റിൻ തടത്തിൽ | – ഡയറക്ടർ സാവിയോ ഹോം; വികാരി പുതുരുത്തി & കപ്ലോൻ എസ്. ഡി. വി. ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ. |
| 7. ഫാ. റാഫി തട്ടിൽ | – ഡയറക്ടർ സാവിയോ ഹോം ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ. |

8. ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് – വികാരി പുതുരുത്തി & കപ്ലോൻ എസ്. ഡി. വി. സാധുത 2015 ജൂലൈ 1 മുതൽ.

9. ഫാ. വിൽസൺ പിടിയത്ത് – വികാരി കല്ലൂർ കിഴക്ക് & കപ്ലോൻ സി. എച്ച്. എഫ്.; വികാരി കണ്ണാറ & കപ്ലോൻ എഫ്. സി. സി. & ആർ. ജി. എസ്. ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ.

10. ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ – വികാരി തലോർ & കപ്ലോൻ സി. എച്ച്. എഫ്. മഠങ്ങൾ, എഫ്. എസ്. എസ്. എച്ച്. & ഡി. എം.; വികാരി കല്ലൂർ കിഴക്ക് & കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ.

11. ഫാ. ഡേവിസ് ചക്കാലക്കൽ – വികാരി വേലപ്പാടം & കപ്ലോൻ സി. എം. സി. & എസ്.എ. ബി. എസ്.; വികാരി തലോർ & കപ്ലോൻ സി. എച്ച്. എഫ്. മഠങ്ങൾ, എഫ്. എസ്. എസ്. എച്ച്. & ഡി. എം. എന്നിവ ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ.

12. ഫാ. തോമസ് ചൂണ്ടൽ – വികാരി & ഫൊറോന വികാരി പഴുവിൽ & കപ്ലോൻ എഫ്. സി. സി. മഠങ്ങൾ; വികാരി വേലപ്പാടം & കപ്ലോൻ സി. എം. സി. & എസ്.എ. ബി. എസ്. ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ.

13. ഫാ. ആന്റണി ആലുക്ക – വികാരി അമ്മാടം & കപ്ലോൻ സി. എച്ച്. എഫ്.; വികാരി & ഫൊറോന വികാരി പഴുവിൽ & കപ്ലോൻ എഫ്. സി. സി. മഠങ്ങൾ ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ.

14. ഫാ. ജോസഫ് മുരിങ്ങാത്തേരി – വികാരി അരിമ്പൂർ & കപ്ലോൻ എഫ്. സി. സി.; വികാരി അമ്മാടം & കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ.

15. ഫാ. മിജോ കുളംകുത്തിയിൽ MSFS – വികാരി വീണ്ടശ്ശേരി. സാധുത 2015 ജൂലൈ 1 മുതൽ.

| | | |
|---|---|---|
| 16. | ഫാ. വർഗ്ഗീസ് ഊക്കൻ | – വികാരി കൂട്ടാല കൂടി; വികാരി വീണ്ടശ്ശേരി ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ. |
| 17. | ഫാ. ബിൽജു വാഴപ്പിള്ളി | – വികാരി കൂട്ടാല ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ. |
| 18. | ഫാ. തോമസ് എടക്കളത്തൂർ | – വികാരി കുണ്ടുകാട്, പുല്ലംകണ്ടം & കപ്ലോൻ ഒ. എസ്. എഫ്. & എസ്. എം. സി. ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ. |
| 19. | ഫാ. ലിജോ ചിറ്റിലപ്പിള്ളി | – ഡയറക്ടർ ബൈബിൾ അപ്പസ്തോലേറ്റ് ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ. |
| 20. | ഫാ. ഫ്രാൻസിസ് കൂത്തൂർ | – ഡയറക്ടർ ബൈബിൾ അപ്പസ്തോലേറ്റ് കൂടി. സാധുത 2015 ജൂലൈ 1 മുതൽ. |
| 21. | ഫാ. സൈജോ തൈക്കാട്ടിൽ | – അസി. ഡയറക്ടർ കത്തോലിക്കാസഭ പത്രം കൂടി. സാധുത 2015 ജൂലൈ 1 മുതൽ. |
| 22. | ഫാ. ഡേവിസ് ചിറമ്മൽ Jr. | – ഡയറക്ടർ ഇൻഫാം ഒഴിവായി. സാധുത 2015 ജൂലൈ 1 മുതൽ. |
| 23. | ഫാ. ജിമ്മി കല്ലിങ്ങൽക്കുടിയിൽ | – ഡയറക്ടർ ഇൻഫാം കൂടി. സാധുത 2015 ജൂലൈ 1 മുതൽ. |
| 24. | ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | – ജർമ്മനിയിൽ സേവനം ചെയ്യുന്നതിന് 3 വർഷത്തേക്ക് അവധി. സാധുത 2015 ജൂലൈ 1 മുതൽ. |
| 25. | ഫാ. ജിജോ പിടിയത്ത് | – ജർമ്മനിയിൽ സേവനം ചെയ്യുന്നതിന് 3 വർഷത്തേക്ക് അവധി. സാധുത 2015 ജൂലൈ 1 മുതൽ. |
| 26. | ഫാ. ജിന്റോ പെരേപ്പാടൻ | – അസി. ഡയറക്ടർ കെ. സി. വൈ. എം. & കത്തോലിക്ക കോൺഗ്രസ്സ് കൂടി. സാധുത 2015 ജൂലൈ 1 മുതൽ. |
| 27. | ഫാ. സ്റ്റിഷിൻ കുണ്ടുകുളം | – വികാരി കുണ്ടുകാട്, പുല്ലംകണ്ടം & കപ്ലോൻ ഒ. എസ്. എഫ്. & എസ്. എം. സി.; സാധുത 2015 ജൂലൈ 1 മുതൽ. |

28. ഫാ. അജിത്ത് പുല്ലോക്കാരൻ CMI – സഹവികാരി മുല്ലശ്ശേരി ഒഴിവായി. സാധുത 2015 ജൂൺ 30 മുതൽ.

29. ഫാ. ലിജോ ബ്രഹ്മകുളം CMI – സഹവികാരി ഏനാമ്മാവ് ഒഴിവായി. സാധുത 2015 ജൂൺ 30 മുതൽ.

**8. പ്രത്യേക അനുവാദങ്ങൾ :**

**തെരട്ട്**

1. ഒല്ലൂർ ഇടവക ഗലീലി മേഖല സെന്റ് ആന്റണീസ് കപ്പേളയുടെ 2014–2015 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1169/2015)

2. ഒല്ലൂർ ഇടവക പഴമുക്ക് കാവൽ മാലാഖയുടെ കപ്പേളയുടെ 2014–2015 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1286/2015)

**പ്രതിനിധിയോഗം**

1. കുണ്ടന്നൂർ ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 1157/2015)

2. വിജയപുരം ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 1263/2015)

**9. പ്രത്യേക നിയമനങ്ങൾ :**

**1. Kalasadan Managing Committee**

Dr. C. K. Thomas
Prof. P. C.Thomas
Rev. Fr. Fijo Alappadan
Sri. Thomas Kizhoor
Mrs. Jancy Paul Cheenickal

**മാർ റാഫേൽ തട്ടിൽ**
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| Date | Day | Time | Programme |
|---|---|---|---|
| 01 | Sat | Afternoon | Benefactors’ Day: Marymatha major Seminary |
| | | | Holy Mass & Blessing of Pithapatha at Veluppadam |
| | | Evening | **Forane Seminar: Pudukad** |
| 02 | Sun | Morning | Engaged |
| | | Afternoon | KCYM: Leaders’ Meet |
| | | Evening | Jubilee of Fr. Paul Pulikkan at Chevoor |
| 03 | Mon | Morning | Holy Mass at Gurukulam |
| | | Evening | **Forane Seminar: Lourdes Cathedral** |
| **04 - 08** | | **Tue** | **KCBC** |
| 09 | Sun | | **Pastoral Visit: Thiruvillamala** |
| 10 | Mon | Morning | Priests’ One Day Conference |
| 11 | Tue | | Engaged |
| | | Evening | **Forane Seminar: kottekad** |
| 12 | Wed | Morning | **For Priests & Religious** |
| | | Evening | JMMC Trust Meeting |
| 13 | Thu | Morning | **For the People** |
| | | Afternoon | Blessing of Convent at Varandarapilly East |
| | | Evening | **Forane Seminar: Dolours Basilica** |
| 14 | Fri | | Prayer Day |
| 15 | Sat | Morning | Chapel Blessing at Sarithapuram |
| | | Afternoon | Prize Distribution Day - Catechism |
| 16 | Sun | | **Pastoral Visit: Chemmannur; St. Sebastian** |
| **17- 29** | | | **Synod of Bishops – Mt. St. Thomas** |
| 23 | Sun | | **Pastoral Visit: Mundathikad; Christ the King** |
| 29 | Sat | Evening | St. Euphrasia Celebration - Ollur |
| 30 | Sun | Morning | **ACC Convocation: DBCLC** |
| | | Evening | Meeting at Basilica |
| 31 | Mon | | Engaged |



# സഹായമെത്രാന്റെ പരിപാടികൾ

August 2015

| Date | Day | Time | Programme |
|---|---|---|---|
| 01. | Sat | Morning | Chiyyaram Vijayamatha: Holy Mass |
| | | | Jyothi Engineering College |
| | | Evening | Manjummal Church |
| 02 | Sun | Morning | KCYM, Ayyanthole- Holy Mass |
| | | Evening | Public Meeting - Jubilee of Fr. Paul Pulikkan |
| 03 | Mon | Morning | Seminar: JMMC Nursing College Teachers |
| | | Evening | Convent Blessing : Varandarappilly |
| 04-08 | | | KCBC Retreat |
| | | Evening | Dharmaram Bangalore |
| 10 | Mon | | Priests' One day conference |
| 11 | Tue | | Marymatha Major Seminary : Class |
| 12 | Wed | Morning | Marymatha Major Semiary : Class |
| | | Afternoon | St.Thomas College |
| 13 | Thu | | Engaged |
| 14 | Fri | | Engaged |
| 15 | Sat | Morning | Manalur West : Holy Mass & Parish Hall Laying Foundation Stone |
| | | | Parempadam: Feast - Holy Mass |
| 16 | Sun | | Kannur |
| 17-28 | | | Bishop's Synod |
| 29 | Sat | | Thevara College: Jesus Youth Campus Conference |
| 30 | Mon | Morning | Vellanikode : Feast-Holy Mass |
| | | Afternoon | Orumayur:Silver Jubilee Celebrations of Fr. George Chervathur |
| | | Evening | Dolours Basilica: Santhi Dhara Inauguration |
| 31 | Tue | | Engaged |

# നാളാഗമം

## ജൂൺ- 2015

01. അഭിവന്ദ്യ താഴത്ത് പിതാവ് ഗുരുകുലത്തിൽ ദിവ്യബലിയർപ്പിക്കുകയും ബ്രദേഴ്സിനു ക്ലാസ്സെടുക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് എരുമപ്പെട്ടി ഇടവകയിൽവെച്ചു നടന്ന തിരുഹൃദ കൺവെൻഷനിൽ അനുഗ്രഹപ്രഭാഷണം നടത്തി.

02. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപതാ സാമൂഹികക്ഷേമ സമിതിയുമായി ബന്ധപ്പെട്ട് വൈദികരുടെ സെമിനാറിൽ പങ്കെടുത്തു.

03-04 അഭിവന്ദ്യ താഴത്ത് പിതാവ് സി.ബി.സി.ഐ മീറ്റിംഗിൽ സംബന്ധിച്ചു.

05. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചയ്ക്ക് ആർച്ച്ബിഷപ്സ്ഹൗസിൽവെച്ചു നടന്ന കോപ്പറേറ്റീവ് എജുക്കേഷന്റെ മീറ്റിംഗിൽ പങ്കെടുത്തു. അതിനുശേഷം പഴുവിൽ ഇടവകയിലെ സ്കൂളിലെ പ്ലസ് ടുവിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

06. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി. സി. എൽ. സി യിൽവെച്ചു നടന്ന കരുണ ട്രസ്റ്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

07. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് കാത്തലിക് സെന്ററിലുള്ള കത്തോലിക്കാ കോൺഗ്രസ്സിന്റെയും കെ. സി. വൈ. എം ന്റെയും ഓഫീസ് ഉദ്ഘാടനം ചെയ്തു.

08. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി. സി. എൽ. സി യിൽ നടക്കുന്ന ബൈബിൾ കോഴ്സിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. വൈദികരുടെ സെമിനാറിൽ പങ്കെടുത്തു.

09-11 അഭിവന്ദ്യ താഴത്ത് പിതാവ് കെ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് അരണാട്ടുകരയിലെ ഹോളി ട്രിനിറ്റി ആശ്രമത്തിൽവെച്ചു നടന്ന സി. അൽഫോൻസയുടെ സന്യാസവ്രത സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. എറണാകുളം പി.ഒ.സി യിൽവെച്ചു നടന്ന കെ. സി. എസ്. എൽ ആനിമേറ്റേഴ്സിന്റെ കോൺഫറൻസിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് ഇടവകയിൽ ദിവ്യബലിയർപ്പിച്ചു. അൾത്താരപണിയ്ക്കുള്ള മണ്ണുസമർപ്പണത്തിനു നേതൃത്വം വഹിച്ചു. പാസ്റ്റർ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് വെളപ്പായ ഇടവകയിൽ പാരിഷ് ഹാളിന്റെ വെഞ്ചിരിപ്പു കർമ്മത്തിനും ദിവ്യബലിക്കും നേതൃത്വം കൊടുത്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് ബോൺ നത്താലയൊടനുബന്ധിച്ചു നടത്തുന്ന പ്രോജക്ടിന്റെ ഭാഗമായി ചുവന്നമണ്ണ് ഇടവകയിൽ നത്താലെ ഹോമിന്റെ വെഞ്ചിരിപ്പിനു കാർമ്മികത്വം വഹിച്ചു.

29. അഭിവന്ദ്യ താഴത്ത് പിതാവ് സ്ഥാപന ഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

30. ചേലക്കര ഫൊറോനയിൽ വെച്ചുനടന്ന സെമിനാറിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു.

## കരുണട്രസ്റ്റ് - വിദ്യാഭ്യാസസഹായം

അതിരൂപതയുടെ കരുണട്രസ്റ്റിൽ നിന്നും തൊഴിലധിഷ്ഠിത വിദ്യാഭ്യാസസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നു. സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ സഹായം ലഭിക്കുകയുള്ളൂ. കരുണട്രസ്റ്റിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള ഫോറം വാങ്ങണമെങ്കിൽ വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.

ആഗസ്റ്റ് മാസം 1 മുതൽ അപേക്ഷാഫോറം അതിരൂപത കാരുണ്യനിധിയുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. 2015 ആഗസ്റ്റ് 30നുള്ളിൽ അപേക്ഷാഫോറം പൂരിപ്പിച്ച് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ അതിരൂപത കാരുണ്യ പ്രോജക്ട് ഓഫീസിൽ നൽകേണ്ടതാണ്.

അപേക്ഷകൾ കൊടുക്കുന്ന/ സ്വീകരിക്കുന്ന സ്ഥലം

**കാരുണ്യനിധി/കാരുണ്യ പ്രോജക്ട് ഓഫീസ്,**
**ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ**
**(തൃശ്ശൂർ അതിരൂപത സാമ്പത്തിക കാര്യാലയത്തിനു സമീപം)**

മോൺ. ജോർജ്ജ് കോമ്പാറ
കൺവീനർ

# അതിരൂപതാ
# പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**പാരിഷ് ബുള്ളറ്റിൻ മത്സരം – മാനദണ്ഡങ്ങൾ**

അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ മൂല്യ നിർണ്ണയത്തിന് ബാധകമായിരിക്കും.

**1. മികച്ച പാരിഷ്ബുള്ളറ്റിൻ**

1.1. പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കും ഇടവിട്ട് പ്രസിദ്ധീകരിക്കുന്ന വയ്ക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും.

1.2. ഈ മത്സരത്തിലെ മൂല്യനിർണ്ണയത്തിനു മാർക്കുവിഭജനം താഴെപ്പറയും വിധമായിരിക്കും: കവർ (15%), എഡിറ്റോറിയൽ (15%), ലേ ഔട്ട് (15%), ഉള്ളടക്കം (50%) ഇതര കാര്യങ്ങൾ (5%)

**2. മികച്ച കവർ, മികച്ച എഡിറ്റോറിയൽ, മികച്ച ലേ ഔട്ട്**

2.1 ഈ മത്സരങ്ങൾ പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കുമാത്രമായിരിക്കും

2.2. മത്സരവർഷത്തിലെ 3 വ്യത്യസ്ത മാസങ്ങളിലെ ബുള്ളറ്റിനുകളായിരിക്കും പരിശോധനാവിധേയമാക്കുന്നത്. ഓരോ വിഭാഗത്തിലെയും മത്സരത്തിന് എതെല്ലാം മാസങ്ങളിലെ ബുള്ളറ്റിനുകളാണ് വിധേയമാക്കുന്നതെന്ന് താഴെ കൊടുത്തിട്ടുണ്ട്.

**3. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ, ബാലപംക്തി**

3.1. ഓരോ വിഭാഗത്തിലും ഏറ്റവും മികച്ചതായി തെരഞ്ഞെടുക്കപ്പെടുന്നതി നുമാത്രം സമ്മാനം നല്കുന്നതാണ്.

3.2. പ്രതിമാസം പ്രസിദ്ധീകരിക്കുന്നതോ അല്ലാത്തതോ എന്ന വേർതിരിവ് ഈ വിഭാഗത്തിന് ഉണ്ടായിരിക്കില്ല.

3.3. ഓരോ പാരിഷ്ബുള്ളറ്റിനിൽനിന്നും ഓരോ വിഭാഗത്തിലേക്കും ഒരു കൃതിയാണ് മത്സരത്തിന് സമർപ്പിക്കേണ്ടത്. (ഉദാ. കവിത – ഒരെണ്ണം, ലേഖനം – ഒരെണ്ണം എന്നിങ്ങനെ).

**4. ഓരോവിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണക്കപ്പെടേണ്ട ബുള്ള റ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരം തിരിച്ച് ഒരുകോപ്പി വീതം നല്കണം.**

4.1. മുല്യനിർണ്ണയത്തിനുവേണ്ടിവരുന്ന സമയം വളരെ കൂടുതലാണ്. ആതു കൊണ്ട് മികച്ച പാരിഷ്ബുള്ളറ്റിൻ മത്സരത്തിന് സമർപ്പിക്കപ്പെടുന്ന

കോപ്പികൾത്തന്നെ മറ്റു വിഭാഗങ്ങളുടെ മൂല്യനിർണ്ണയത്തിന് ഉപയോഗിക്കാനാവില്ല. അതുകൊണ്ട് ഓരോ വിഭാഗത്തിലും മത്സരത്തിനു സമർപ്പിക്കപ്പെടുന്നവ മാത്രമേ ആ വിഭാഗത്തിൽ പരിഗണിക്കപ്പെടുകയുള്ളൂ.

4.2. മികച്ച പാരിഷ്ബുള്ളറ്റിൻ മത്സരത്തിന് മത്സരവർഷത്തെ ബുള്ളറ്റിന്റെ ബൈൻഡ് ചെയ്ത് സമർപ്പിക്കണം.

4.3. മികച്ച കവർ, എഡിറ്റോറിയൽ, ലേ ഔട്ട് എന്നിവ നിർണ്ണയിക്കുന്നതിന് അതതുവിഭാഗങ്ങളിൽ ആവശ്യപ്പെടുന്ന മാസങ്ങളിലെ ബുള്ളറ്റിനുകൾമാത്രം ഒരുകോപ്പി വീതം നൽകണം.

4.4. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ, ബാലപംക്തി എന്നിവയ്ക്ക് പരിഗണിക്കപ്പെടേണ്ട കൃതികളടങ്ങുന്ന ബുള്ളറ്റിൻപേജുകൾ മാത്രം ഒരുകോപ്പി വീതം നൽകണം. അതിൽ വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധമാണ്.

4.5. മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കുന്നതാണ്.

**മികച്ച കവർ**

ഈ വിഭാഗത്തിലെ മത്സരത്തിനായി 2014 മെയ് മാസത്തെ 2 ബുള്ളറ്റിൻ നൽകേണ്ടതാണ്.

**മികച്ച എഡിറ്റോറിയൽ**

ഈ വിഭാഗത്തിലെ മത്സരത്തിനായി 2014 ജൂൺ മാസത്തെ 2 ബുള്ളറ്റിൻ നൽകേണ്ടതാണ്.

**മികച്ച ലേ ഔട്ട്**

ഈ വിഭാഗത്തിലെ മത്സരത്തിനായി 2014 ജൂലൈ മാസത്തെ 2 ബുള്ളറ്റിൻ നൽകേണ്ടതാണ്.

മത്സരത്തിനുള്ള എല്ലാ ബുള്ളറ്റിനുകളും 2015 ആഗസ്റ്റ് മാസം 30ന് മുമ്പ്

**ഫാ. ജിയോ കടവി**
**ഡയറക്ടർ, അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്**
**ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005**

എന്ന വിലാസത്തിലോ അല്ലെങ്കിൽ ആർച്ച്ബിഷപ്സ് ഹൗസിൽ നേരിട്ടോ നൽകേണ്ടതാണ്.

ജോർജ്ജ് ചിറമ്മൽ (9446424520)
സെക്രട്ടറി

**ഫാ. ജിയോ കടവി**
(9387109575)
ഡയറക്ടർ

# സാമ്പത്തിക കാര്യാലയം

**1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ**

2015 ജൂലൈ 6-ാം തിയതി മുതൽ ഇടവകകളുടെ തെരട്ട് അതിരൂപത കച്ചേരിയിൽ സമർപ്പിക്കുന്നത് ആരംഭിച്ചു. ഓരോ ഇടവകയും നിശ്ചയിച്ചിട്ടുള്ള ദിവസവും സമയവും ശ്രദ്ധിച്ച് സ്നേഹപൂർവം സഹകരിക്കണമെന്ന് ഓർമിപ്പിക്കുന്നു.

**2. സെപ്തംബർ 7-ാം തിയതി മുതലാണ് സ്ഥാപനങ്ങൾ / സംഘടനകൾ പ്രസ്ഥാനങ്ങൾ തെരട്ട് കൊണ്ടുവരേണ്ടത്.**

| | | |
|---|---|---|
| 1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | സെപ്തംബർ 7 | 10.00 am |
| 2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട് & ലിലിയൻ ഫോണ്ടസ് | സെപ്തംബർ 7 | 10.00 am |
| 3. സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | സെപ്തംബർ 7 | 11.00 am |
| 4. സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ) | സെപ്തംബർ 7 | 11.00 am |
| 5. ഹോളി ചൈൽഡ് ഹുഡ് | സെപ്തംബർ 7 | 12.00 noon |
| 6. ഫ്രാൻസിസ്കൻ അസോസിയേഷൻ | സെപ്തംബർ 7 | 12.00 noon |
| 7. കുടുംബസമ്മേളനം | സെപ്തംബർ 8 | 10.00 am |
| 8. ചൈതന്യ ക്ലീനിക് | സെപ്തംബർ 8 | 10.00 am |
| 9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | സെപ്തംബർ 8 | 11.00 am |
| 10. ഡാമിയൻ എസ്റ്റേറ്റ് | സെപ്തംബർ 8 | 11.00 am |
| 11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം | സെപ്തംബർ 8 | 12.00 noon |
| 12. ജൂബിലി മിഷൻ ഹോസ്പിറ്റൽ | സെപ്തംബർ 8 | 10.00 am |
| 13. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | സെപ്തംബർ 9 | 10.00 am |
| 14. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | സെപ്തംബർ 9 | 11.00 am |
| 15. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നേഴ്സിംഗ് | സെപ്തംബർ 9 | 11.00 am |
| 16. കെ.സി.എസ്.എൽ | സെപ്തംബർ 9 | 12.00 noon |
| 17. മാതൃസംഘം | സെപ്തംബർ 9 | 12.00 noon |
| 18. ബൈബിൾ അപ്പസ്തോലേറ്റ് | സെപ്തംബർ 10 | 10.00 am |
| 19. തൊഴിൽ അഭ്യസന പീഠം | സെപ്തംബർ 10 | 10.00 am |
| 20. സി.എൽ.എ, & സാക്രിസ്റ്റ്യൻസ് | സെപ്തംബർ 10 | 11.00 am |
| 21. സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.സി. | സെപ്തംബർ 10 | 11.00 am |
| 22. ഐ.ടി.ഐ അളഗപ്പനഗർ | സെപ്തംബർ 10 | 11.00 am |

| | | |
|---|---|---|
| 23. സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ | സെപ്തംബർ 10 | 12.00 noon |
| 24. സെന്റ്‌വിൻസെന്റ്ഡി പോൾ സൊസൈറ്റി | സെപ്തംബർ 11 | 10.00 am |
| 25. മേരി മാതാ മേജർ സെമിനാരി, മുളയം | സെപ്തംബർ 11 | 10.00 am |
| 26. ഹോം ഓഫ് ലൗ, മുളയം | സെപ്തംബർ 11 | 11.00 am |
| 27. മാർ കുണ്ടുകുളം, ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 11 | 11.00 am |
| 28. കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 11 | 12.00 noon |
| 29. സെന്റ് മേരീസ് മൈനർ സെമിനാരി | സെപ്തംബർ 11 | 12.00 noon |
| 30. കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | സെപ്തംബർ 14 | 10.00 am |
| 31. കേറ്റിസം | സെപ്തംബർ 14 | 10.00 am |
| 32. കേറ്റിസം- ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | സെപ്തംബർ 14 | 11.00 am |
| 33. കേറ്റിസം ബുക്ക് സ്റ്റാൾ | സെപ്തംബർ 14 | 11.00 am |
| 34. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | സെപ്തംബർ 14 | 12.00 noon |
| 35. ഡി.ബി.സി.എൽ.സി. | സെപ്തംബർ 14 | 12.00 noon |
| 36. ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട് | സെപ്തംബർ 14 | 12.00 noon |
| 37. സെന്റ് ജോസഫ് ബാലസദൻ, അവിണിശ്ശേരി | സെപ്തംബർ 15 | 10.00 am |
| 38. കാത്തലിക് ഇൻഫർമേഷൻ സെന്റർ | സെപ്തംബർ 15 | 10.00 am |
| 39. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | സെപ്തംബർ 15 | 11.00 am |
| 40. സി.എൽ.സി | സെപ്തംബർ 15 | 11.00 am |
| 41. അൾത്താര സംഘം | സെപ്തംബർ 15 | 11.00 am |
| 42. കെ.സി.വൈ.എം | | |
| കാത്തലിക് യൂണിയൻ | സെപ്തംബർ 15 | 12.00 noon |
| 43. ലേ ലീഡർഷിപ്പ് | സെപ്തംബർ 15 | 12.00 noon |
| 44. ലിജീയൻ ഓഫ് മേരി | സെപ്തംബർ 16 | 10.00 am |
| 45. സോഷ്യൽ ആക്ഷൻ | സെപ്തംബർ 16 | 10.00 am |
| 46. സോഷ്യൽ വെൽഫെയർ സെന്റർ | സെപ്തംബർ 16 | 11.00 am |
| 47. സോഷ്യൽ ഹൗസിംഗ് സെന്റർ | സെപ്തംബർ 16 | 11.00 am |
| 48. സേവ് എ ഫാമിലി പ്ലാൻ | സെപ്തംബർ 16 | 12.00 noon |
| 49. സ്ലം സർവീസ് | സെപ്തംബർ 16 | 12.00 noon |
| 50. മഹാജൂബിലി ട്രെയിനിംഗ് | | |
| കോളേജ്, മുള്ളൂർക്കര | സെപ്തംബർ 17 | 10.00 am |
| 51. റീജിണൽ പാസ്റ്ററൽ സെന്റർ ചേലക്കര | സെപ്തംബർ 17 | 10.00 am |
| 52. ഫാ. തച്ചുപറമ്പിൽ ഓർഫനേജ്,ചേലക്കര | സെപ്തംബർ 17 | 11.00 am |
| 53. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി | സെപ്തംബർ 17 | 11.00 am |

| | | |
|---|---|---|
| 54. സെന്റ്ജോസഫ്സ് ഹോം, പുല്ലഴി | സെപ്തംബർ 17 | 11.00 am |
| 55. സെന്റ് ജോസഫ് ഭവൻ, പുല്ലഴി | സെപ്തംബർ 17 | 12.00 noon |
| 56. ക്രൈസ്റ്റ് വില്ല പുവർ ഹോം, രാമവർമ്മപുരം | സെപ്തംബർ 17 | 12.00 noon |
| 57. ആബാ റിന്യൂവൽ സെന്റർ | സെപ്തംബർ 18 | 10.00 am |
| 58. സെന്റ് പോൾ ഗുരുകുലം, തിരുവില്വാമല | സെപ്തംബർ 18 | 11.00 am |
| 59. പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ | സെപ്തംബർ 18 | 11.00 am |
| 60. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് റിഹാബിലിറ്റേഷൻ സെന്റർ | സെപ്തംബർ 18 | 11.00 am |
| 61. പോപ്പ് ജോൺപോൾ പീസ് ഹോം, പെരിങ്ങണ്ടിയൂർ | സെപ്തംബർ 18 | 12.00 noon |
| 62. കലാസദൻ | സെപ്തംബർ 18 | 12.00 noon |
| 63. കാത്തലിക് നേഴ്സസ് ഗിൽഡ് | സെപ്തംബർ 21 | 10.00 am |
| 64. കാത്തലിക് സെന്റർ | സെപ്തംബർ 21 | 10.00 am |
| 65. പാസ്റ്ററൽ സെന്റർ | സെപ്തംബർ 21 | 11.00 am |
| 66. സാവിയോ ഹോം, മനക്കൊടി | സെപ്തംബർ 21 | 11.00 am |
| 67. പബ്ലിക് റിലേഷൻസ് ഡയോമീഡിയ | സെപ്തംബർ 21 | 12.00 noon |
| 68. എം.ഐ.ബോയ്സ് ടൗൺ, ഏങ്ങണ്ടിയൂർ | സെപ്തംബർ 21 | 12.00 noon |
| 69. എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | സെപ്തംബർ 22 | 10.00 am |
| 70. എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ | സെപ്തംബർ 22 | 10.00 am |
| 71. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ | സെപ്തംബർ 22 | 11.00 am |
| 72. ടി.ടി.ഐ., കുരിയച്ചിറ | സെപ്തംബർ 22 | 11.00 am |
| 73. ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ | സെപ്തംബർ 22 | 12.00 noon |
| 74. മദ്യവിരുദ്ധ സമിതി(ടെമ്പറൻസ് മൂവ്മെന്റ് ) | സെപ്തംബർ22 | 12.00 noon |
| 75. നെസ്റ്റ്, രാമവർമ്മപുരം | സെപ്തംബർ 23 | 10.00 am |
| 76. ഹോളി ക്രോസ് സി.ബി.എസ്.ഇ.സ്കൂൾ ആർത്താറ്റ് | സെപ്തംബർ 23 | 10.00 am |
| 77. പഴുവിൽ ധ്യാനകേന്ദ്രം | സെപ്തംബർ 23 | 11.00 am |

78. ജോതി എഞ്ചിനിയറിംഗ് കോളേജ്,
ചെറുതുരുത്തി 11.00 am

79. സെന്റ് ജോർജ്ജ് ഹോസ്റ്റൽ 11.00 am

80. സെന്റ് തോമാസ് ഹോസ്റ്റൽ 12.00 noon

81. സെന്റ് തോമാസ് കോളേജ് 10.00 am

82 സെന്റർ തോമാസ്
എജുക്കേഷൻ സെന്റർ 10.00am

83. കരിസ്മാറ്റിക് മൂവ്മെന്റ് 11.00 am

## വരവ്– ചെലവ് കണക്കുകൾ – ജൂൺ 30, 2015

| പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സീറോ മലബാർ | ഞായർ പിരിവ് |
|---|---|---|---|---|---|
| 1. ആറംപിള്ളി | – | – | – | 7760 | |
| 2. അരണാട്ടുകര | – | 94110 | – | 86325 | – |
| 3. ചെങ്ങാലൂർ | – | 26215 | 25515 | 10729 | |
| 4. ചേരുംകുഴി | – | 31600 | – | 19385 | – |
| 5. ചിറക്കാക്കോട് | – | – | – | 10100 | |
| 6. ചിയ്യാരം ഗലീലി | – | – | – | 3820 | – |
| 7. ചോറ്റുപാറ | – | – | – | 4000 | |
| 8. എൽതുരുത്ത് | – | 37000 | – | – | |
| 9. ഏങ്ങണ്ടിയൂർ | – | – | 13750 | | |
| 10 കണ്ടാണശ്ശേരി | – | – | – | 7730 | |
| 11. കാരമുക്ക് നോർത്ത് | 5367 | 10160 | – | 5000 | |
| 12 കരുമത്ര | 5285 | 13046 | – | 4820 | |
| 13. കിരാലൂർ | – | – | – | 15000 | |
| 14. കിഴുപ്പിള്ളിക്കര | – | 3450 | – | – | – |
| 15. കോനിക്കര | – | – | – | 8096 | |
| 16. കൂനംമൂച്ചി | 4700 | 25000 | – | 30400 | |
| 17. കോട്ടപ്പടി | – | – | – | 42135 | |
| 18. കുണ്ടന്നൂർ | – | 40746 | – | | |
| 19. മഡോണനഗർ | – | – | – | 17895 | |
| 20. മറ്റം | 30064 | 68055 | – | – | – |
| 21. നമ്പഴിക്കാട് | – | 9975 | | | |
| 22 നിർമ്മലപുരം | 16788 | 48397 | | | |
| 23. ഒല്ലൂക്കര | 10185 | 30550 | 5550 | 9260 | |

| | | | | | |
|---|---|---|---|---|---|
| 24 ഒല്ലൂർ | - | - | - | 88888 | |
| 25 പാലക്കൽ | - | - | - | 40865 | |
| 26. പീച്ചി | 15000 | 25000 | 3000 | 10000 | |
| 27. പെരുവല്ലൂർ | | - | - | 7545 | |
| 28 പുതുക്കാട് | - | - | - | 31620 | |
| 29. തലോർ | - | 80585 | - | - | - |
| 30 തണ്ടിലം | - | 19460 | 11830 | 10000 | - |
| 31. തൊറവ് | - | - | - | 5880 | |
| 32. വടൂക്കര | - | - | - | 24826 | |
| 33. വലക്കാവ് | - | 19530 | - | - | |
| 34. വലപ്പാട് | 63541 | - | - | - | - |
| 35. വീണ്ടശ്ശേരി | - | - | - | - | 3045 |
| 36 വെള്ളാനിക്കോട് | - | - | - | 3000 | |
| 37 വെളുത്തൂർ | - | - | - | 5480 | |
| 38. വെങ്ങിണിശ്ശേരി | 2722 | 27460 | - | - | - |
| 39. വെട്ടുകാട് | - | - | - | 14485 | |
| 40. വൈലത്തൂർ | - | - | 20000 | 15000 | |
| 41. അസ്സീസി മഠം, തൃശ്ശൂർ | - | - | - | - | 200 |

**5. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹസഹായം**

1 മരോട്ടിച്ചാൽ 5000

**5. സാമ്പത്തിക സഹായം സ്വീകരിച്ച പള്ളികൾ**

1. മരോട്ടിച്ചാൽ – 20000

**6. അതിരൂപതാ സഹായ ഫണ്ട്**

1. ഭവന നിർമ്മാണം – 8000
2. വിവാഹം – 35500
3. ചികിത്സ – 74250
4. വിദ്യാഭ്യാസം – 13000

**7. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ഭവന നിർമ്മാണം – 60000
2. ചികിത്സ – 10000

**ഫാ. ജോയ് മൂക്കൻ**

ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോജു ആളൂർ | 02 |
| ഫാ. ഫ്രാൻസിസ് ആളൂർ | 02 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 03 |
| ഫാ. വിൽസൺ പിടിയത്ത് | 03 |
| ഫാ. പോൾസൺ തട്ടിൽ | 03 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 05 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. ജിന്റോ പെരേപ്പാടൻ | 06 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 07 |
| ഫാ. സിന്റോ കരേപറമ്പൻ | 09 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 10 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 11 |
| ഫാ. ഫെക്സിൻ കൂത്തൂർ | 11 |
| ഫാ. ചാക്കോ ചെറുവത്തൂർ | 11 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 12 |
| ഫാ. ജോൺസൻ ഊക്കൻ | 12 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 14 |
| ഫാ. സൈമൺ തേർമഠം | 14 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 16 |
| ഫാ. ജോസ് വള്ളൂരാൻ | 17 |
| ഫാ. ജോൺസൻ കുണ്ടുകുളം | 17 |
| ഫാ. ഷാജു ഊക്കൻ | 18 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 18 |
| ഫാ. ജെയ്സൻ തെക്കുംപുറം | 20 |
| ഫാ. ജോസ് ആലപ്പാട്ട് | 21 |
| ഫാ. ജേക്കബ് ചെറയത്ത് | 22 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 22 |
| ഫാ. റാഫേൽ താണിശ്ശേരി | 22 |
| ഫാ. സോളി തട്ടിൽ | 23 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജോസ് ജൂനിയർ കോനിക്കര | 25 |
| ഫാ. ജേക്കബ് തൈക്കാട്ടിൽ | 25 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 26 |
| ഫാ. റോയ് ജോസഫ് വടക്കൻ | 26 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. പോൾ കള്ളിക്കാടൻ | 27 |
| ഫാ. സേവിയർ പാണേങ്ങാടൻ | 28 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 29 |
| ഫാ. ചാക്കോ ചിറമ്മൽ | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോൺ ചെമ്മണ്ണൂർ | 04 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 04 |
| ഫാ. ജോൺസൻ കുണ്ടുകുളം | 04 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 10 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 10 |
| ഫാ. ബർണാർഡ് തട്ടിൽ | 20 |
| ഫാ. ഡേവിസ് സീനയർ ചിറമ്മൽ | 21 |
| ഫാ. അഗസ്റ്റിൻ മംഗലം | 28 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 28 |
| ഫാ. ജോൺസൻ ഊക്കൻ | 29 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പൗലോസ് എടശ്ശേരി | 26 - 08 - 1891 |
| ഫാ. തോമസ് തെക്കേക്കര | 17 - 11 - 1895 |
| ഫാ. വർഗ്ഗീസ് മുത്തേടൻ | 17 - 08 - 1903 |
| ഫാ. സെബാസ്റ്റ്യൻ ചിറമ്മൽ അവറാൻ | 15 - 08 - 1917 |
| മോൺ. ജോൺ പാലോക്കാരൻ | 19 - 08 - 1948 |
| ഫാ. ജോർജ്ജ് തൈവളപ്പിൽ | 15 - 08 - 1950 |
| ഫാ. ജോസ് പറമ്പൻ സീനിയർ | 17 - 08 - 1954 |
| ഫാ. ജേക്കബ് പനക്കൽ | 04 - 08 - 1955 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 07 - 08 - 1955 |
| ഫാ. ജോർജ്ജ് പാനികുളം | 14 - 08 - 1957 |
| ഫാ. ആൻഡ്രൂസ് ചൊവ്വല്ലൂർ | 21 - 08 - 1961 |
| ഫാ. ജോൺ ചിറമ്മൽ സീനിയർ | 03 - 08 - 1968 |
| ഫാ. ജോർജ്ജ് മാളിയേക്കൽ സീനിയർ | 27 - 08 - 1968 |
| ഫാ. ജോസഫ് തറയിൽ | 11 - 08 - 1969 |
| ഫാ. ജേക്കബ് ആളൂർ | 11 - 08 - 1975 |
| ഫാ. ജോസഫ് ചക്കാലമറ്റം | 25 - 08 - 1978 |
| ഫാ. ജേക്കബ് വടാശ്ശേരി | 26 - 08 - 1978 |
| ഫാ. ജോസഫ് പുളിക്കൻ | 09 - 08 - 1979 |
| ഫാ. ജോസഫ് തോട്ടുങ്കൽ | 12 - 08 - 1988 |
| ഫാ. ജോർജ്ജ് ആലങ്ങാടൻ | 30 - 08 - 1994 |
| ഫാ. ജേക്കബ് ചാലക്കൽ | 08 - 08 - 2001 |
| ഫാ. പോൾ പൂവ്വത്തിങ്കൽ | 13 - 08 - 2005 |
| ഫാ. പോൾ അരിക്കാട്ട് | 16 - 08 - 2005 |
| ഫാ. ആന്റണി പൊറത്തൂർ | 04 - 08 - 2007 |
| ഫാ. ജെയിംസ് ആളൂർ | 17 - 08 - 2009 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

31.05.2015 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രോവിൻസിലെ 4 അർത്ഥിനികൾ കാനോനിക നൊവീഷ്യേറ്റിൽ പ്രവേശിച്ചു.

01.06.2015 സി.എം.സി. SSLC, +2 പരീക്ഷകൾക്ക് 100% വിജയം കരസ്ഥമാക്കിയ CMC മാനേജ്മെന്റിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപികമാരെയും സ്റ്റാഫ് അംഗങ്ങളെയും എഡ്യുക്കേഷൻ കൗസിലർ സി.ജസ്ലിൻ, കോർപ്പറേറ്റ് മാനേജർ സി.ലിസ്ജോ എിവർ അനുമോദിച്ചു.

എഫ്. സി. സി. സി. സ്റ്റെൽജോ പാലക്കാട് സീനായ് ധ്യാനകേന്ദ്രത്തിൽ ശുശ്രൂഷയിലും സി. ഉഷ പാലയൂർ ആലുവയിൽ രണ്ടുമാസത്തെ പ്രാർത്ഥനയിലും സംബന്ധിച്ചുകൊണ്ടിരിക്കുന്നു.

02.06.2015 എസ്.എ.ബി.എസ്. ദിവ്യകാരുണ്യ ആരാധനാ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകപിതാവ് ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ 90-ാം ചരമവാർഷികത്തോടനുബന്ധിച്ച് ചങ്ങനാശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ നടന്ന വി.കുർബാനയിലും ശ്രാദ്ധ ഊട്ടിലും സിസ്റ്റേഴ്സ് പങ്കെടുത്തു. തദവസരത്തിൽ വികർ പ്രൊവിൻഷ്യൽ ഡോ. സി. സോഫി പെരേപ്പാടൻ രചിച്ച 'Venerable Mar Thomas Kurialacherry - Life and Virtues', മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ ഇടയലേഖനസംഹിതയുടെ ഇംഗ്ലിഷ് പരിഭാഷ – Pastoral Letters of Mar Thomas Kurialassery എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്തു.

എഫ്. സി. സി. എം.എം.ബി. സുപ്പീരിയർ ജനറൽ ബ്രദർ ഫ്രാങ്കോയുടെ പിതാവിന്റെ പെട്ടെുള്ള നിര്യാണത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയും ടീമംഗങ്ങളും അദ്ദേഹത്തിന്റെ ഭവനം സന്ദർശിച്ച് അനുശോചനമറിയിച്ചു.

03.06.2015 എസ്.എ.ബി.എസ്. സി. ആനീസ് വടക്കേപീടികയുടെ അമ്മയുടെ മൃതസംസ്ക്കാരശുശ്രൂഷകളിൽ മദർ ലിറ്റിൽ മരിയ തെക്കേക്കരയും ധാരാളം സിസ്റ്റേഴ്സും പങ്കെടുത്തു.

04.06.2015 എഫ്. സി. സി. എം.എം.ബി. പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് പ്രൊവിൻഷ്യൽ ടീമുകൾക്കായി നടത്തിയ റിന്യൂവൽ

പ്രോഗ്രാമിൽ സി. റോസ് അനിത ക്ലാസ്സിന് നേതൃത്വം വഹിച്ചു.

എസ്.എ.ബി.എസ്. വിശുദ്ധ കുർബാനയുടെ തിരുാൾദിനം 'Congregation Day' സമുചിതമായി ആഘോഷിച്ചു. വിശുദ്ധ ബലി മദ്ധ്യേ എല്ലാ സഹോദരിമാരും വ്രതനവീകരണം നടത്തി.

05.06.2015 എഫ്. സി. സി. എരവിമംഗലം ഇടവകയിൽ ദൈവജന ത്തോടൊപ്പമായിരിക്കാൻ ആഗ്രഹിച്ചുകൊണ്ട് മൂന്ന് സിസ്റ്റേഴ്സ് തൽക്കാലത്തേക്ക് ഇടവകയിലെ ഒരു ഭവനത്തിൽ താമസമാ രംഭിച്ചു.

06.06.2015 സി.എച്ച്.എഫ്. കുഴിക്കാട്ടുശ്ശേരി വാ. മറിയം ത്രേസ്യയുടെ തിരു നാളിന് ഒരുക്കമായി 6-ാം ദിവസത്തെ പരിപാടികൾക്ക് തൃശ്ശൂർ നവജ്യോതി പ്രോവിൻസ് നേതൃത്വം നൽകി. തൃശ്ശൂർ അതിരൂ പത വികാർ ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയുടെ മുഖ്യകാർമ്മീകത്വത്തിൽ ദിവ്യബലിയർപ്പിച്ചു വചനസന്ദേശം നൽകി. നവജ്യോതി പ്രൊവിൻഷ്യൽ സി. മേഴ്സി പോൾ ദീപം തെളിച്ച് പരിപാടികൾ ആരംഭിച്ചു.

എഫ്. സി. സി. എല്ലാ ഭവനങ്ങളിലെയും ലോക്കൽ സുപ്പീ രിയേഴ്സ്, പ്രൊവിൻഷ്യൽ പ്ലീനറി അംഗങ്ങൾ എന്നിവരെ യെല്ലാം ചേർത്ത് പ്രൊവിൻഷ്യൽ ടീമിന്റെ നേതൃത്വത്തിൽ ഒരു വിനോദയാത്ര സംഘടിപ്പിച്ചു. എഴുപതോളം സിസ്റ്റേഴ്സ് അതിൽ സംബന്ധിച്ചു.

എസ്.എ.ബി.എസ്. ആലുവായിലുള്ള ജനറലേറ്റ് ഹൗസ് 'Cenacle' ന്റെ സുവർണ്ണജൂബിലിയാഘോഷങ്ങളിൽ ബ. പ്രൊ വിൻഷ്യാളമ്മയും സിസ്റ്റേഴ്സും സംബന്ധിച്ചു.

സി.എസ്.എം. ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിലെ സുപ്പീരിയേഴ്സ് മീറ്റിംഗിൽ സി.എസ്.എം ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ സി. ബിയാട്രിസ് സംബന്ധിച്ചു.

07.06.2015 എഫ്. സി. സി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് പ്രൊവിൻഷ്യൽ പ്ലീനറി കൗസിൽ അംഗങ്ങളുടെ മീറ്റിംഗ് നടന്നു.

എസ്.എ.ബി.എസ്. പടവരാട് നൊവീഷ്യേറ്റ് ഭവനത്തിൽ 'Parents' Day' നടത്തി. മദർ ലിറ്റിൽ മരിയ തെക്കേക്കര, സി. സോഫി പെരേപ്പാടൻ എന്നിവർ സംബന്ധിച്ചു.

KCMS, KCBC മീറ്റിംഗിൽ സുപ്പിരീയർ ജനറൽ ബഹു. സി.ലു സീന സി.എസ്.സി, കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ സുപ്പീ രിയർ ബഹു. സി. സിംഫോറിയ, മദർ ലിറ്റിൽ മരിയ തെക്കേ

ക്കര SABS എന്നിവർ സംബന്ധിച്ചു.

സി.എസ്.എം. കൊളേങ്ങാട്ടുകര മരിയ ഭവനിലെ പോസ്റ്റുലൻസിയിലേയ്ക്ക് നാലു കുട്ടികൾ പ്രവേശിച്ചു.

09.06.2015 കാക്കനാട് വെച്ച് നടന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത എഫ്.സി.സി. സി.എസ്.എം. അസി. പ്രൊവിൻഷ്യൽ സി. മെറിൻ ആന്റോ എന്നിവർ സംബന്ധിച്ചു.

10.06.2015 എസ്.എ.ബി.എസ്. സി. ലീ ജോസ് , സി. മെറിൻ റോസ് , സി. ഡാലി ജോസ് എന്നിവർ ചങ്ങനാശ്ശേരിയിലെ പച്ചയിൽ 52 ദിന ധ്യാനത്തിൽ പങ്കെടുക്കുന്നു.

എസ്.എ.ബി.എസ്. Congregation തലത്തിലുള്ള വില്ലേജ് ഡവലപ്പ്മെന്റ് പരിപാടിയുടെ ഭാഗമായി തൃശൂർ നിർമ്മൽറാണി പ്രോവിൻസിന്റെ നേതൃത്വത്തിൽ 3 ദിവസത്തെ സെമിനാർ മരോട്ടിച്ചാൽ ഭവനസമൂഹത്തിൽ വച്ച് നടത്തി. ഇടവക വികാരി റവ. ഫാ. ലിറിൽ തളിയമ്പറമ്പിൽ ഉദ്ഘാടനം ചെയ്തു, മദർ ലിറ്റിൽ മരിയ തെക്കേക്കര, ജനറൽ കൗൺസിലർ സി. കൊച്ചുത്രേസ്യ പെരേപ്പാടൻ, പ്രൊവിൻഷ്യൽ കൗൺസിലർ സി. റോസിലി മഞ്ഞളി എന്നിവർ നേതൃത്വം കൊടുത്ത ഈ സെമിനാറിൽ വിവിധ പ്രോവിൻസുകളിൽ നിന്നും സിസ്റ്റേഴ്സ് സംബന്ധിച്ചു. അഡ്വ. സി.ആലീസ് നെല്ലിക്കുന്നത്ത് SABS, റവ.ഫാ. വർഗീസ് കരിപ്പേരി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

എഫ്. സി. സി. ജൂൺ 10-ാം തീയതി മുതൽ വേലൂർ FATRI യിലെ കൗൺസിലിംഗ് കോഴ്സിൽ 6 സിസ്റ്റേഴ്സ് സംബന്ധിക്കുന്നു.

എഫ്. സി. സി. ആദ്യവ്രതവാഗ്ദാനത്തിനൊരുക്കമായി മുട്ടുച്ചിറയിൽ വെച്ച് നടക്കുന്ന 30 ദിവസധ്യാനത്തിൽ രണ്ടാം വർഷ നോവീസസ് സംബന്ധിക്കുന്നു.

12.06.2015 സി.എസ്.എം. പൊന്നുക്കര നടത്തിയ തിരുഹൃദയ ആരാധനയിൽ സി.എസ്.എം. പ്രൊവിൻഷ്യൽ & ടീം പങ്കെടുത്തു.

13.06.2015 പാസ്റ്ററൽ കൗൺസിലിൽ CHF,CSC,SABS,CSM Provincial Superiors, CSC Superior General തുടങ്ങിയവർ പങ്കെടുത്തു.

എഫ്. സി. സി. പ്രോവിൻസിലെ ഓരോ ഭവനത്തിലും പരിഹാരദിനം ആചരിച്ചു.

എഫ്. സി. സി. പ്രൊവിൻഷ്യൽ വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ ജാഗരണപ്രാർത്ഥന കുട്ടംകുളം ആബ്ബാ

കോവെന്റിൽ വെച്ച് നടത്തി.

എസ്.എ.ബി.എസ്. സെക്കന്റിയർ നോവിസസ് പാലയൂർ, വേലൂപ്പാടം എന്നീ ഭവനസമൂഹങ്ങളിൽ റീജിയൻസി നടത്തുന്നു.

14.06.2015 സി.എം.സി. അമ്മാടം ക്രിസ്തുജയന്തി കോൺവെന്റിൽ ക്യാമ്പിൽ സംബന്ധിച്ചു കൊണ്ടിരിക്കുന്ന പ്രീ കാന്റിഡേറ്റ്സിനെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഓമർ സന്ദർശിച്ചു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻസിലെ സിസ്റ്റേഴ്സ്, രാമനാഥപുരം രൂപത സമർപ്പിതവർഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സന്യസ്ത സംഗമത്തിൽ അവിടെ ശുശ്രൂഷ ചെയ്തിരുന്ന സിസ്റ്റേഴ്സ് പങ്കെടുത്തിരുന്നു.

എസ്.എ.ബി.എസ്. മദർ ലിറ്റിൽ മരിയ തെക്കേക്കര, ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ കാനോനിക സന്ദർശനം നടത്തി.

16.06.2015 സി.എച്ച്.എഫ്. IFDF വടൂക്കരയിൽ നടത്തിയ ജനറൽ ബോഡി മീറ്റിങ്ങിൽ നവജ്യോതി പ്രൊവിൻഷ്യലും കൗസിലേഴ്സും പങ്കെടുത്തു.

20.06.2015 സി.എം.സി. ഉപകാരികളെ പ്രത്യേകം അനുസ്മരിച്ചുകൊണ്ട് വർഷം തോറും നടത്തി വരാറുള്ള 13 മണിക്കൂർ ആരാധന പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.

എഫ്. സി. സി. അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ സ്കൂളിലെയും അൽഫോൻസ ഗാർഡന്റെ ചാർജ്ജ് വഹിക്കുന്ന അധ്യാപകരുടെ മീറ്റിംഗ് സെന്റ് ക്ലെയേഴ്സ് സ്കൂളിൽ വെച്ച് നടന്നു. അൽഫോൻസ ഗാർഡന്റെ ഉദ്ഘാടനകർമ്മം പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത നിർവ്വഹിച്ചു.

എഫ്. സി. സി. ജൂൺ മാസത്തിലെ ഉപവാസപ്രാർത്ഥനാസമ്മേളനം ബ്രഹ്മകുളം സെന്റ് ക്ലെയേഴ്സ് മഠത്തിൽ വെച്ച് നടന്നു.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോഫ്രൻസ് നടന്നു. ചർച്ചകളും ക്ലാസ്സുകളും ഈ ദിനത്തെ കൂടുതൽ സജീവമാക്കി.

എസ്.എ.ബി.എസ്. സി. ടെസ്മി തെക്കിനിയത്ത്, ജനറലേറ്റിൽ 40 ദിന ധ്യാനത്തിൽ പങ്കെടുക്കുന്നു.

21.06.2015 എഫ്. സി. സി. 2015 ജൂൺ 21-ാം തീയതി ഞായറാഴ്ച രാവിലെ 10 am മുതൽ 4 pm വരെ അസ്സീസിയിൽ വെച്ച് നട FCC Health Care Fraternity മീറ്റിംഗിൽ ആതുരശുശ്രൂഷാരംഗത്ത്

പ്രവർത്തിക്കുന്ന എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.

22.06.2015 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി.സിംഫോറിയ രാമനാഥപുരം രൂപതാമെത്രാൻ അഭിവന്ദ്യ മാർ പോൾ ആലപ്പാട്ടിനെ സന്ദർശിച്ച് നാമഹേതുക തിരുനാൾ ആശംസകൾ നേർന്നു.

എഫ്. സി. സി. സി. ഗ്ലാഡി മരിയ ആലുവയിൽ ഒരു വർഷത്തെ മധ്യസ്ഥ പ്രാർത്ഥനക്കായി പോയി.

23.06.2015 സി.എം.സി. സമർപ്പിതവർഷത്തോടനുബന്ധിച്ച് മൗണ്ട് സെന്റ് തോമാസ് , കാക്കനാട് സംഘടിപ്പിച്ച ' ജൂനിയേഴ്സ് മീറ്റിൽ' ഈ വർഷം വ്രതമെടുത്ത ജൂനിയേഴ്സ് പങ്കുകൊണ്ടു.

സി.എച്ച്.എഫ്. സമർപ്പിത വർഷത്തോടനുബന്ധിച്ച് കാക്കനാട് സെ. തോമസ്സ് മൗണ്ടിൽ അഭിവന്ദ്യ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിൽ നടത്തിയ ഏകദിനപഠനശിബിരത്തിൽ നവജ്യോതി പ്രൊവിൻസിൽ നിന്നും 8 ജൂനിയർ സിസ്റ്റേഴ്സ് പങ്കെടുത്തു.

26.06.2015 സി. എം. സി. റൂബി ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനായി ഒരാഴ്ചത്തെ കോഴ്സ് കോതമംഗലം സാൻജോ ഭവനിൽ വച്ച് നടത്തുകയും എല്ലാപ്രോവിൻസുകളിൽനിും സിസ്റ്റേഴ്സ് പങ്കുകൊള്ളുകയും ചെയ്തു.

എഫ്. സി. സി. അസ്സീസിയിൽ വെച്ച് നടന്ന 1994 ബാച്ചിന്റെ ജാഗരണപ്രാർത്ഥനയിൽ എല്ലാവരും പങ്കെടുത്തു.

27.06.2015 സി.എം.സി. ഈ വർഷത്തെ ഗോൾഡൻ ജൂബിലേറിയൻസിന് ഒരു ദിവസത്തെ ഓറിയന്റേഷൻ പ്രോഗ്രാം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തുകയും ഫാ.റിജോ പയ്യപ്പിള്ളി സി.എം.ഐ ക്ലാസ്സെടുക്കുകയും ചെയ്തു.

28.06.215 സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ സന്യാസഅർത്ഥിനികൾ, പ്രൊവിൻഷ്യൽ സി.മേഴ്സി പോളിന്റെ നേതൃത്വത്തിൽ നടത്തിയ പ്രാർത്ഥനാ സമ്മേളനത്തോടെ കാന്റിഡസിയിലേയ്ക്ക് പ്രവേശിച്ചു.

29.06.2015 എസ്.എ.ബി.എസ്. വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനമായ ഇന്ന് 'സീനിയേഴ്സ് ഡേ' ആഘോഷിച്ചു. പരിപാടികൾക്ക് ജൂണിയർ സിസ്റ്റേഴ്സ് നേതൃത്വം നൽകി, Formees വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

30.06.2015 സി.എസ്.എം. ലൂർദ്ദ് നാഥ പ്രൊവിൻഷ്യൽ ഹൗസിൽ ഏർപ്പെടുത്തിയ മദേഴ്സ് മീറ്റിംഗിൽ 27 പേർ പങ്കെടുത്തു.

**ആദരാഞ്ജലികൾ**



ഒളരിക്കര ഹോളി ഫാമിലി ഭവനാംഗമായ സി. ഹ്യുമിലിയാറ്റ സി.എച്ച്.എഫ്. സ്വർഗ്ഗസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൃതസംസ്ക്കാര ശുശ്രൂഷ വികാർ ജനറാൾ മോ.ജോർജ്ജ് എടക്കളത്തൂരിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

**സി.ജോസഫൈൻ പാലത്തിങ്കൽ എസ്.എ.ബി.എസ്**
സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

### മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

വത്സലമക്കളേ,

പഠനമെല്ലാം ദൈവകൃപയാൽ നന്നായി മുന്നോട്ടു പോകുന്നുവെന്ന് കരുതുന്നു. 'പ്രകൃതി അത് നമ്മുടെ കടമയുടെ ഭാഗമാണെന്തും നമ്മൾ മറക്കരുത്. നമ്മുടെ കാലാവസ്ഥയിലെ വ്യതിയാനങ്ങൾ നമ്മെ ആകുലപ്പെടുത്തുന്നുണ്ട്. അതിനാൽ നല്ല കാലാവസ്ഥ ലഭിക്കാൻ നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. അതുപോലെ ഈ മഴക്കാലത്ത് ചുരുക്കം ചില കുടുംബങ്ങളിൽ വേദനകളും കഷ്ടപ്പാടുകളും അനുഭവിക്കുന്നവരുണ്ട്. അവർക്ക് നമ്മളാലാവുംവിധം സഹായങ്ങൾ നൽകുവാനും നമുക്ക് സാധിക്കണം. കൂട്ടുകാരുടെ ഭവനങ്ങൾ മഴയത്ത് ചോരുന്നതാണെങ്കിൽ അവരെ സഹായിക്കാൻ നമുക്ക് കഴിയണം. അങ്ങനെ നമ്മുടെ വിശ്വാസവും ക്രൈസ്തവമൂല്യങ്ങളും ജീവിതത്തിലൂടെ പ്രഘോഷിക്കണം.

അനുദിനജീവിതത്തിലൂടെ ക്രിസ്തുവിനെ പ്രഘോഷിച്ചവരാണ് വിശുദ്ധർ. ദൈവസ്നേഹത്തെപ്രതിയും വിശ്വാസത്തിനുവേണ്ടിയും രക്തസാക്ഷിത്വം വരിച്ചവരുടെ രക്തത്തിൽ കുതിർന്ന മണ്ണാണ് സഭയുടേത്. അവിടെ വിശ്വാസം തഴച്ചു വളരുകതന്നെ ചെയ്യും. ആഗസ്റ്റ് 14ന് സഭാമാതാവ് വി. മാക്സ്മില്യൻ കോൾബെയുടെ തിരുനാൾ ആഘോഷിക്കുകയാണ്. **2013 ഒക്ടോബറിൽ പോളണ്ടിലെ ഔഷ്റ്റ്സ് വിച്ച് നാസി തടങ്കൽ പാളയം സന്ദർശിക്കാൻ ഒരു അവസരം ലഭി**

**ച്ചു. വി. മാക്സ് മില്യൻ കോൾബെയെ പട്ടിണിക്കിട്ട് അവസാനം വിഷം കുത്തിവച്ച് കൊലപ്പെടുത്തിയ ആ ചെറിയ മുറി ഇന്നും നാസി പട്ടാളത്തിന്റെ ക്രൂരതയുടെ സ്മാരകമായി ഇന്നും അവശേഷിക്കുന്നു. വി. മാക്സ് മില്യൻ കോൾബെയുടെ മരണം അതിദാരുണമായിരുന്നുവെന്ന് ആ സന്ദർശനം വഴി നേരിട്ട് മനസ്സിലാക്കാൻ സാധിച്ചു.** തടവറയിൽ വെച്ച് സ്വജീവൻ സഹോദരനായി ഹോമിച്ച ഈ പുണ്യാത്മാവിനെ നിങ്ങൾക്ക് പരിചയപ്പെടുത്താം. അദ്ദേഹം 1894 ജനുവരി 17 പോളണ്ടിൽ ജനിച്ചു. രണ്ടാം ലോകമഹായുദ്ധകാലത്ത് നാസി പടയാളികൾ അദ്ദേഹത്തെ പിടികൂടുകയും ഔഷ്റ്റ്സ്വിച്ച് എന്ന തടങ്കൽ പാളയത്തിൽ അടയ്ക്കുകയും ചെയ്തു. ആ നാസി തടങ്കൽ പാളയ അങ്കണത്തിൽ നിരന്നു നില്ക്കുന്ന തടവുപുള്ളികളിൽ നിന്ന് 10 പേരെ പട്ടിണിക്കിട്ട് കൊല്ലാനായി നാസി പട്ടാളക്കാർ തെരഞ്ഞെടുത്തു. പത്താമനായി മാറ്റിനിർത്തപ്പെട്ട ഗയോണിഷെക് വാവിട്ട് നിലവിളിച്ചു. അയാളെ ചൂണ്ടി മാക്സ്മില്യൻ കോൾബെ പറഞ്ഞു: 'ആ മനുഷ്യനു പകരം ഞാൻ മരിക്കാം'. അവിടെ വച്ച് ആ ജയിൽപ്പുള്ളിക്കുവേണ്ടി 1914 ആഗസ്റ്റ് 14ന് സ്വന്തം ജീവൻ അദ്ദേഹം ഹോമിക്കുകയും ചെയ്തു. സഹനത്തിനിടയിൽ പ്രാർത്ഥിച്ച് ദൈവത്തെ കണ്ടെത്തുവാനും ദൈവ സാമീപ്യത്തിൽ സ്വർഗ്ഗീയാനന്ദം അനുഭവിക്കാനും അദ്ദേഹം സഹതടവുകാരെ പരിശീലിപ്പിച്ചു. സ്വജീവനേക്കാൾ സഹോദരന്റെ ജീവന് വില കല്പിച്ച ക്രിസ്തുവിന്റെ ഉത്തമപിൻഗാമിയാണ് വി. മാക്സ്മില്യൻ കോൾബെ. ഈ വിശുദ്ധൻ സഹനം ക്രിസ്തുശിഷ്യന്റെ അവകാശമാണ് നമ്മെ പഠിപ്പിച്ചു.

ജീവിതസഹനങ്ങളുടെ മധ്യത്തിലും ക്രിസ്തുവിനെ പ്രഘോഷിച്ച ധാരാളം വിശ്വാസികൾ നമ്മുടെ ഇടയിലുമുണ്ട്. ഇറാക്കിലും സിറിയായിലും ക്രൈസ്തവവിശ്വാസികൾക്കെതിരെ നടന്നുകൊണ്ടിരിക്കുന്ന പീഡനങ്ങൾ മാധ്യമങ്ങളിലൂടെ നമുക്ക് അറിയാൻ സാധിക്കും. അവരുടെ ജീവിതം നമുക്കെന്നും പ്രചോദനമാകണം. 38 രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഇന്റർനാഷണൽ സൊസൈറ്റി ഫോർ ഹ്യൂമൻറൈറ്റ്സ് എന്ന സംഘടനയുടെ 2012ലെ കണക്കനുസരിച്ച് മതവിശ്വാസത്തിന്റെ പേരിൽ ഇന്നും ലോകത്തെ 139 രാജ്യങ്ങളിൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നു. ഒരുവർഷം ലോകത്ത് ഒരുലക്ഷത്തോളം ക്രൈസ്തവർക്ക് മതപീഡനത്തിന്റെ ഫലമായി ജീവൻ നഷ്ടപ്പെടുത്തുന്നു എന്ന് ആ കണക്കിൽ പറയപ്പെടുന്നു. ആദിമകാലങ്ങളിൽ നടന്ന അതിക്രൂരമായ

ക്രൈസ്തവപീഡനങ്ങൾക്ക് ക്രൈസ്തവർ വിധേയരായതും രക്തസാക്ഷികളുടെ നിണം വിശ്വാസസംരക്ഷണത്തിന് വളമായതുമൊക്കെ അപ്പസ്തോലപ്രവർത്തനങ്ങളിൽനിന്നും സഭാചരിത്ര ഗ്രന്ഥങ്ങളിൽനിന്നും വായിച്ചു മനസ്സിലാക്കാവുന്നവരാണ് നമ്മൾ. എന്നാൽ അതിനുശേഷവും ചരിത്രം ആവർത്തിക്കപ്പെടുന്നു എതാണ് സത്യം.

വിശ്വാസത്തിനുവേണ്ടി ജീവൻ ബലികൊടുക്കേണ്ട സാഹചര്യം നമുക്കു മുമ്പിലില്ലെങ്കിലും വിശ്വാസത്തിനു വേണ്ടി ജീവിക്കേണ്ട സാഹചര്യമാണ് നമുക്കുള്ളത്. സഭയുടെ വിശ്വാസസത്യങ്ങളെ കടന്നാക്രമിക്കുന്നവർക്ക് നമ്മുടെ ജീവിതത്തിലൂടെ ഉത്തരം നൽകാൻ സാധിക്കണം. കുഞ്ഞുമക്കളെ നിങ്ങളുടെ ജീവിതത്തിലും ബുദ്ധിമുട്ടുകളും സഹനങ്ങളും സങ്കടങ്ങളും ഉണ്ടായേക്കാം. എന്നാൽ ഇവയ്ക്കെല്ലാം മധ്യേ ക്രിസ്തുവും നമ്മോടൊപ്പം എന്നുമുണ്ടെന്ന് മറക്കരുത്. "എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് എന്റെ പിന്നാലെ വരട്ടെ" (മത്താ. 16:24) എന്നു പറഞ്ഞ ക്രിസ്തുവിനെ സ്വന്തം സഹനങ്ങളോടെ അനുഗമിക്കാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവരായ നമ്മൾ. പഠനത്തിലുള്ള നിങ്ങളുടെ ബുദ്ധിമുട്ടുകളും കൂട്ടുകാരിൽ നിന്നുണ്ടാകുന്ന വേദനകളും ഈശോയെപ്രതി സ്വീകരിക്കാൻ കഴിയണം. പാവപ്പെട്ടവരെ ആശ്വസിപ്പിക്കാൻ ഇറങ്ങി രക്തസാക്ഷിത്വം വരിച്ച ഗ്രഹാം സ്റ്റെയിൻസും സി. റാണി മരിയയും മറ്റും ഇന്ന് ലോകത്തോട് വിളിച്ചോതുന്ന സന്ദേശം മറ്റൊന്നുമല്ല. നമ്മെ അത്രമാത്രം സ്നേഹിക്കുന്ന ഈശോയ്ക്കുവേണ്ടി ജീവിക്കുവാൻ നാം തയ്യാറാകണം. മണ്ണിലലിയുന്ന മനുഷ്യനെ നോക്കി ദൈവം തടിതപ്പുകയാണോയെന്ന് ഈശ്വരനിഷേധികൾ ചോദിക്കാറുണ്ട്. അതിന് യേശുവിന്റെ ഉത്തരമിതാണ്. തടിതപ്പുകയല്ല, തടിയിൽ തൂങ്ങി കിടക്കുകയാണ്. നമുക്കുവേണ്ടി നമ്മോടൊപ്പം സഹിക്കുന്ന ഒരു ക്രിസ്തുവുണ്ട് നമ്മൾ മറക്കരുത്. അങ്ങനെ സഹനത്തിന്റെ മധ്യേ ക്രൈസ്തവവിശ്വാസം പ്രഘോഷിക്കാൻ നമുക്കു സാധിക്കണം.

ആഗസ്റ്റ് മാസം ഇന്ത്യക്കാരായ നമ്മെ സംബന്ധിച്ച് അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും ഓർമ്മപ്പെടുത്തലിന്റെ സുദിനങ്ങളാണ്. നമ്മുടെ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെ എല്ലാ മംഗളങ്ങളും നേരുന്നു. മതേതരത്വത്തിന്റെ വലിയ സന്ദേശം ഈ ലോകത്തിന്റെ മുമ്പിൽ പ്രഘോഷിച്ച നമ്മുടെ ഇന്ത്യയിൽ മതതീവ്രവാദം നിരീ

ശ്വരവാദവും കൂടിവരുന്നതായി മനസ്സിലാക്കുന്നു. നിരീശ്വരവാദവും മത തീവ്രവാദവും ഒരുപോലെ മതേതരത്വത്തെ ആക്രമിക്കുന്നു. ഇന്ത്യ യുൾപ്പെടെ ലോകത്ത് പലയിടത്തും മതന്യൂനപക്ഷങ്ങൾ നിസ്സഹായ രായി സഹിക്കുമ്പോൾ ഭരണകൂടങ്ങൾ നിസ്സംഗരായ കാഴ്ചക്കാരായി നോക്കി നില്ക്കുന്നു. മതേതരത്വത്തിന്റെ അടിത്തറയിൽ പണിയപ്പെട്ടി രിക്കുന്ന രാജ്യത്തിന്റെ തലസ്ഥാനത്ത് ഓരോ പള്ളിയും മഠവും ആക്ര മിക്കപ്പെടുമ്പോൾ മതതീവ്രവാദം എവിടെയെത്തിയിരിക്കുന്നുവെന്നത് നാം ഗൗരവമായി ചിന്തിക്കണം. ഒന്നു നാം മനസ്സിലാക്കണം. മനുഷ്യനെ മറന്നുകൊണ്ടുള്ള ദൈവസ്നേഹം മതതീവ്രവാദമാണ്. അതുപോലെ തന്നെ ദൈവത്തെ മറന്നുകൊണ്ടുള്ള മനുഷ്യസ്നേഹം നിരീശ്വരത്വ വുമാണ്. ആയതിനാൽ ദൈവസ്നേഹത്തിലും മനുഷ്യസ്നേഹത്തിലും അടിയുറച്ച ക്രൈസ്തവമക്കളായി തീരുവാൻ സാധിക്കണം. ക്രൈ സ്തവമക്കളായ നമുക്ക് ജീവിതത്തിൽ എങ്ങനെ ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ പറ്റുമെന്ന് നിങ്ങൾ ചർച്ച ചെയ്യണം.

1. ആരാണ് രക്തസാക്ഷികൾ? രക്തസാക്ഷികളുടെ ചുടുനിണം സഭ യുടെ ബീജമെന്ന് പറഞ്ഞതിന്റെ അർത്ഥമെന്ത്?

2. നിങ്ങൾക്ക് ഇഷ്ടപ്പെട്ട രക്തസാക്ഷികൾ ആര്? സെന്റ് സെബാ സ്റ്റ്യന്റെ തിരുനാൾ നമുക്ക് നൽകുന്ന സന്ദേശം എന്ത്?

3. "നമുക്കും അവനോടുകൂടെ പോയി മരിക്കാം" (യോഹ. 11: 16) എന്നു പറഞ്ഞ തോമാശ്ലീഹായുടെ വിശ്വാസധീരത നമുക്ക് എങ്ങനെ പ്രായോഗികമാക്കാൻ കഴിയും?

4. കുരിശില്ലാതെ കിരീടമില്ല. "ജീവൻ നൽകുന്നതിനേക്കാൾ വലിയ സ്നേഹമില്ല (യോഹ. 15:13). "സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്ന വൻ അത് കണ്ടെത്തുന്നു" (മത്താ. 16:25). എന്നു പറഞ്ഞതിന്റെ അർത്ഥമെന്ത്?

5. ഇന്നിന്റെ പ്രത്യയശാസ്ത്രങ്ങളിൽ എന്തും ഏതും എങ്ങനെ വേണ മെങ്കിലും അവതരിപ്പിക്കപ്പെടുന്ന മാധ്യമസംസ്കാരത്തിൽ ക്രൈസ്തവമൂല്യങ്ങൾക്കുവേണ്ടി നിലനില്ക്കുവാൻ നിങ്ങൾക്കു സാധിക്കുമോ?

നമുക്ക് ഉത്തമക്രൈസ്തവമക്കളായി തീരുവാൻ പരിശ്രമിക്കാം. നമുക്കു ചുറ്റും പ്രതിസന്ധികൾ ഏറെയുണ്ടെങ്കിലും വിശ്വാസത്തിൽ

പ്രത്യാശയർപ്പിക്കാം. ഇറാക്കിലെ പീഢനങ്ങളെ അതിജീവിച്ച സിസ്റ്റർ ജർമ്മയുടെ വാക്കുകൾ നമുക്ക് പ്രചോദനമാകണം. “ഞങ്ങളുടെ ജീവൻ ദൈവകാരുണ്യം കൊണ്ടുമാത്രമാണ് നിലനില്ക്കുന്നത്. സ്വത്തും പണവും ഭവനവും എല്ലാം ഐ. എസ്. ഭീകരർ തട്ടിയെടുത്തു. എല്ലാം നഷ്ടമായെങ്കിലും ഒന്നുമാത്രം ഇന്നുമുണ്ട്. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം”. നമ്മുടെ ജീവിതത്തിലെ സഹനങ്ങളിലും ബുദ്ധിമുട്ടുകളിലും ആശ്വാസവും ഉത്തരവും കണ്ടെത്തേണ്ടത് ക്രിസ്തുവിലാണ്. കുറ്റമറ്റവനായിരുന്നിട്ടും കുറ്റക്കാരനെപ്പോലെ ക്രൂശിലേറ്റപ്പെട്ടപ്പോൾ പരിഹാസത്തിന്റെ അടയാളമായ കുരിശ് രക്ഷയുടെ ചിഹ്നമായി മാറി. വേദനയില്ലാതെ, കുരിശില്ലാതെ, കിരീടമില്ലായെന്ന് ക്രൂശിതനും നമ്മെ പഠിപ്പിക്കുന്നത്. ജീവിതപ്രതിസന്ധികൾക്കിടയിലും നമുക്കും ക്രിസ്തുവിനെ പ്രഘോഷിക്കാം. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

സസ്നേഹം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

**N.B:** കുട്ടികൾക്കുള്ള കത്ത് ആഗസ്റ്റ് മാസത്തിൽ തന്നെ വായിച്ച് ചർച്ചചെയ്യുകയോ, അല്ലെങ്കിൽ ആശയം ക്ലാസ്സുകളിൽ അവതരിപ്പിക്കുകയോ ചെയ്യുക.

**+ AT**

പരിശുദ്ധ കന്യാമറിയത്തിന്റ ***സ്വർഗ്ഗാരോപണ തിരുന്നാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ*** എല്ലാ മതാദ്ധ്യാപകർക്കും വിദ്യാർത്ഥീവിദ്യാർത്ഥിനികൾക്കും നേരുന്നു. നമ്മുടെ പരിശുദ്ധ അമ്മയും ദൈവമാതാവുമായ പരിശുദ്ധ കന്യകാമറിയത്തോട് മാദ്ധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ട് ഈശോയിലേക്കടുക്കുവാൻ ഈ മാസം കുടുതൽ പരിശ്രമിക്കാം. വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും ഈ മാസം നമ്മൾ അനുസ്മരിക്കുന്ന വിശുദ്ധ എവുപ്രാസ്യമ്മയുടെയും പ്രാർത്ഥനാ സഹായം യാചിച്ച് വിശ്വാസപരിശീലനത്തിൽ മുന്നേറാം.

**1.Archdiocesan Catechetical Merit Day (15th August, 2015 Saturday)**

Archdiocesan Catechetical Merit Day ആഘോഷങ്ങൾ ഈ വർഷം ആഗസ്റ്റ് 15 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മതബോധന കേന്ദ്രത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്. അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും സമ്മാനങ്ങൾ നല്കുന്നതുമായിരിക്കും. എല്ലാവരേയും പ്രത്യേകം ക്ഷണിക്കുന്നു. 2014 – 2015 അദ്ധ്യയനവർഷത്തെ താഴെ പറയുന്ന ഇനങ്ങൾക്കാണ് സമ്മാനങ്ങൾ നൽകുന്നത്.

**A. Sunday Catechism**

a) Std. XII Rank Holders

b) Scholarship Examination Rank Holders Std. IV to XI

c) SMCC പ്രതിഭാസംഗമം Std. VII : Syro-Malabar Church Level Winner and Participants from the Archdiocese

d) Full Attendance students from Std. I to ACC (Fifteen Years)

**B. School Catechism & Moral Science**

Scholarship Examination Rank Holders (Std. IV, VII & X)

**C. Trophies**

a) School Catechism & Moral Science Examinations (Highest Points)

L. P. Section (First), U. P. Section (First), H. S. Section (First)

b) Sunday Catechism (Highest Points)

First & Second

c) Sunday Catechism Model Units

i) Forane Level (16) ii) Archdiocesan Level (1)

**Unit /School അധികൃതരുടെ ശ്രദ്ധയ്ക്ക്**

- അധികൃതർ വഴിയായി സമ്മാനർഹരെ മതബോധനകേന്ദ്രത്തിൽനിന്നും പ്രത്യേകം അറിയിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നതാണ്. സമ്മാനാർഹരെ വീണ്ടും ഓർമ്മപ്പെടുത്തുകയും യോഗത്തിലേക്ക് അയയ്ക്കുകയും ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധ വയ്ക്കുമല്ലോ.
- ആഗസ്റ്റ് 15-ാം തിയ്യതിയിലെ സമ്മേളനത്തിലേക്ക് ഹെഡ്മാസ്റ്ററേയും സെക്രട്ടറിയേയും ക്ഷണിക്കുന്നു.
- സമ്മാനർഹരായ കുട്ടികളോടൊപ്പം അവരുടെ മാതാപിതാക്കളേയും അയയ്ക്കുവാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.
- ട്രോഫികൾ സ്വീകരിക്കുന്നതിന്, അർഹതയുള്ള യുണിറ്റുകളിൽനിന്ന് വേണ്ടത്ര പ്രതിനിധികളെ പങ്കെടുപ്പിക്കുമല്ലോ.
- അതിരൂപതാ മതബോധന കമ്മീഷൻ, P. T. A. കേന്ദ്രകമ്മിറ്റി എന്നിവയുടെ സഹകരണം പ്രത്യേകം അഭ്യർത്ഥിക്കുന്നു.

**2. Highest Points Scored in Archdiocesan Examinations etc.**

**A) Sunday Catechism**

**First** : Sacred Heart Church, Perinchery
**Second** : St. Joseph's Church, Kuriachira

**B) School Catechism & Moral Science - Firsts**

| | |
|---|---|
| **LP** | : Sacred Heart CLPS, Thrissur |
| **UP** | : Little Flower CGHS, Mammiyur |
| **HS** | : Little Flower CGHS, Mammiyur |

## 3. ACC Convocation 30th August 2015 Sunday

ഒരു ഏകദിന പരിപാടിയായി ACC Convocation നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും. Diploma ക്ക് അർഹതയുള്ളവരെ ഇവിടെ നിന്നും അറിയിക്കുന്നുണ്ട്. എങ്കിലും അവരെ പ്രസ്തുത പരിപാടിയിലേക്ക് പറഞ്ഞയയ്ക്കുവാൻ ശ്രമിക്കുമല്ലൊ.

## 4. കുട്ടികൾക്കുള്ള ഡയറി

കുട്ടികൾക്കുള്ള ഡയറി തയ്യാറാക്കിയിരിക്കുന്ന യൂണിറ്റുകൾ ഡയറിയുടെ രണ്ടു കോപ്പിവീതം മതബോധനകേന്ദ്രത്തിൽ എത്തിച്ചുതരുവാൻ താത്പര്യപ്പെടുന്നു. വളരെ മാതൃകാപരവും അനുകരണീയവുമായ വിധത്തിൽ പല യൂണിറ്റുകളും ഡയറികൾ തയ്യാറാക്കുന്നതിൽ സന്തോഷമുണ്ട്. വിശ്വാസപരിശീലനത്തിൽ വി. കുർബാനയിലുള്ള പങ്കാളിത്തം ഏറ്റവും പ്രധാനപ്പെട്ടതാണ്. വി. കുർബാനയിലുള്ള പങ്കാളിത്തം സജീവമാക്കാൻ കുട്ടികൾ "വി. കുർബാനയുടെ പുസ്തകം" ഉപയോഗിക്കുവാൻ മതാദ്ധ്യാപകർ പ്രോത്സാഹിപ്പിക്കണം. **ഇതിനായി ഡയറിയിൽ വി. കുർബാന അച്ചടിക്കുന്ന രീതിയല്ല സ്വീകരിക്കേണ്ടത്**. കുട്ടികൾക്കുവേണ്ടി പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്ന കുർബാനപുസ്തകം മതബോധനകേന്ദ്രത്തിലെ ബുക്ക്സ്റ്റാളിൽ നിന്നും ലഭ്യമാണ്.

മാർ തെയോദോറിന്റെ അനാഫൊറ ഉൾപ്പെടുത്തിയ കുർബാനപുസ്തകം ലഭ്യമാണ്.

## 5. Syro-Malabar Church Catechetical Award for Std. XII Students 2015-2016

യൂണിറ്റു തലത്തിൽ Std. XII-ൽ തിരഞ്ഞെടുക്കപ്പെട്ട 4 കുട്ടികളുടെ (2 ആൺകുട്ടികൾ & 2 പെൺകുട്ടികൾ) പ്രവേശന ഫോം മാത്രമേ മതബോധനകേന്ദ്രത്തിലേക്ക് അയയ്ക്കേണ്ടതുള്ളു. ഫൊറോനാതലത്തിലും അതിരൂപതാതലത്തിലും SMCC Award ന് ക്ലാസ്സ് എടുക്കുവാൻ തയ്യാറുള്ള Resourceful ആയ അദ്ധ്യാപകരുടെ പേരുകൾ ഡയറക്ടറെ അറിയിക്കുവാൻ താല്പര്യപ്പെടുന്നു. ഫൊറോനാതല ക്ലാസ്സുകൾ (Half Day Workshop) ഫൊറോനാകേന്ദ്രങ്ങളിലാണ് നടത്തപ്പെടുക. അതിനു ഒരുക്കമായി യൂണിറ്റുതലത്തിൽ Half Day Workshop

കൾ സംഘടിപ്പിക്കുമല്ലോ.

**6. One Day Seminar for Teachers at Catechetical Centre**

| | |
|---|---|
| **Std. VI & VII** | **2nd August** |
| **ACC** | **9th August** |

മതാദ്ധ്യാപകർ അവർ പഠിപ്പിക്കുന്ന ക്ലാസ്സുകളിലെ Text Book, Note Book & Pen കൊണ്ടുവരേണ്ടതാണ്.

**7. മതബോധനകേന്ദ്രത്തിൽ ലഭിക്കേണ്ട Statstics Etc....**

July 10 ന് ഇവിടെ ലഭിക്കേണ്ട രേഖകൾ എല്ലാം ഏതെങ്കിലും യൂണിറ്റ് തന്നിട്ടില്ലെങ്കിൽ ഉടനെതന്നെ എത്തിച്ചുതരേണ്ടതാണ്; See Annual Programme P. 40

**8. CTC (Advanced)**

7th August Friday 5pm - 9th August Sunday 5 pm

CTC -യുടെ രണ്ടുബാച്ചുകളായി Basic CTC ഈ വർഷം നടത്തി. **Advanced CTC** -യുടെ ബാച്ച് ആഗസ്റ്റ് 7 മുതൽ 9വരെ നടത്തുന്നുണ്ട്. Basic CTC -യിൽ പങ്കെടുത്തവരും അധ്യാപനത്തിൽ 10 വർഷം കഴിഞ്ഞവരെയും ഉദ്ദേശിച്ചുള്ളതാണ് ഈ കോഴ്സ്. എത്രയും വേഗം പേര് രജിസ്റ്റർ ചെയ്യുവാൻ താല്പര്യപ്പെടുന്നു. പേര് രജിസ്റ്റർ ചെയ്യുമ്പോൾ രജിസ്ട്രേഷൻ ഫീസും (ഒരാൾക്ക് 170 രൂപ) അടയ്ക്കണം.

**9. P. T. A. Unit Level Election**

തെരഞ്ഞെടുപ്പ് കഴിഞ്ഞു എന്ന് വിചാരിക്കുന്നു. Forane Level Election നടത്തേണ്ടതുള്ളതുകൊണ്ട് യൂണിറ്റുതല ഭാരവാഹികളുടെ ലിസ്റ്റ് എത്രയും വേഗം ഫൊറോന പ്രമോട്ടർക്കും അതിരൂപതാ മതബോധന കേന്ദ്രത്തിലേക്കും അയച്ചുതരുമല്ലോ.

**10. ACC English Medium Question Papers**

ഈ അദ്ധ്യയന വർഷം മുതൽ എ. സി. സി. ക്ക് ഇംഗ്ലീഷ് ചോദ്യ പേപ്പർ ഉണ്ടായിരിക്കുന്നതാണ്. ആവശ്യമുള്ളവർ ഓഫീസിൽ നേരത്തെ പ്രത്യേകം അറിയിക്കണം. ഇംഗ്ലീഷ് ടെക്സ്റ്റ് ബുക്ക് ഇല്ല. Source Book ഇംഗ്ലീഷിൽ ഉള്ളത് ഉപയോഗിക്കാവുന്നതാണ്.

# 11. Rank Holders

## Sunday Catechism Rank Holders

### ACC 3 Year Diploma Course Successfully Completed



First Rank
**Anju Clare,**
Choondal



Second Rank
**Shiny Poulose**
Ponganamkadu



Third Rank
**Minu N. Joy**
Kallur East

### ACC 2014-2015 Annual Examination - Top Mark Holders



First Prize
**Teena Rose**
Peramangalam



Second Prize
**Minu Jose**
Puthur



Third Prize
**Lisa A. Johnson**
Parappur

### Std. XII



First Rank
**Bilja Rose P. J.**
Arampilly



Second Rank
**Sonet Vincent**
Galilee



Third Rank
**Mariya Shaji**
Veendassery

# Scholarship Examinations First Rank Holders

**Std. IV**



**Lyn Mary Jose**
Thiroor

**Std. V**



**Bineesh P. Binny**
Mukkattukara

**Std. VI**



**Dona Maria Joseph**
Kuriachira

**Std. VII**



**Anbella p. Winson**
Kottapady

**Std. VIII**



**Helna Henry**
Perinchery

**Std. IX**



**Chris Francis**
Kuriachira

**Std. X**



**Anila Sojan**
Perinchery

**Std. XI**



**Jomol John**
Parappur

## School Catechism

**Std. IV**



**Aleena Sojan**
Lourde Matha EHS Cherpu

**Std. VII**



**Anbella P. Winson**
Little Flower GHS Mammiyur

**Std. X**



**Anila Sojan**
Lourde Matha EHS Cherpu

## Moral Science

| Std. IV | Std. VII | Std. X |
|---|---|---|



**Adithya Suresh**
Sacred Heart CLPS, Thrissur



**Sreelakshmi P. B.**
St. Therea's UPS, Manalur



**Akhila M. S.**
Little Flower GHS Mammiyur

## SMCC Std. VII



**Sherin Joseph**
Prathibha (Nehrue Nagar)



**Paul John**
Kandassankadavu



**Chris Anto Paul**
Pudukkad



**Henna Jose Jaison M.**
Vijayapuram

## Full Attendance 15 Years (Std. I to ACC)



**Christy Maria**
Vylathur



**Nitha Jose Koikkara**
Thiruvilwamala



**Ajeesha C. George**
Thiroor

---

Fr. Tens Kunnappilly
Fr. Jijo Kappilamnirappel
(Asst. Directors)

Fr. Raphael Akkamattathil
Director

# മേരിമാതാ മേജർ സെമിനാരി

**1. എന്റെ കർത്താവേ, എന്റെ ദൈവമേ,**

ഈശോയെ തൊട്ടറിഞ്ഞ വിശ്വാസ തീക്ഷ്ണതയുമായി ഭാരതമണ്ണിൽ വന്ന് നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന് തിരി കൊളുത്തിയ വി. തോമാശ്ലീഹായുടെ ഓർമ്മതിരുനാൾ ജൂലൈ 3-ാം തിയതി സാഘോഷം ആചരിച്ചു. ജൂലൈ 2-ാം തിയതി വൈകുന്നേരം റെവ. മോൺ . ജോർജ്ജ് മാനാടനച്ചന്റെ കാർമ്മികത്വത്തിൽ നടന്ന സായാഹ്ന പ്രാർത്ഥനയോടുകൂടി ദുക്റാന തിരുനാളിന് ആരംഭമായി. തിരുനാൾ ദിനത്തിൽ സെമിനാരി വൈസ് റെക്ടർ ബഹു. ജിഫി മേക്കാട്ടുകുളത്തിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ റാസാ കുർബ്ബാന അർപ്പിച്ചു. ഉച്ചയ്ക്ക് ശേഷം പാലയൂർ തീർത്ഥാടനത്തിനുള്ള അവസരം ഉണ്ടായിരുന്നു. സെമിനാരിയുടെ കലാ-സാഹിത്യവേദിയായ സർഗ്ഗജ്യോതിയുടെ ഉദ്ഘാടനം അന്നേദിനം വൈകുന്നേരം ഉദ്ഘാടനം ചെയ്യപ്പെട്ടു. ബഹു. ജിഫി മേക്കാട്ടുകുളമച്ചൻ അദ്ധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ പ്രശസ്ത സംഗീത സംവിധായകൻ ബേബി ജോൺ കലയന്താനി മുഖ്യാതിഥിയായിരുന്നു. ബ്ര. ഷെറിൻ തെക്കേടത്ത് തിരുനാൾ ദിന സന്ദേശം നൽകുകയും ആർട്ടിസ്റ്റ് സജീഷ് കാരിക്കേച്ചർ അവതരിപ്പിക്കുകയും ചെയ്തു

**യാത്രയയപ്പ്**

മേരിമാതായിൽ ഓഫീസ് സ്റ്റാഫായി 3 വർഷത്തെ സ്തുത്യർഹമായി സേവനം ചെയ്ത റവ. സി.റെജി കൂവല്ലൂർ SNDS ന് യാത്രയയപ്പ് സമുചിതമായി നൽകി. അന്നേ ദിവസം വൈകുന്നേരം ബഹു. ജേക്കബ്ബ് തൂങ്കുഴി പിതാവ് ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ബഹു. റെക്ടറച്ചൻ സിസ്റ്ററിന് നന്ദിയർപ്പിക്കുകയും പിതാവ് ഉപഹാരം നൽകുകയും ചെയ്തു. പുതിയതായി ഓഫീസ് സ്റ്റാഫായി വരുന്ന വെ. റവ. സി. എൽസി. ഇല്ലിക്കൽ SNDS ന് സ്വാഗതം നേർന്നു.

**മാസധ്യാനം**

ദൈവത്തിന്റെ ദാനമായി ലഭിച്ച പൗരോഹിത്യദൈവവിളിയെക്കുറിച്ച് കൂടുതൽ ബോധ്യങ്ങൾ സ്വന്തമാക്കുവാനും നല്ല തീരുമാനങ്ങളെടുത്ത് മുന്നേറുവാനും സഹായിച്ച മാസധ്യാനം നടന്നത് ജൂലൈ 11-ാം തിയതിയാണ്. ഇപ്രാവശ്യം ധ്യാനത്തിന് നേതൃത്വം നൽകിയത് എറണാകുളം -അങ്കമാലി അതിരൂപത മൈനർ സെമിനാരി ആത്മീയ പിതാവ് ബഹു. ജെയിംസ് തുരുത്തിക്കര അച്ചനാണ്.

**മാതാപിതാക്കളുടെ സംഗമം**

മേരിമാതയുടെ ബെഞ്ചമിൻസായ ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമം സമുചിതമായി ആഘോഷിച്ചു. ജൂലൈ 18 ശനിയാഴ്ച നടന്ന പരിപാടി കുർബ്ബാനയോടെയാണ് ആരംഭിച്ചത്. ബഹു. റെക്ടറച്ചൻ കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ഉച്ചഭക്ഷണത്തിനുശേഷം നടന്ന പൊതുസമ്മേളനത്തിൽ ഒന്നാം വർഷക്കാരുടെ ആനിമേറ്ററായ ബഹു. ആന്റോ ചുങ്കത്തച്ചൻ അദ്ധ്യക്ഷത വഹിച്ചു. ഏവർക്കും പരസ്പരം പരിചയപ്പെടാനും ഒന്നാം വർഷക്കാരെയും അവരുടെ കുടുംബാംഗങ്ങളെയും അടുത്തറിയുവാനും ഇത് നല്ല ഒരു അവസരമായി. മേരിമാതായുടെ സ്നേഹാദരങ്ങൾ സ്വീകരിച്ച് വൈകുന്നേരത്തോടെ അവർ മടങ്ങി.

**One Day Outing**

ഈ വർഷത്തെ One Day Outing ജൂലൈ 25-ാം തിയതിയായിരുന്നു. പ്രഭാതത്തിലെ ദിവ്യബലിയ്ക്കുശേഷം വിദ്യാർത്ഥികളെല്ലാം വിവിധ സ്ഥലങ്ങൾ സന്ദർശിക്കാനായി യാത്രയായി. വിവിധങ്ങളായ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, കലാ-സാഹിത്യകേന്ദ്രങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കാൻ ഈ യാത്ര ഉപകരിച്ചു. ഒരുമിച്ചുള്ള യാത്ര കൂടുതലറിയുവാനും മാനസീകോല്ലാസത്തിനും സഹായിച്ചു എന്നത് യാത്രയുടെ വിജയമായി.

**ഫാ. ബാബു പാണാട്ടുപറമ്പിൽ**
**റെക്ടർ**

PH : 2420891

## സെന്റ് മേരീസ് മൈനർ സെമിനാരി

**ദിവ്യകാരുണ്യ പ്രദക്ഷിണം**

തിരുഹൃദയ മാസാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് ജൂൺ 28-ാം തിയതി ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തി. സെമിനാരി കുടുംബത്തെ മുഴുവനായും ഈശോയ്ക്ക് സമർപ്പിച്ചു. ദൈവവിളിയോടും ദിവ്യകാരുണ്യത്തോടും ബന്ധപ്പെടുത്തി അന്നു നടത്തപ്പെട്ട വിചിന്തനങ്ങൾ ആരാധനയിൽ സജീവമായി പങ്കെടുക്കാൻ ഏറെ സഹായിച്ചു.

**ദുക്റാന തിരുനാൾ**

ഭാരത അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ

സമുചിതമായി ആചരിച്ചു. രാവിലെ നടന്ന വിശുദ്ധ ബലിക്ക് മോൺ. ജോർജ്ജ് കോമ്പാറ കാർമ്മികത്വം വഹിച്ചു. വൈകീട്ട് തൃശ്ശൂർ എക്യുമെനിക്കൽ ഗ്രൂപ്പിന്റെ മാർ തോമ ദിന പ്രാർത്ഥനയ്ക്കും കൂട്ടായ്മയ്ക്കും മൈനർ സെമിനാരി വേദിയായി. മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തായും മാർ അപ്രേം മെത്രാപ്പോലീത്തായും കൂട്ടായ്മയിൽ സംബന്ധിച്ചു സന്ദേശം നൽകി. അന്നത്തെ ആഘോഷത്തിന്റെ സമാപനം ബഹു. ഫിജോ ആലപ്പാടനച്ചൻ സംവിധാനം ചെയ്ത് സെമിനാരിക്കാരെ പരിശീലിപ്പിച്ച "ദിദിമോസ്" എന്ന നാടകാവതരണത്തോടെയായിരുന്നു.

**അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശനം**

ജൂലൈ 8, 10 എന്നീ തിയതികളിൽ യഥാക്രമം മാർ റാഫേൽ തട്ടിൽ, മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സെമിനാരി കുടുംബത്തോടൊപ്പം വിശുദ്ധ ബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

**മാസധ്യാനം**

ജൂലൈ 10, 11 തിയതികളിലായിരുന്നു ഇത്തവണത്തെ മാസധ്യാനം നടന്നത് മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി ബഹു. പോൾ താണിക്കലച്ചനും ബിരുദ വിദ്യാർത്ഥികൾക്കും റീജൻസിക്കാർക്കുമായി ബഹു. മാർട്ടിൻ കൊളമ്പ്രത്തച്ചനും ബഹു. മാത്യു കുറ്റിക്കോട്ടയിലച്ചനും വചന വിചിന്തനങ്ങൾ നൽകി.

**വൈദിക പരിശീലനത്തിനുള്ള ബേഴ്സ്**

2014 ജനുവരി 1 മുതൽ മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികലുടെ പരിശീലനത്തിനായുള്ള ബേഴ്സ് തുക 25000 രൂപയായി ഉയർത്തിയിട്ടുണ്ടെന്ന കാര്യം അറിയിക്കുന്നു. ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. സുമിത് കുന്നുംങ്കൽ, ഗച്ചിബൗളി, ഹൈദരാബാദ്
2. ശ്രീ. ജോസഫ് ലിയോ, ഒലക്കേങ്കിൽ ഹൗസ്, പാവറട്ടി
3. ശ്രീ. ടോണി ഏനോക്കാരൻ, ഏയ്ഞ്ചൽ നഗർ, ഒല്ലൂർ
4. ശ്രീമതി ലില്ലി ജോസ്, W/o. ശ്രീ. പി. ഐ. ജോസ്, പുലിക്കോട്ടിൽ ഹൗസ്, കൂനംമൂച്ചി.
5. ഒരു ഉപകാരി. C/o.റവ.സിസ്റ്റർ ട്രീസ റോസ് CHF ഹോളി ഫാമിലി കോൺവെന്റ്, പനമുക്ക്

6. ശ്രീ. ജോണി തേറാട്ടിൽ, നെഹ്റു നഗർ, കുരിയച്ചിറ
7. ശ്രീ. ലിയോ പോൾ, കുണ്ടുകുളം ഹൗസ്, തിരൂർ
8. സെന്റ് തോമസ് ചർച്ച്, കാഞ്ഞാണി
9. റവ. സി. സുപ്പീരിയർ, മേരി ഇമ്മാക്കുലേറ്റ് കോൺവെന്റ് തൃശ്ശൂർ
10. ശ്രീ. മാർട്ടിൻ വെള്ളിയാംകുളത്ത്, തോണിപ്പാറ, വെട്ടുകാട്
11. ശ്രീമതി റീന ജെയിംസ്, W/o. ശ്രീ. ടി. ഡി. ജെയിംസ്, തെക്കേക്കര ഹൗസ്, ആൽത്തറ, ആറ്റുപുറം
12 ശ്രീ. എൻ. വി. ജോസ്, നായങ്കര ഹൗസ്, നെല്ലങ്കര
13. ശ്രീ. സിന്റോ ജോർജ്ജ്, ശ്രീമതി ചിത്ര സിന്റോ & മാസ്റ്റർ അഡ്രിയൽ സിന്റോ, നെട്ടിക്കാടൻ ഹൗസ്, പൊന്നൂക്കര

ഈശോയെ അനുഗമിക്കനാഗ്രഹിക്കുന്നവരെ പിന്തുണയ്ക്കാനായി ഔത്സുക്യം കാണിക്കുന്ന എല്ലാവരെയും ഈശോനാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ.... ആചരിക്കാൻ.. 2015 ആഗസ്റ്റ്**

4 ചൊവ്വ - വി. ജോൺ മരിയ വിയാനി

7 വെള്ളി - ആദ്യ വെള്ളി - വി. കുർബാന

9 ഞായർ - ക്വിറ്റ് ഇന്ത്യാദിനം

11 ചൊവ്വ - വി. ക്ലാര

15 ശനി - ഇന്ത്യൻ സ്വാതന്ത്ര്യദിനം,
മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ

21. വെള്ളി - വി. പത്താം പിയൂസ് മാർപാപ്പ

28 വെള്ളി - തിരുവോണം, വി. അഗസ്തിനോസ്

**2. അവാർഡ് ദിനം**

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി 2015 ജൂലൈ 7ന് ചൊവ്വാഴ്ച അവാർഡ് ദിനം ആഘോഷിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് ഡി. ബി. സി. എൽ. സിയിൽ ചേർന്ന അവാർഡ് ദാന സമ്മേളനം അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. ജോർജ്ജ് എടക്കളത്തൂർ അദ്ധ്യക്ഷത വഹിച്ചു. പരീക്ഷകളിൽ ഉന്നതവിജം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സ്കൂളുകൾക്കുമുള്ള സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും ട്രോഫികളും അഭിവന്ദ്യപിതാവ് സമ്മാനിച്ചു. എല്ലാവർക്കും അഭിനന്ദനങ്ങൾ!

**3. അറിയിപ്പ്**

അദ്ധ്യാപകർ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫീസിൽ നൽകുന്ന അപേക്ഷകളും നിർദ്ദേശങ്ങളും വിലപ്പെട്ടവയാണ്. അതിനാൽ അവ കൃത്യമായി എഴുതി കോർപ്പറേറ്റ് മാനേജർക്ക് നേരിട്ടോ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫീസിലോ നൽകണമെന്ന് അറിയിക്കുന്നു. കാര്യക്ഷമത കൃത്യമായി മനസ്സിലാക്കാനും യഥാസമയം മറുപടി നൽകാനും ഉചിതമായ തീരുമാനങ്ങളെടുക്കാനും ഫോണിനെക്കാൾ സഹായകമാകുക ഈ കത്തുകളായിരിക്കുമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ജൂലൈ - 2015**

### "എന്റെ ജീവൻ രക്ഷിച്ചതിന് നന്ദി":-

**ഫാത്തിമയെത്തി സന്നദ്ധ രക്തദാതാക്കൾക്ക് നന്ദി പറയാൻ**

ലോകരക്തദാനദിന(ജൂൺ 14)ത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ രക്തബാങ്കിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ പൊന്നാനിയിൽ നിന്നുള്ള കൂവപുളിയിൽ അലിയുടെ ഭാര്യ ഫാത്തിമയുടേയും, കുഞ്ഞിന്റേയും, ഫാത്തിമയുടെ ഉമ്മയുടേയും സാന്നിധ്യം ഈ വർഷത്തെ ദിനാചരണത്തിന്റെ പ്രമേയം അന്വർത്ഥമാക്കുന്നതായിരുന്നു.

മാർച്ച് 22-നാണ് ഗർഭിണിയായ ഫാത്തിമയെ പ്രസവത്തോടനുബന്ധിച്ചുള്ള പ്രശ്നങ്ങളുമായാണ് ജൂബിലിയിലേക്ക് കൊണ്ടുവരുന്നത്. പ്രഷറും പൾസുമെല്ലാം കുറഞ്ഞ് അമിത രക്തസ്രാവം മൂലം ജീവൻ നഷ്ടപ്പെടാവുന്ന അപകടകരമായ അവസ്ഥ. ഫാത്തിമയുടെ ജീവൻ നിലനിർത്താൻ വളരെയധികം രക്തം ആവശ്യമുണ്ടെന്ന് തിരിച്ചറിഞ്ഞ സ്ത്രീരോഗവിഭാഗത്തിലെ ഡോ. അശ്വത്ത്കുമാർ രക്തബാങ്ക് വിഭാഗം മേധാവി ഡോ. സുശീലയുടെ നേതൃത്വത്തിൽ ആവശ്യമായ ക്രമീകരണം നടത്തി. രക്തം കട്ടപിടിക്കുന്നതിനാവശ്യമായ രക്തത്തിലെ വിവിധ ഘടകളടങ്ങിയ 30 കുപ്പി രക്തമാണ് ഫാത്തിയുടെ ജീവൻ രക്ഷിക്കാൻ ഡോക്ടർമാരുടെ സംഘം ഉപയോഗിച്ചത്. "ഫാത്തിമ അറിയാത്ത, ഫാത്തിമയെ അറിയാത്ത സന്നദ്ധരക്തദാതാക്കൾക്ക് ഫാത്തിമയുടെ ജീവൻ രക്ഷിച്ചതിന് നന്ദി." - ഫാത്തിമയുടെ ഉമ്മ കണ്ണീരോടെ പറഞ്ഞു നിർത്തുമ്പോൾ അത് സന്നദ്ധ രക്തദാനത്തിന്റെ പ്രസക്തിയുടെ നേർസാക്ഷ്യമായി.

പതിവായി വർഷത്തിൽ രണ്ടും മൂന്നും പ്രാവശ്യം രക്തദാനം ചെയ്യുന്ന സന്നദ്ധ രക്തദാതാക്കളില്ലെങ്കിൽ ഫാത്തിമയുടേതുപോലുള്ള ജീവിതങ്ങളെ അടിയന്തിരഘട്ടങ്ങളിൽ രക്ഷിക്കാൻ വൈദ്യശാസ്ത്രത്തിനുപോലുമാകില്ല. അതുകൊണ്ടാണ് ലോകാരോഗ്യ സംഘടന 'ജീവൻ രക്ഷിക്കാൻ നിങ്ങൾ ഡോക്ടറാകേണ്ട, സന്നദ്ധ രക്തദാതാവാകൂ' — എന്ന് ആഹ്വാനം ചെയ്യുന്നതെന്ന് ലോകരക്തദാന-ദിന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് പറഞ്ഞു.

നമ്മളറിയുന്ന ആർക്കെങ്കിലും രക്തം ആവശ്യമായി വരുമ്പോൾ പകരത്തിന് കൊടുത്താൽ മാത്രം പോര, ആരോഗ്യമുള്ള ഓരോരുത്തരും പതിവായി സന്നദ്ധ രക്തദാതാക്കളാകണമെന്ന ബോധ്യം ഫാത്തിമയുടെ അനുഭവത്തിൽ നിന്നും ഉൾക്കൊണ്ടുകൊണ്ട് താനും ഒരു സന്നദ്ധ രക്തദാതാവാകുന്നുവെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത സിറ്റി പോലീസ് കമ്മീഷണർ ശ്രീമതി ആർ. നിശാന്തിനി പറഞ്ഞു. പതിവായി വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും രക്തദാനം ചെയ്യുന്ന രക്തദാതാക്കളാകാൻ അവർ ഏവരോടും ആഹ്വാനം ചെയ്തു. ചടങ്ങിന് ഡോ. നിതിൻ ഹെൻറി സ്വാഗതവും, ഡോ. സനൂജ പിങ്കി നന്ദിയുമർപ്പിച്ചു. ഡോ. സുധ മുരളീധരൻ പരിപാടികൾക്ക് നേതൃത്വം നൽകി.

### പൂർവ്വ വിദ്യാർത്ഥി സംഗമത്തിന് സ്വാഗതമോതി ജൂബിലി മിഷൻ നഴ്സിങ്ങ് സ്കൂൾ

ജൂബിലി മിഷൻ നഴ്സിങ്ങ് സ്കൂൾ സ്ഥാപിതമായതിന്റെ അൻപതാം വർഷത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന പൂർവ്വവിദ്യാർത്ഥി സംഗമത്തിന് സ്വാഗതമോതി അൻപതോളം വരുന്ന പൂർവ്വ വിദ്യാർത്ഥികളും അധ്യാപകരും - വിദ്യാർത്ഥികളും രക്തദാനം ചെയ്തത് ഹൃദ്യമായി. ആഗസ്റ്റ് 8-ാം തിയതി മോൺ. മുരിങ്ങാത്തേരി ഹാളിൽ രാവിലെ 9.30 മുതൽ 4.30 വരെയാണ് പൂർവ്വവിദ്യാർത്ഥി സംഗമം നടത്തുക. ഈ സ്നേഹസംഗമത്തിൽ നഴ്സിങ്ങ് സ്കൂൾ മുൻ ഡയറക്ടർമാർക്കും, പ്രിൻസിപ്പൽമാർക്കും, അദ്ധ്യാപകർക്കും, മുതിർന്ന പൂർവ്വ വിദ്യാർത്ഥികൾക്കും സ്വീകരണം നൽകും. രാജ്യത്തിനകത്തും പുറത്തും വളരെ പ്രാഗത്ഭ്യത്തോടെ ജൂബിലി മിഷൻ നഴ്സിങ്ങ് സ്കൂളിൽ പഠിച്ച രണ്ടായിരത്തിലധികം വരുന്ന നഴ്സുമാർ സേവനം ചെയ്യുന്നുണ്ട്. ജൂബിലി മിഷൻ നഴ്സിങ്ങ് സ്കൂളിന്റെ പ്രഥമ പൂർവ്വ വിദ്യാർത്ഥി സംഗമം വേറിട്ട അനുഭവമാക്കാൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, അസി. ഡയറക്ടർ ഫാ. ജോബി കടപ്പൂരാൻ, നഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പാൾ സി. സുമി പോൾ, പൂർവ്വവിദ്യാർത്ഥി സംഘടന ഭാരവാഹികളായ ശ്രീമതി ജീനമോൾ ജോയ്, ശ്രീമതി സ്മിത അനൂജ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു. എല്ലാ പൂർവ്വ വിദ്യാർത്ഥികളും സംഗമത്തിൽ പങ്കെടുക്കണമെന്ന് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത് അറിയിച്ചു.

### നന്ദി

ദുക്റാന തിരുന്നാൾ ദിവസം ജൂബിലിയിലെ പാവപ്പെട്ട രോഗികൾക്ക് അന്നദാനം നൽകിയ പാലക്കൽ ഇടവക കെ. സി. വൈ. എം. യൂണിറ്റിന് നന്ദി...

**തൃശ്ശൂരിലെ ആദ്യ പെയിന്റ് ബോൾ ടൂർണമെന്റ് ശ്രദ്ധേയമായി**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥി യൂണിയൻ തൃശ്ശൂർ ജില്ലയിലാദ്യമായി തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ പെയിന്റ് ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. വായു നിറച്ച കൂറ്റൻ ബലൂണുകൾ കൊണ്ട് സൃഷ്ടിച്ച പ്രത്യേക യുദ്ധമേഖലയിൽ കമാൻഡോ ഓപ്പറേഷൻ മാതൃകയിലായിരുന്നു മത്സരം.

**പുതിയ ഡോക്ടർ**

- ഡോ. പ്രവീൺ ലാൽ (സൈക്യാട്രി വിഭാഗം)

**അഭിനന്ദനങ്ങൾ .... ആശംസകൾ ....**

- കേരള ആരോഗ്യ സർവ്വകലാശാലയുടെ പ്രഥമ എം. ബി. ബി. എസ്. ബാച്ചിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേലിലെ ഹെന്ന ഫൈസൽ സർവ്വകലാശാല തലത്തിൽ മൂന്നാം റാങ്കിന് അർഹയായി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീമതി ലൂസി പീറ്റർ, മൂക്കൻ ഹൗസ്, വിയ്യൂർ (80 ഡയാലിസിസ്)
- ബഹു. വറതച്ചൻ ശ്രാദ്ധാഘോഷ കമ്മിറ്റി, സെന്റ് ലാസേഴ്സ് ചർച്ച്, കോട്ടപ്പടി, തൃശ്ശൂർ (202 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീമതി ഫിലോ തോമസ്, JMMC, തൃശ്ശൂർ
- ശ്രീ. മുഹമ്മദ്, തലശ്ശേരി, കണ്ണൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

- സി. ടെറസീന, JMMC, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**

ഡയറക്ടർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**എം.എഡ്. യൂണിവേഴ്സിറ്റി : പരീക്ഷയിൽ ഉജ്ജ്വല വിജയം**

2013–2014 അദ്ധ്യയനവർഷത്തെ എം.എഡ് യൂണിവേഴ്സിറ്റി പരീക്ഷയിൽ 3 ഡിസ്റ്റിംഗ്ഷനും 28 ഫസ്റ്റ് ക്ലാസ്സും 2 സെക്കണ്ട് ക്ലാസ്സും നേടി. ഉന്നത വിജയം കരസ്ഥമാക്കി. സാനി തോമസ്, സൗമ്യ വി, ഷഗ്ന എന്നിവർ യഥാക്രമം രണ്ടും മൂന്നും റാങ്കുകൾ നേടി.

**25 പേർക്ക് എ ഗ്രേഡ് ലഭിച്ചു.**

2013–2014 വർഷത്തെ ബി. എഡ്. പരീക്ഷയിൽ 25 പേർ എ ഗ്രേഡും 53 പേർ ബി ഗ്രേഡും 9 പേർ സി ഗ്രേഡും കരസ്ഥമാക്കി. ഉന്നത വിജയം നേടി യവർക്ക് അഭിനന്ദനങ്ങൾ

**3. യൂണിവേഴ്സിറ്റി സെമിനാറിൽ പങ്കെടുത്തു.**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വച്ച് New Curriculam Perspectives എന്ന വിഷയത്തെക്കുറിച്ച് ജൂൺ 27ന് നടത്തപ്പെട്ട സെമിനാറിൽ മഹാജൂ ബിലി കോളേജ് അദ്ധ്യാപകരായ ഫാ. ബിജു നന്തിക്കര, ദീപ സി. വർഗ്ഗീസ്, സെമ ആൻസി എന്നിവർ പങ്കെടുത്തു.

**4. ബി. കോം കുട്ടികൽക്ക് ഉന്നതവിജയം**

മഹാജൂബിലി ട്രെയിനിംഗ് കോളേജിനോട് അനുബന്ധിച്ച് നടത്തുന്ന മഹാ ജൂബിലി കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസിലെ ബി. കോം കുട്ടികൾ രണ്ടാം സെമസ്റ്റർ പരീക്ഷയിൽ ഉയർന്ന വിജയത്തിന് അർഹരായി. ഏറ്റവും ഉയർന്ന മാർക്കോടെ ഹസ്ന ഒന്നാം സ്ഥാനത്തിന് അർഹയായി.

**5. പുതിയ അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്തു**

2015–2017 അദ്ധ്യയന വർഷത്തിലെ ബി.എഡ്. കോഴ്സിന് ജൂലൈ 1ന് മഹാജൂബിലി കോളേജിൽ വർണാഭമായ തുടക്കം. വിദ്യാരംഭ പൊതുസമ്മേ ളനം തൃശ്ശൂർ അതിരൂപത വികാരി ജനറാളും കോളേജ് മാനേജരുമായ മോൺ. ജോർജ്ജ് പ്രിൻസിപ്പിൽ ഡോ. ജെസി മാത്യൂസ് അദ്ധ്യക്ഷത വഹിച്ചു. കോളേജ് അസി. ബർസാർ ഫാ. ഡിറ്റോ കൂള, സ്റ്റാഫ് പ്രതിനിധി മിസ് സെമ ആൻസി എന്നിവർ ആശംകൾ അർപ്പിച്ചു. ഫാ. ബിജു നന്തിക്കര സ്വാഗതവും മിസ് ആൻസി ജോർജ്ജ് നന്ദിയും പ്രകാശിപ്പിച്ചു.

**6. NET അർഹയായി**

യുജിസി. സംഘടിപ്പിക്കുന്ന National Eligibility Test (NET) പരീക്ഷ

യിൽ എം.എഡ് ലെ ശ്രുതി അർഹയായി അഭിനന്ദനങ്ങൾ

**7. ഫാ. ജിയോമോൻ കച്ചേരിക്ക് ഹൃദ്യമായ സ്വാഗതം**

മഹാജൂബിലി കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസിൽ അദ്ധ്യാപകനായി സേവനത്തിന് വരുന്ന ഫാ. ജിയോമോൻ കല്ലേരിക്ക് ഹൃദ്യമായ സ്വാഗതം

## M.Ed., B.Ed. പരീക്ഷകൾ സമാപിച്ചു.

2014-2015 വർഷത്തെ എംഎഡ്., ബി.എഡ് ഒന്നാം സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷകൾ സമാപിച്ചു.

## NACC ന്റെ ഒരുക്കങ്ങൾ ആരംഭിച്ചു.

കോളേജുകൾക്ക് മൂല്യം നിർണയിക്കുന്ന National Accreditation and Assessment Council (NACC) ന്റെ അംഗീകാരത്തിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. NACC ന്റെ അംഗീകാരമുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഏക സ്വാശ്രയ കോളേജാണ് മഹാജൂബിലി ട്രെയിനിംഗ് കോളേജ്

| | |
|---|---|
| **ഫാ. ചാക്കോ ചിറമ്മൽ** | **ഫാ.ഡിറ്റോ കൂള** |
| പി.ആർ.ഒ. | അസി. ബർസാർ |

# ഫാമിലി അപ്പസ്തോലേറ്റ്

**1. മക്കൾ ദൈവദാനം - മാർ ജേക്കബ് തൂങ്കുഴി**

തൃശ്ശൂർ അതിരൂപത ജോൺ പോൾ പ്രൊ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ വലിയ കുടുംബങ്ങളെ ആദരിച്ചു. 2013, 14 വർഷങ്ങളിൽ നാലമത്തേതോ അതിൽ കൂടുതലോ മക്കൾ ജനിച്ച കുടുംബങ്ങളെയാണ് ഇത്തരത്തിൽ ആദരിച്ചത്. ജൂലൈ 5ന് അതിരൂപതാ ഫാമിലി അപ്പസ്റ്റോലെറ്റ് സെന്ററിൽ വെച്ചാണ് ഈ സംഗമം നടന്നത്.

ദൈവദാനമാണ് മക്കളെന്നും വിവാഹത്തിന്റെ സംപൂജ്യമായ ഉത്തരവാദിത്വമാണ് ഈ ദൈവദാനം സ്വീകരിക്കലെന്നും അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി തന്റെ ഉദ്ഘാടന സന്ദേശത്തിൽ പ്രസ്താവിച്ചു. ഡയറക്ടർ ഫാ. ലോറൻസ് തൈക്കാട്ടിൽ ആശംസകൾ നേർന്നു. പ്രസിഡണ്ട് ജെയിംസ് ആഴ്ചങ്ങാടൻ സ്വാഗതവും ഇ. സി. ജോർജ്ജ് മാസ്റ്റർ നന്ദിയും രേഖപ്പെടുത്തി. വിവിധ കുടുംബങ്ങൾ അവരുടെ ഹൃദയസ്പർശിയായ അനുഭവങ്ങൾ പങ്കു വെച്ചു.

**ഫാ.ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

# ബൈബിൾ അപ്പസ്തോലേറ്റ്

**"നിങ്ങൾ ലോകമെങ്ങും പോയി**
**എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ"**

**യാത്രമംഗളങ്ങൾ**

കഴിഞ്ഞ 7 വർഷത്തോളം അതിരൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ ഡയറക്ടറായിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ബഹു. ലിജോ ചിറ്റിലപ്പിള്ളി അച്ചനും ഓഫീസ് സെക്രട്ടറിയായിരുന്ന ഞങ്ങളുടെ സ്നേഹമുള്ള എൽസി ടീച്ചർക്കും അവരുടെ സ്തുത്യർഹമായ സേവനത്തിന് കൃതജ്ഞതയുടെ നറുമലരുകൾ....... പുതിയ സേവനരംഗങ്ങളിൽ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു...

**ലോഗോസ് ക്വിസ് 2015**

2015-ലെ ലോഗോസ് ബൈബിൾ ക്വിസ് പരീക്ഷയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചിരിക്കുന്നു. കഴിഞ്ഞവർഷം 60,000 ത്തോളം പേരാണ് നമ്മുടെ അതിരൂപതയിൽ ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തത്. സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ പേരെ ചേർത്ത രൂപതയ്ക്കുള്ള രണ്ടാംസ്ഥാനവും അതോടൊപ്പം ലോഗോസ് ക്വിസിന്റെ സംസ്ഥാനതല രണ്ടാംസ്ഥാനവും നമ്മുടെ അതിരൂപതയ്ക്കാണ് ലഭിച്ചത്. അതിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തവരെ നന്ദിയോടെ സ്മരിക്കുന്നു. കഴിഞ്ഞവർഷം ലോഗോസ് പരീക്ഷകളിൽ പങ്കെടുക്കാത്ത ഇടവകകൾ കൂടി ഇത്തവണ മത്സരത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**1. ലോഗോസ് ക്വിസ് 2015 ന്റെ സവിശേഷതകൾ:**

**A.** **പ്രായവിഭാഗം:** മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി എ, ബി, സി, സി, ഇ, എഫ് എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും

| | | |
|---|---|---|
| **എ** വിഭാഗം | - | 01.01.2004 നു ശേഷം ജനിച്ചവർ |
| **ബി** വിഭാഗം | - | 01.01.1999 നും 31.12.2003 നും ഇടയ്ക്ക് ജനിച്ചവർ |
| **സി** വിഭാഗം | - | 01.01.1984 നും 31.12.1998 നും ഇടയ്ക്കു ജനിച്ചവർ |
| **ഡി** വിഭാഗം | - | 01.01.1964 നും 31.12.1983 നും ഇടയ്ക്കു ജനിച്ചവർ |
| **ഇ** വിഭാഗം | - | 01.01.1956 നും 31.12.1963 നും ഇടയ്ക്കു ജനിച്ചവർ |

**എഫ്** വിഭാഗം - 31.12.1950 ന് മുമ്പ് ജനിച്ചവർ

**B.** **വിഷയം:** (1) സംഖ്യ 1-10 അദ്ധ്യായങ്ങൾ (2)സുഭാഷിതങ്ങൾ 1-9 വരെ അദ്ധ്യായങ്ങൾ

(3) യോഹന്നാന്റെ സുവിശേഷം 1-12 അദ്ധ്യായങ്ങൾ (4) വി. യൂദാസിന്റെ ലേഖനം

ഉപയോഗിക്കേണ്ട ബൈബിൾ: മലയാളം- POC ബൈബിൾ; ഇംഗ്ലീഷ്-NRSV ബൈബിൾ

**C.** **രജിസ്ട്രേഷൻ** രജിസ്ട്രേഷൻ മുൻകൂട്ടി നിർബന്ധമായും ചെയ്തിരിക്കേണ്ടതാണ്. ഒരു ഇടവകയേയോ ഒരു കത്തോലിക്കാ സ്ഥാപനത്തേയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതും ഇവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതുമാണ്. രജിസ്ട്രേഷൻ ജൂൺ 14 ഞായർ ആരംഭിച്ച് ജൂലൈ 30 വ്യാഴാഴ്ച അവസാനിക്കുന്നു. അവസാന തിരക്ക് ഒഴിവാക്കാൻ, കഴിയുന്നതും നേരത്തെ രജിസ്ട്രേഷൻ നടത്തുക. ഈ ദിവസം കഴിഞ്ഞുവരുന്ന രജിസ്ട്രേഷനുകൾക്ക് ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന ഇടവകയ്ക്കും, ഇടവകാംഗങ്ങളുടെ ആനുപാതികത്തിനനുസരിച്ച് കൂടുതൽ പേരെ ചേർക്കുന്ന ഇടവകയ്ക്കുള്ള സമ്മാനത്തിനും അർഹതയുണ്ടാവില്ല.

**NB: ആഗസ്റ്റ് 13നു ശേഷമുള്ള രജിസ്ട്രേഷൻ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.**

ഈ വർഷം ലോഗോസ് രജിസ്ട്രേഷൻ ഓൺലൈൻ രജിസ്ട്രേഷനാണ്. അതിന് **www.thrissurbibleapostolate.org, www.logosquiz.org** എന്നീ വെബ്സൈറ്റുകളിൽ ഓരോ ഇടവകയ്ക്കും വ്യക്തിക്കും രജിസ്റ്റർ ചെയ്ത് പണം ഓഫീസിൽ അടക്കേണ്ടതാണ്.

**D.** **പരീക്ഷാഫീസ്** 10 രൂപ ഒരു പരീക്ഷാർത്ഥിക്ക്. സെന്ററിന്റെ രജിസ്ട്രേഷന്റെ മൊത്തം സംഖ്യ രജിസ്ട്രേഷൻ സമയത്തുതന്നെ ഓഫീസിൽ അടച്ചു രശീതി വാങ്ങേണ്ടതാണ്.

**2. ലോഗോസ് ക്വിസ് 2015 സമ്പൂർണ്ണ പഠന സഹായി**

ലോഗോസ് ക്വിസിന് ഒരുങ്ങുന്നവർക്ക് സംസ്ഥാന അതിരൂപതാ റാങ്കുകളും ഉന്നതവിജയവും ലഭ്യമാക്കാന് അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റിനുവേണ്ടി ഫാ. ലിജോ ചിറ്റിലപ്പിള്ളി തയ്യാറാക്കിയ സമ്പൂർണ്ണ പഠനസഹായി പ്രസിദ്ധീകരിച്ചിരിക്കുന്നു. 50 രൂപമാത്രം. ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസിലും ബുക്ക് സ്റ്റാളുകളിലും ലോഗോസ് ഇൻചാർജ്ജുകൾ വഴിയും കോപ്പികൾ ലഭ്യമാണ്.

3. **ലോഗോസ് അനുബന്ധ മത്സരങ്ങൾ:**

A. **ടീച്ചേഴ്സ് ലോഗോസ് ക്വിസ്:** ആഗസ്റ്റ് 16 ഞായർ 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു. ഇടവകയെ പ്രതി നിധീകരിച്ച് 3 അദ്ധ്യാപകർ വീതമുള്ള മൂന്നു ടീമുകൾക്ക് പങ്കെടു ക്കാം.

B. **വചനമെഴുത്ത് മത്സരം:** ആഗസ്റ്റ് 23 ഞായർ ഉച്ചക്ക് 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു.

C. **ഫാമിലി ലോഗോസ് ക്വിസ്:** ഇടവകയിലെ കുടുംബരജിസ്റ്റർ പ്രകാര മുള്ള കുടുംബങ്ങൾക്കായി ഫാമിലി ലോഗോസ് ക്വിസ് മത്സരം ആഗസ്റ്റ് 30 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു. ഒരു ഇടവകയിൽ നിന്ന് എത്ര കുടുംബങ്ങൾക്കു വേണമെങ്കിലും പങ്കെടുക്കാം

D. **സിസ്റ്റേഴ്സ് ലോഗോസ് ക്വിസ്:** സെപ്തംബർ 6 ഞായർ 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു. 3 സിസ്റ്റേഴ്സ് വീതമുള്ള മൂന്നു ടീമുകൾക്ക് പങ്കെടുക്കാം.

E. **യൂത്ത് ലോഗോസ് ക്വിസ്:** സെപ്തംബർ 13 ഞായർ 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു. പ്രായപരിധി 17 മുതൽ 30 വയസു വരെ. ഒരു സെന്ററിൽ നിന്ന് 4 അംഗങ്ങളുള്ള ടീം ആണ് വരേണ്ടത്. 2 ആൺ കുട്ടികൾ നിർബന്ധമായും ഉണ്ടായിരിക്കണം. 3 ടീമുകൾക്ക് പങ്കെടുക്കാം

F. **കാറ്റികിസം ലോഗോസ് ക്വിസ്:** സെപ്തംബർ 20 ഞായർ ഉച്ചയ്ക്ക് 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു. ഓരോ ഇടവകയിലേയും മതബോധന സെന്ററുകളെ പ്രതിനിധീകരിച്ച് 3 വിദ്യാർത്ഥികൾ വീതമുള്ള മൂന്നു ടീമുകൾക്ക് പങ്കെടുക്കാം.

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
**ഡയറക്ടർ**

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- **പുതിയ സ്റ്റാഫ് അംഗങ്ങൾ :** സ്റ്റാഫ് സെലക്ഷൻ കമ്മിറ്റിയുടെ നിർദ്ദേശ മനുസരിച്ച് പുതിയതായി നിയമിക്കപ്പെട്ട എല്ലാ ഫാക്കൽട്ടി അംഗങ്ങളേയും ജ്യോതി കുടുംബത്തിലേയ്ക്ക് സ്വാഗതം ചെയ്തു.

- **എൻവയോൺമെന്റ് ലാബ് ഉദ്ഘാടനം :** സാങ്കേതിക വിദ്യാഭ്യാസ ത്തോടൊപ്പം പ്രകൃതി വിഭവങ്ങളുടെ കൃത്യവും ഗുണമേന്മയുമായ ഉപ യോഗം ഉറപ്പുവരുത്തുവാൻ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം തുടങ്ങിവച്ച പുതിയ എൻവ യോൺമെന്റ് ലാബിന്റെ ഉദ്ഘാടനം തൃശൂർ അതിരൂപതാ വികാരി ജന റൽ മോൺ. ജോർജ്ജ് എടക്കളത്തൂർ നിർവ്വഹിച്ചു. കോളേജ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ജനങ്ങളുടെ സേവ നത്തിനായി മണ്ണ്, ജലം, കെട്ടിട നിർമ്മാണ സാമഗ്രികൾ തുടങ്ങിയവ യുടെ ഗുണനിലവാര പരിശോധന ഈ ലാബിൽ നടത്തിക്കൊടുക്കുന്ന താണ്.

- **കോ-കരിക്കുലർ, എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങൾ:** കോ-ക രിക്കുലർ, എക്ട്രാ കരിക്കുലർ പ്രവർത്തനങ്ങൾക്കും, മൂല്യബോധനത്തി നും, സോഫ്റ്റ് സ്കിൽസ് പരിശീലനത്തിനും, തികഞ്ഞ അച്ചടക്കത്തിനും അധ്യയനത്തോടൊപ്പം പ്രാധാന്യം നല്കുന്ന പാഠ്യപ ദ്ധതിക്ക് ജൂൺ മാസത്തിൽ തുടക്കം കുറിച്ചു.

- **ബി.ടെക്. അഡ്മിഷൻ** : 2015-16 വർഷത്തെ മാനേജ്മെന്റ് ക്വോട്ടയിലേ ക്കുള്ള അഡ്മിഷൻ ജൂൺ 15, 16 തിയ്യതികളിലും, ഗവൺമെന്റ് ക്വോട്ടയി ലേക്കുള്ള അഡ്മിഷൻ ജൂലായ് 10 മുതൽ 15 വരെയുള്ള തിയ്യതികളിലും നടക്കുകയുണ്ടായി. മുഴുവൻ സീറ്റുകളിലേയ്ക്കും മെറിറ്റ് അടിസ്ഥാനത്തി ലാണ് അഡ്മിഷൻ നടത്തിയത്. എന്നാൽ എൻ.ആർ. ഐ. ക്വോട്ടയിലുള്ള 15% സീറ്റുകളിലേക്ക് മാത്രമേ മെറിറ്റിനുപുറമേ മറ്റു പരിഗണകൾ കൂടി എടുത്തിട്ടുള്ളത്.

- **ലാറ്ററൽ എൻട്രി വിദ്യാർത്ഥികൾ** : ലാറ്ററൽ എൻട്രിയിലൂടെ ബി.ടെക് രണ്ടാം വർഷത്തിലേയ്ക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഇൻഡ ക്ഷൻ പ്രോഗ്രാം (പ്രവേശനോത്സവം) ജൂൺ മാസം 25ന് നടക്കുകയു ണ്ടായി.

**വാഹനസൗകര്യം :** കോളേജ് ബസ്സുകളിൽ ഒരെണ്ണം ഇക്കൊല്ലം മുതൽ വാടാനപ്പിള്ളി വരേയും, മറ്റൊന്ന് ഇരിങ്ങാലക്കുടവരേയും, ഒരെണ്ണം മരത്താക്കര വഴി പള്ളിക്കുന്നുവരേയും, ഒരെണ്ണം മണ്ണുത്തി വഴി പട്ടിക്കാടു വരേയും സർവ്വീസ് നടത്തുന്നുണ്ട്. മൂന്നു ബസ്സുകൾ പാലക്കാട് ജില്ലയിലും, 17 ബസ്സുകൾ തൃശൂർ ജില്ലയിലും സർവ്വീസ് നടത്തുന്നതാണ്.

**ക്ലാസ്സുകൾ ആരംഭിക്കുന്നു** : ഈ വർഷത്തെ ബി.ടെക്. ക്ലാസ്സുകൾ ജൂലായ് 27 മുതലും എം.ടെക് ക്ലാസ്സുകൾ ഓഗസ്റ്റ് 3 മുതലും ആരംഭിക്കുന്നതാണ്. വിദ്യാരംഭ ചടങ്ങോടെ ആരംഭിക്കുന്ന ക്ലാസ്സിന്റെ ഉദ്ഘാടനദിവസം പുതിയതായി അഡ്മിഷൻ നേടിയ മുഴുവൻ കുട്ടികളും അവരുടെ രക്ഷിതാക്കളും പങ്കെടുക്കും.

**അനുശോചനം :** കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവിയായിരുന്ന പ്രൊഫ. രാധാമണി എ., ജൂലായ് 6ന് നിര്യാതയായി. ടീച്ചറുടെ നിര്യാണത്തിൽ, കോളേജ് മാനേജർ മോൺ. ജോർജ്ജ് എടക്കളത്തൂരിന്റെ നേതൃത്വത്തിൽ അനുശോചനം രേഖപ്പെടുത്തി. വയനാട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലായി വിരമിച്ച അവർ 2013 മുതൽ ജ്യോതിയിൽ പ്രവർത്തിച്ചുവരികയായിരുന്നു. കേരളത്തിലെ വിവിധ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും ജ്യോതി എഞ്ചിനീയറിംഗ് കോളേജിലുമായി 40 വർഷത്തോളം അധ്യാപികയായി പ്രവർത്തിച്ചിട്ടുണ്ട്. ടീച്ചറുടെ പൂർവ്വവിദ്യാർത്ഥിയും, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലുമായ ഡോ. കെ.കെ. ബാബു, കോളേജ് മാനേജ്മെന്റ്, സഹപ്രവർത്തകരും, വിദ്യാർത്ഥികളും അനുശോചനം രേഖപ്പെടുത്തുകയും പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. മാതൃതുല്യമായ സ്നേഹത്തോടെ കുട്ടികളെ സാങ്കേതികവിദ്യാഭ്യാസരംഗത്ത് കൈപ്പിടിച്ചുയർത്തിയ അധ്യാപികയെന്ന നിലയ്ക്ക് വിദ്യാർത്ഥിലോകം ടീച്ചറെ ഓർക്കുമെന്ന് കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ അനുസ്മരിച്ചു.

**സിവിൽ സർവ്വീസ് കോച്ചിംഗ്** : സിവിൽ സർവ്വീസിന് ഒരുങ്ങുന്നവർക്കു വേണ്ടി ഇക്കൊല്ലം ഐ.എ.എസ്.ന് സെലക്ഷൻ കിട്ടിയ ശ്രീ. ആനന്ദ് നേതൃത്വത്തിൽ ഒരു ക്ലാസ് സംഘടിപ്പിച്ചു. കുട്ടികൾക്ക് ക്ലാസ്സ് അത്യന്തം ആവേശകരമായി അനുഭവപ്പെട്ടു.

**ജ്യോതിയിൽ ധ്യാനം** : ചേലക്കര ഫൊറോന വൈദികരുടെ ജൂലായ് മാസത്തെ ധ്യാനവും കോൺഫ്രൻസും ജ്യോതിയുടെ ആതിഥേയത്തിൽ ജൂലായ് 8ന് നടക്കുകയുണ്ടായി.

- **വാർഷികധ്യാനം** : ജ്യോതിയിൽ രണ്ടാം വർഷ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ധ്യാനം ജൂലായ് 24, 25 തിയ്യതികളിൽ നടത്തുന്നതാണ്. മറ്റുള്ളവർക്ക് അന്നേദിവസം മോറൽ & വാല്യു ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്.

- **ഔഷധവനം** : നാച്ച്യുറ & എൻവയോൺമെന്റ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മുന്നോറോളം ഔഷധമരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന്റെ ഉദ്ഘാടനം ഡോ. സീതാലക്ഷ്മി (പ്രിൻസിപ്പൽ സൈന്റിസ്റ്റ്, ഐ.ആർ.ടി.സി., മുണ്ടൂർ) നിർവ്വഹിച്ചു. വിദ്യാർത്ഥികളും അധ്യാപകരുമായി ഇരുന്നോറോളം പേർ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.

**ഫാ. റോയ് ജോസഫ് വടക്കൻ**
**പി.ആർ.ഒ.**

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
**എക്സിക്യൂട്ടീവ് മാനേജർ**

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## കുട്ടികൾക്കായി ഗ്രാമസഭ പരിശീലനം നടത്തി

സോഷ്യൽ ആക്ഷന്റെ ആഭിമുഖ്യത്തിൽ സമന്വയ പദ്ധതിയോടനുബന്ധിച്ച്, സെന്റ് തോമസ് കോളേജ് HSS തൃശ്ശൂർ, സെന്റ് തോമസ് HSS തോപ്പ് , സെന്റ് ക്ലെയേഴ്സ് HSS തൃശ്ശൂർ, ഹോളിഫാമിലി HSS ചെമ്പൂക്കാവ്, സേക്രഡ് ഹാർഡ് HSS തൃശ്ശൂർ എന്നീ സ്കൂളുകളിൽ നിന്നുമായി 51 കുട്ടികൾ പങ്കെടുത്തു. കില എക്സ്റ്റൻഷൻ ഫാക്കൽറ്റി ഭാസ്കരൻ പള്ളിക്കരയുടെ നേതൃത്വത്തിൽ പരിശീലനം നടത്തി. തൃശ്ശൂർ കൗൺസിലർമാരായ പ്രൊഫ. ആനി ജോൺ, അഡ്വ.നാൻസി അക്കരപറ്റി എന്നിവർ പങ്കെടുക്കുകയും കുട്ടികളുമായി സംവദിക്കുകയും സംശയ നിവാരണം നടത്തുകയും ചെയ്തു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും സജീവപങ്കാളിത്തത്തിന്റെ ഭാഗമായി സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി സർട്ടിഫിക്കറ്റ് സമ്മാനിക്കുകയും ചെയ്തു.

## ജോയിന്റ് ലൈബലിറ്റി ഗ്രൂപ്പുകൾ ( JLG) ആരംഭിച്ചു.

സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കൂടുതൽ സഹായങ്ങൾ ലഭ്യമാകുന്ന ജോയിന്റ് ലൈബലിറ്റി ഗ്രൂപ്പുകൾ (JLG) ആരംഭിച്ചു. കണ്ണാറ യൂണിറ്റിൽ 6 ഗ്രൂപ്പുകളാണ് പച്ചക്കറി കൃഷിയും മറ്റ് കാർഷിക സംരംഭങ്ങളുമായി വരുമാന വർദ്ധക പരിപാടികൾ ആരംഭിച്ചത്. 4 മുതൽ 10 അംഗങ്ങൾ മാത്രം ഉൾക്കൊളുന്ന JLGകൾക്ക് ബാങ്കുകൾ ചുരുങ്ങിയ പലിശ നിരക്കിൽ ആവശ്യമായ തുക നൽകുന്നതിന് തയ്യാറായിട്ടുണ്ട്. തൃശ്ശൂർ ഈസ്റ്റ് ഫോർട്ട് കേരള ഗ്രാമീണ ബാങ്കാണ് ഓരോ യൂണിറ്റിനും 2 മുതൽ 2.5 ലക്ഷം രൂപ വരെ 4 ശതമാനം പലിശ നിരക്കിൽ വായ്പ നൽകിയത്.

ഈ പദ്ധതി കൂടുതൽ യൂണിറ്റുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് താല്പര്യമുള്ള സംഘങ്ങൾ സാന്ത്വനം സോഷ്യൽ ആക്ഷൻ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ

13/6/15 ന് നെടുപുഴ യൂണിറ്റിലും, 14/6/15 ന് കല്ലൂർ ഈസ്റ്റ് യൂണിറ്റിലും 12/07/15 നെല്ലങ്കര യൂണിറ്റിലും വാർഷിക പൊതുയോഗങ്ങളും തെരെഞ്ഞെടുപ്പും നടത്തി. റവ.ഫാ.ജോർജ്ജ് തേർമഠം, റവ.ഫാ.ജോഷി വെണ്ണാട്ടു

പറമ്പിൽ, റവ. ഫാ. മാത്യു വെട്ടത്ത് എന്നിവർ യോഗങ്ങൾക്ക് അദ്ധ്യക്ഷത വഹിക്കുകയും ഡയറക്ടർ ഫാ. തോമസ് പൂപ്പാടി യോഗങ്ങൾ ഉദ്ഘാടനം ചെയുകയും ചെയ്തു. തദവസരത്തിൽ വിവിധ വിഷയങ്ങളെ അധികരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു. റവ. ഫാ .അജീഷ് നെല്ലിക്കൽ, റവ. സി.ആൻ ജോസ്, റവ.സി.ലിസെറ്റ് ( ജോർദ്ദാനിയ കോവെന്റ്), ശ്രീ.ഷാജി, (കൈക്കാരൻ ) എന്നിവർ ആശംസകളർപ്പിച്ചു. കോഡിനേറ്റർ ബീന വർഗ്ഗീസ് നേതൃത്വം നൽകി

### ഫൊറോന എക്സിക്യൂട്ടിവ് യോഗം

സാന്ത്വനം ഹാളിൽ വച്ച് അതിരൂപത സ്നേഹനിധിയുടെ ഫൊറോന എക്സിക്യൂട്ടിവ് യോഗങ്ങൾ നടന്നു. യോഗത്തിൽ ജൂലായ് മാസത്തിൽ യൂണിറ്റ് സന്ദർശനവും കണക്കു പരിശോധനയും, ആഗസ്റ്റ് മാസത്തിൽ മേഖലാ സംഗമങ്ങളും നടത്തുവാനും തീരുമാനിച്ചു. നാല് മേഖലകളിലായി ആഗസ്റ്റ 10,11,12,14 തിയ്യതികളിലാണ് മേഖലാ സംഗമങ്ങൾ നടത്തുന്നത്. ഓരോ മേഖലയിലും പങ്കെടുക്കേണ്ട യൂണിറ്റ് പ്രതിനിധികളുടെ ഫൊറോനകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ലൂർദ്ദ് മേഖല | - ലൂർദ്ദ്, ബസിലിക്ക, പട്ടിക്കാട്, കൊട്ടേക്കാട് ( ആഗസ്റ്റ് 10) |
| ഒല്ലൂർ മേഖല | - ഒല്ലൂർ, പുത്തൂർ, പുതുക്കാട്, പഴുവിൽ ( ആഗസ്റ്റ് 11 ) |
| അത്താണി മേഖല | - വടക്കാഞ്ചേരി, എരുമപ്പെട്ടി, വേലൂർ, ചേലക്കര ( ആഗസ്റ്റ് 12 ) |
| പാലയൂർ മേഖല | - പാലയൂർ, മറ്റം, കണ്ടശ്ശാംകടവ്, പറപ്പൂർ ( ആഗസ്റ്റ് 14 ) |

### സ്നേഹനിധി അതിരൂപതാതല തെരെഞ്ഞെടുപ്പ്

ആഗസ്റ്റ് 24 ന് 2 മണിക്ക് ബിഷപ്സ് ഹൗസിൽ വച്ച് കൂടുന്ന യോഗത്തിൽ ഫൊറോന ഭാരവാഹികളിൽ നിന്നും അതിരൂപതാതല സ്നേഹനിധി ഭാരവാഹികളെ തെരെഞ്ഞെടുക്കുന്നു.

### ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാം

ഫാമലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി രൂപതയിലെ 11 ഇടവകകളിൽ ആയി പുതിയ അദ്ധ്യയന വർഷത്തിൽ വിദ്യാഭ്യാസത്തിന് കൊടുക്കേണ്ട പ്രാധാന്യത്തെക്കുറിച്ച് ആനിമേറ്റേഴ്സ് ക്ലാസുകൾ നടത്തി. ഫാമലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ കോർഡിനേറ്റർ, ആനിമേറ്റേഴ്സ് എന്നിവർ സേവ് എ ഫാമിലി നാഷണൽ സെന്ററിൽ വച്ച് നടത്തിയ 2 ദിവസത്തെ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെചേർക്കുന്നു

| ഇടവക | സംഖ്യ | ഇടവക | സംഖ്യ |
|---|---|---|---|
| മനക്കൊടി | 20,000/- | പീച്ചി | 15,000/- |

| | | | |
|---|---|---|---|
| വരടിയം | 8,000/- | പാലയൂർ | 9,000/- |
| ചെവ്വൂർ | 43,000/- | വീണ്ടശ്ശേരി | 5,000/- |
| വില്ലടം | 12,500/ | കൂനംമൂച്ചി | 10,000/- |
| പേരാമംഗലം | 13,500/- | പുല്ലംകണ്ടം | 9,500/- |
| ഇരവിമംഗലം | 3,000/- | അരിമ്പൂർ | 24,000/- |

**കഴിഞ്ഞ മാസം സാന്ത്വനത്തിൽ നിന്ന് നൽകിയ സഹായങ്ങൾ**

**വിദ്യാഭ്യാസ സഹായം ലഭിച്ച ഇടവകകൾ**

| | | | |
|---|---|---|---|
| ചേറ്റുപുഴ | - 12500/- | ചൊവ്വൂർ | - 125000/- |
| വേലൂപ്പാടം | - 12500/- | അമ്മാടം | - 12500/- |
| നടത്തറ | - 12500/- | വല്ലച്ചിറ | - 12500/- |
| വടക്കാഞ്ചേരി | - 12500/- | പള്ളിക്കുന്ന് | - 12500/- |
| മഡോണനഗർ | - 12500/- | | |

**ചികിൽസാ സഹായം-** ബ്രഹ്മകുളം - 10,000/-

**ഭവന നിർമ്മാണം** -82000/-

**ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു**

വീട്ടുമുറ്റത്തെ കിണറിനെ ജലസമൃദ്ധിയാക്കുക, വെള്ളത്തിന്റെ ഗുണ നിലവാരം ഉയർത്തുക, മഴവെള്ളം ശേഖരിക്കുക , സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി മഴനിറവ് സെമിനാർ ജില്ലയിലെ വിവിധ സ്കൂളുക ളിൽ സംഘടിപ്പിച്ചു .ചെമ്പൂക്കാവ് ഹോളി ഫാമലി സ്കൂൾ, അയ്യന്തോൾ നിർമല യു പി സ്കൂൾ , ചൂണ്ടൽ ഡി പോൾ സ്കൂൾ എന്നിവിടങ്ങളിൽ ക്ലാസുകൾ നടത്തി.

സമന്വയ പദ്ധതിയോടനുബദ്ധിച്ച് സോഷ്യൽ ആക്ഷന്റെ ആഭിമുഖ്യത്തിൽ ജൂ 17 ന് ആർച്ച്ബിഷപ്സ് ഹൗസിൽ വെച്ച് പരിസ്ഥിതി സംരക്ഷണത്തെ കുറിച്ച് അവബോധന ക്ലാസ്സ് നടത്തുകയുണ്ടായി. തൃശ്ശൂർ രൂപതയിലെ പ്രധാ ന സംഘടനകളിലെ ഭാരവാഹികളായ 35 ഓളം പേർ പങ്കെടുത്തു. കാരി ത്താസ് ഇന്ത്യാ സോണൽ മാനേജർ ഡോ. ഹരിദാസ് വി. ആർ ക്ലാസ്സ് നയി ച്ചു. സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി അദ്ധ്യക്ഷത വഹിച്ചു. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെകുറിച്ചും, തെറ്റായ ഭക്ഷണരീതിയെ കുറിച്ചും, ക്ലാസിൽ പ്രതിപാദിച്ചു.

SPED-III പ്രോജക്ടിന്റെ ഭാഗമായി ചേലക്കര പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. വിവിധ തരം മാലിന്യ നിർമ്മാർജന മാർഗ്ഗങ്ങളെക്കുറിച്ചും ക്യാൻസർ രോഗത്തെപ്പ റ്റിയും പോഷക ആഹാരത്തെപ്പറ്റിയും വായനയുടെ പ്രാധാന്യത്തെകുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി,

ശ്രീ ആന്റണീസ് വിതയത്തിൽ (ജില്ലാ ഹോസ്പ്പിറ്റൽ തൃശ്ശൂർ) ശ്രീമതി ടോണിയ ആന്റണീസ് (കോപ്പറേറ്റിവ് സ്ക്കൂൾ ഓഫ് നേഴ്സിങ്ങ് ട്യൂട്ടർ) മിസ്സ് ലീമ പോൾസ (കോഡിനേറ്റർ ഗോഡ്സ് ഓൺ ഫാമിലി സാന്ത്വനം) എന്നിവർ ക്ലാസ് നയിക്കുകയും ചെയ്തു. ശ്രീമതി ബിനിത രതീഷ്, ശ്രീമതി റീജോ സജി, വാറ്റ് മെമ്പർമാർ, ആനിമേറ്റേഴ്സ് എന്നിവർ ബോധവൽക്കരണ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ചേലക്കര പഞ്ചായത്തിൽ വിവിധ വാർഡുകളിൽ നടത്തിയ ബോധവൽക്കരണ ക്ലാസ്സുകളിൽ 600-ഓളം പേർ പങ്കെടുത്തു.

**പരിശീലന ക്ലാസുകൾ നടത്തി.**

SPED-III പ്രോജക്ടിന്റെ ഭാഗമായി ചേലക്കര പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വിവിധ തരം തൊഴിൽ പരിശീലനങ്ങൾ (സോപ്പ്, സോപ്പ്പൊടി, ഫിനോൾ, മെഴുകുതിരി) സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്ക് നൽകി . ശ്രീമതി ലത മോഹൻ ( -EDP സ്കിൽ ട്രയ്നർ ) ശ്രീമതി ദിന ശിവരാമൻ (STED ഫാകൽറ്റി അയ്യന്തോൾ) എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

**ചണസഞ്ചികൾ വിതരണം ചെയ്തു**

ചേലക്കര, മുള്ളൂർക്കര പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്ലാസ്റ്റികിന്റെ ഉപയോഗം കുറക്കുവാനും അതുവഴി പ്രകൃതിയോട് കൂടുതൽ ഇണങ്ങി ജിവിക്കുവാനും പ്രകൃതിയെ സംരക്ഷിക്കുവാനുമായി ചണസഞ്ചികൾ വിതരണം ചെയ്തു. വിവിധ വാർഡുകളിലായി 700-ഓളം ചണസഞ്ചികൾ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി വിതരണം ചെയ്തു. ശ്രീമതി ബിനിത രതീഷ്, ശ്രീമതി റീജോ സജി, വാറ്റ് മെമ്പർമാർ, വാർഡ് മെമ്പർമാർ, ആനിമറ്റേഴ്സ് എിവർ നേതൃത്വം നൽകി.

**ഗ്രോബാഗുകൾ വിതരണം ചെയ്തു**

ചേലക്കര പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വില്ലേജ് ആക്ഷൻ ടീമിലെ അംഗങ്ങൾക്ക് ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി വിഷാംശം ഇല്ലാത്ത പച്ചക്കറി ലഭിക്കുന്നതിനും ബോധവൽക്കരണ ക്ലാസ് നൽകുകയും 100-ഓളം ഗ്രോബാഗുകളും വിത്തുകളും ഡയറക്ടർ ഫാ. തോമസ് പൂപ്പാടി വിതരണം ചെയ്തു.

**ഫാ. തോമസ് പൂപ്പാടി**

**ഡയറക്ടർ, സാന്ത്വനം**

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### സി.സി. വാർത്തകൾ

1. നെന്മണിക്കര, പുല്ലഴി ചിറനെല്ലൂർ, ഇടവകകളിൽ സംഘടനയുടെ പുതിയ കോൺഫ്രൻസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി.

2. അതിരൂപതയിലെ 4 മേഖലകളിലായി വിൻസെൻഷ്യൻ മേഖല കൺവെൻഷൻ നടത്തുവാൻ തീരുമാനിച്ചു. കോൺഫ്രൻസ് ഭാരവാഹികൾ, ഏരിയ കൗൺസിൽ ഭാരവാഹികൾ സെന്റർ കൗൺസിൽ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി നടത്തുന്ന കൗൺവെൻഷനുകളിൽ മേഖലയിലെ ഫൊറോന വികാരിയച്ചന്മാരെ ക്ഷണിക്കുവാനും തീരുമാനിച്ചു.

3. അന്യസംസ്ഥാനങ്ങളിൽ ദാരിദ്ര്യവും കഷ്ടതകളും അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി ഇന്റേണൽ ടിന്നിംഗ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചു.

4. സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് ബഹു. ആന്റണി ചെമ്പകശ്ശേരി അച്ചന്റെ നാമഹേതുക തിരുനാളിൽ സി.സി. അംഗങ്ങൾ പൂച്ചെണ്ട് നൽകി ആശംസകൾ നേർന്നു.

5. മറ്റം ഏരിയ കൗൺസിലിന്റെ 41–ാം വാർഷികാഘോഷം പുതുശ്ശേരി സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് നടത്തി. എ. സി. ആദ്ധ്യാത്മികോപദേഷ്ടാവ് വെരി. റവ. ഫാ. ഡേവീസ് പനങ്കുളം വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. സെൻട്രൽ കൗൺസിൽ ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. ആന്റണി ചെമ്പകശ്ശേരി അദ്ധ്യക്ഷത വഹിച്ചു. കോൺഫ്രൻസ് ആദ്ധ്യാത്മികോപദേഷ്ടാവ് ഫാ. പോൾ പുലിക്കോട്ടിൽ സമ്മാനദാനം നടത്തി. സി.സി. പ്രസിഡണ്ട് ബ്ര. കെ. എ.ഷിബു മുഖ്യപ്രഭാഷണം നടത്തുകയും മുൻ എ സി. പ്രസിഡണ്ട് ടി. ഡി ജോർജ്ജ് മാസ്റ്റർ ഇടവക ട്രസ്റ്റി ശ്രീ.തോമസ് കൊള്ളന്നൂർ എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. എ.സി. പ്രസിഡണ്ട് ബ്ര. സി.കെ. ജോയ് സ്വാഗതവും കോൺഫ്രൻസ് പ്രസിഡണ്ട് സി.എൻ. സൈമൺ മാസ്റ്റർ നന്ദിയും പറഞ്ഞു.

| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **പോൾസൺ കെ. കെ.** |
|---|---|---|
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി.സി.പ്രസിഡണ്ട് | സെക്രട്ടറി |

# ഫ്രാൻസിസ്കൻ അത്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അല്മായ സഭയുടെ യോഗം പ്രസിഡണ്ട് പി.ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ വടക്കാഞ്ചേരി എ. ആർ. സി. സെന്ററിൽ വെച്ച് കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഫാ. പോൾ അടമ്പുകുളം ഫാ. ഫ്രാങ്കോ വടക്കൻ,. ഫാ. നിക്സൺ, സി. റോസിലിൻ, സി. അർച്ചന എന്നിവർ പങ്കെടുത്തു. തോമസ് ഡൊമിനിക് സ്വാഗതം പറഞ്ഞു. സെക്രട്ടറി കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിറ്റ് തല ഇലക്ഷൻ നടന്നുവരുന്നു.

ജൂലായ് 3-ാം തിയതി സെന്റ് തോമസിന്റെ ദുക്റാന തിരുനാൾ എല്ലാ യൂണിറ്റുകളിലും ഭക്തിപൂർവ്വം ആഘോഷിച്ചു. ജൂലായ് 10, 11, 12 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ കറുകുറ്റി അസ്സീസി ശാന്തി കേന്ദ്രത്തിൽ വെച്ച് നാഷണൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന റീജിയണൽ പ്രസിഡണ്ടുമാരുടെ യോഗത്തിൽ നമ്മുടെ അഞ്ചു റീജിയണുകളുടെ അംഗങ്ങൾ പങ്കെടുത്തു. ആഗസ്റ്റ് 15ന് ഇന്ത്യൻ സ്വാതന്ത്ര്യദിനവും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഭക്തിപൂർവ്വം യൂണിറ്റുകളിൽ ആചരിക്കുവാൻ തീരുമാനിച്ചു. യോഗത്തിന് ഡോ. ജെറി ജോസഫ് നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ യോഗം അവസാനിപ്പിച്ചു.

യേശുവിൽ എളിയ സഹോദരൻ,

**വി.സി. സണ്ണി,**
സെക്രട്ടറി

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

1. **"ആഗോള പുകവലി വിരുദ്ധ ദിനാചരണം**

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ജൂൺ 26ന് അതിരൂപത മദ്യവിരുദ്ധ സമിതിയും കരുമത്ര -മച്ചാട് യൂണിറ്റുകളും സംയുക്തമായി പരിപാടികൾ സംഘടിപ്പിച്ചു. പരിപാടിക്കൊരുക്കമായി വടക്കാഞ്ചേരി, വേലൂർ, എരുമപ്പെട്ടി, ചേലക്കര ഫൊറോനകളിൽ ബോധവൽക്കരണ വാഹന പ്രയാണം നടത്തി. വൈകീട്ട് ഡയറക്ടറച്ചൻ ദിവ്യബലി അർപ്പിച്ചു. കരുമത്ര പള്ളി ഹാളിൽ അരങ്ങേറിയ സമ്മേളനം വികാരി ജനറാൾ മോൺ ജോർജ്ജ് കോമ്പാറയാണ് ഉദ്ഘാടനം ചെയ്തത്. അതിരൂപത പ്രസിഡണ്ട് ശ്രീ. ജോസ് ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു. വടക്കാഞ്ചേരി ഫൊറോന വികാരി വെരി. റവ. ഫാ. തോബിയാസ് ചാലയ്ക്കൽ മുഖ്യപ്രഭാഷണം നൽകി. വികാരി

ഫാ. ചാക്കോ ചിറമ്മൽ ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. സുനിൽ ജെയ്ക്കബ്ബ്, മച്ചാട് പള്ളി വികാരി ഫാ. ബിജു ആലപ്പാട്ട്, ശ്രീമതി പ്രേമ മൈക്കിൾ, ജനറൽ സെക്രട്ടറി ശ്രീ. തോമസ് ചിറമ്മൽ തുടങ്ങിയവർ പ്രസംഗിച്ചു. അതിരൂപത ട്രഷറർ ശ്രീ. ജോണി ചിറ്റിലപ്പിള്ളി, മേഖലാ കൺവീനർ ശ്രീ. ഫ്രാൻസീസ് തേർമഠം, ശ്രീ. തോമസ് അക്കര, റെസിൽ കുര്യാക്കോസ് തുടങ്ങിയവരാണ് നേതൃത്വം നല്കിയത്. മുന്നൂറിലേറെ ആളുകൾ പൊതുസമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായി.

**2. പുതുക്കാട് ഫൊറോനയിൽ ബോധവൽക്കരണം**

കെ.സി. ബി.സി. മദ്യവിരുദ്ധ സമിതി പുതുക്കാട് ഫൊറോനയുടെ ആഭിമുഖ്യത്തിൽ ഫൊറോനയിലെ ഇരുപത്തഞ്ചോളം കേന്ദ്രങ്ങളെ കോർത്തിണക്കി ഇരുചക്രവാഹന റാലിയും ബോധവൽക്കരണവും സംഘടിപ്പിച്ചു. പുതുക്കാട് സെന്ററിൽ ഉച്ചയ്ക്ക് നടന്ന പൊതുസമ്മേളനം മുഖ്യാതിഥി സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സേവ്യാർ പള്ളിപ്പാട്ട് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഫൊറോന പ്രസിഡണ്ട് ശ്രീ. ആന്റണി പന്തല്ലൂക്കാരനായിരുന്നു അദ്ധ്യക്ഷൻ ജനകീയ മുന്നണി ചെയർമാൻ ശ്രീ. സി. സി. സാജൻ, പോലീസ് ഇൻസ്പെക്ടർ ശ്രീ. ടി. വി.എസ്. സന്തോഷ് തുടങ്ങിയവർ പ്രസംഗിച്ചു. ജൂൺ 26 അർത്ഥവത്തായി ആചരിച്ച ഭാരവാഹികൾക്കും പങ്കെടുത്തു വിജയിപ്പിച്ചവർക്കും അഭിനന്ദനങ്ങൾ.

**3. ബോധദീപ്ത പ്രഭാഷണങ്ങൾ**

ആഗോളലഹരി വിരുദ്ധ ദിനമായ ജൂൺ 26ന് കരുവാങ്കാട്, മച്ചാട്, വടക്കാഞ്ചേരി, വലപ്പാട്, കഴിമ്പ്രം, ആർത്താറ്റ് തുടങ്ങിയ സ്ഥലങ്ങളിലെ സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഡയറക്ടറച്ചൻ, ശ്രീ. ജോസ് ആലപ്പാട്ട്, ശ്രീ. തോമസ് ചിറമ്മൽ എന്നിവരാണ് പ്രഭാഷണങ്ങൾ നടത്തിയത്. വേദിയൊരുക്കിയ സ്കൂൾ അധികൃതർക്കും, പി.ടി.എ. ഭാരവാഹികൾക്കും സഹകരിച്ച ആയിരത്തിൽപരം വിദ്യാർത്ഥികൾക്കും പ്രത്യേകം നന്ദിയും ആശംസകളും.

**4. മദ്യവരുദ്ധ പ്രവർത്തക കൺവെൻഷൻ**

തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ ജൂലൈ 11 ശനിയാഴ്ച മദ്യവിരുദ്ധ പ്രവർത്തക കൺവെൻഷൻ അരങ്ങേറി. നൂറോളം പേർ പങ്കെടുത്ത

സമ്മേളനം ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ജോസ് ആലപ്പാട്ടാണ് അദ്ധ്യക്ഷത വഹിച്ചത്. സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സേവ്യാർ പള്ളിപ്പാട്ട് വളരെ നന്നായി ക്ലാസ്സെടുത്തു. സംസ്ഥാന സെക്രട്ടറി ജെയിംസ് മുട്ടിക്കൽ തോമസ് ചിറമ്മൽ, ജോണി ചിറ്റിലപ്പിള്ളി ശ്രീമതി പ്രേമ മൈക്കിൾ തുടങ്ങിയവർ പ്രസംഗിച്ചു.

**5. കൂപ്പൺ പദ്ധതി**

അതിരൂപത മദ്യവിരുദ്ധ സമിതി പ്രവർത്തക ഫണ്ട് രൂപീകരിക്കുന്നതിനായി മുൻയോഗ നിശ്ചയിച്ചപ്രകാരം ഒരു കൂപ്പൺപദ്ധതി ആവിഷ്ക്കരിക്കുകയാണ്. ഫൊറോന പ്രസിഡണ്ടുമാർ വഴിയാണ് പുസ്തകങ്ങൾ വിതരണം ചെയ്യുക. ഒന്നരമാസമാണ് ഫണ്ട് ശേഖരണത്തിന് ഉദ്ദേശിച്ചിട്ടുള്ള സമയം. ബഹു. വികാരിയച്ചന്മാരുടെ അനുവാദത്തോടും സഹകരണത്തോടും കൂടെ ഉദാരമതികളിൽ നിന്ന് സംഭാവന സ്വീകരിക്കുകയും കൃത്യമായും സത്യസന്ധമായും ഓഫീസിൽ ഏൽപിക്കുകയും ചെയ്യണം. യൂണിറ്റു ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**വി. കുർബ്ബാന മദ്ധ്യേ ബോധവൽക്കരണം**

ചേറൂർ, എളനാട്, പാലയ്ക്കൽ, മച്ചാട്, പൊങ്ങണംകാട് എന്നീ ഇടവകകളിൽ ഡയറക്ടറച്ചൻ ഞായറാഴ്ചകളിൽ ദിവ്യബലി അർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. പാലയ്ക്കൽ, എളനാട് എന്നീ ഇടവകകളിൽ മദ്യവിരുദ്ധ സമിതി പുനസംഘടിപ്പിച്ച് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ജൂലൈ 12ന് വരാപ്പുഴ അതിരൂപതയിലെ മദ്യവിരുദ്ധ പ്രവർത്തകർക്ക് ബഹു. ഡയറക്ടറച്ചൻ ക്ലാസ്സ് എടുത്തു.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**കെ. എൽ. ആന്റണി**
പി. ആർ. ഒ.

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 688–ാമതും കൂരിയായുടെ 701–ാംമതും സമ്മേളനം 2015 ജൂലായ് 5ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രസിഡണ്ട് കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടും, ജപമാലയോടും കൂടി ആരംഭിച്ചു. ജ്ഞാനവായനക്കുശേഷം റിപ്പോർട്ടും കണക്കും വായിച്ചു പാസാ

ക്കി. ഹാജർ എടുത്തതിനുശേഷം എല്ലാ മരിയ സൈനികരേയും പ്രസിഡ ണ്ട് സ്വാഗതം ചെയ്തു.

ലൂർദ്ദ് നാഥാ പ്രസീദിയത്തിന്റെ 6 മാസത്തെ റിപ്പോർട്ട് സി. അൽഫോൺസ ജോർജ്ജ് സമർപ്പിച്ചു കുടിശികയുള്ള പ്രസീദിയങ്ങൾ റിപ്പോർട്ട് സമർപ്പിക്കു ന്നതിന് സെക്രട്ടറി ഓർമ്മിപ്പിച്ചു.

ഒല്ലൂർ കൂരിയായിൽ പെട്ട മരത്താക്കര ഇടവകയോട് ചേർന്ന് കിടക്കുന്ന പള്ളികളിലെ പ്രസീദിയങ്ങൾ വേർതിരിച്ച് മരത്താക്കര ആസ്ഥാനമായി പുതിയ കൂരിയ സ്ഥാപിക്കുമെന്ന് മരത്താക്കര പ്രസീദിയങ്ങളുടെ ആഗ്രഹം കൂരിയാ യിൽ സമർപ്പിക്കുകയും കൂരിയ മീറ്റിംഗിൽ ഈ അപേക്ഷ പരിഗണിച്ചതിനു സരിച്ച് കമ്മീസിയത്തിന്റെ അനുവാദത്തിനായി സമർപ്പിച്ച് അപേക്ഷ മരത്താ ക്കര പുതിയ കൂരിയ തുടങ്ങുന്നതിനുള്ള അംഗീകാരം നൽകുകയും ചെയ്തു.

സൈനീക ജപശൃംഖലയ്ക്കു ശേഷം ബഹു. ആദ്ധ്യാത്മിക നിയന്താവിന്റെ അഭാവത്താൽ ബ്ര. പ്രസിഡണ്ട് പ്രഭാഷണം നടത്തി. ഭാരതത്തിന്റെ അപ്പ സ്തോലനായ വി. തോമസ്സിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചും തീഷ്ണമായ വിശ്വാസത്തെക്കുറിച്ചും ബ്ര. പ്രസിഡണ്ട് സൂചിപ്പിച്ചു.

പുല്ലഴി സെന്റ് ജോസഫ് പള്ളിയിൽ പുതിയ പ്രസീദിയം ആരംഭിക്കുന്ന തിനെക്കുറിച്ച് സെക്രട്ടറി അറിയിച്ചു. 6 മാസത്തിലൊരിക്കൽ പ്രസീദിയം, കൂരിയ സന്ദർശം നടത്തുന്നതിനെക്കുറിച്ചും വർഷത്തിലൊരിക്കൽ ആഗസ്റ്റ് മാസം നടത്തുന്ന ഏകദിന ആരാധനയെക്കുറിച്ചും സൈനീകരെ ഓർമ്മിപ്പിച്ച് അവസാന പ്രാർത്ഥനക്ക് ശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

കമ്മീസിയം സെക്രട്ടറി
**പി.സി. കുരിയപ്പൻ**

# കെ. സി. വൈ. എം.

**വി. തോമസ് മൂർ ദിനം ആഘോഷിച്ചു.**

21.06.2015 ൽ കെ.സി.വൈ.എം. ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ ദിവസം വളരെ മനോഹരമായി അതിരൂപത കെ.സി.വൈ.എം. ആഘോഷിച്ചു. വികാരി ജന റാൾ മോൺ ജോർജ്ജ് കോമ്പാറ തോമസ് മൂർ ദിനത്തിന്റെ ആഘോഷം ഉദ്ഘാടനം നിർവ്വഹിക്കുകയും വി. തോമസ് മൂറിനെക്കുറിച്ച് വളരെ നല്ല രീതിയിൽ വിശദീകരിക്കുകയും , വി. തോമസ് മൂറിന്റെ ജീവിതാനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. റവ. ഫാ. ജിയോ കടവി, ജോസ് മോൻ ഫ്രാൻസീസ്, ജെസ്റ്റിൻ നടയ്ക്കലാൻ എന്നിവർ നേതൃത്വം നൽകി.

**പഠനശിബിരം ഫൊറോന തലത്തിൽ കെ. സി. വൈ. എം.**

തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. ഫൊറോന ശാക്തീകരണത്തിന്റെ ഭാഗമായി 14.06.2015 പുത്തൂർ ഫൊറോനയിലും 21.06.2015 പുതുക്കാട് ഫൊറോ

നയിലും ഒല്ലൂർ ഫൊറോനയിലും പഠനശിബിരങ്ങൾ സംഘടിപ്പിച്ചു. അതിരൂപത ഫൊറോന ഭാരവാഹികൾ നേതൃത്വം നൽകി.

**ജൂലൈ 3– ദുക്റാന തിരുനാൾ ആഘോഷിച്ചു.**

തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. എല്ലാ യൂണിറ്റുകളിലും രാവിലെ വി. കുർബ്ബാനക്ക് കെ.സി.വൈ.എം. അംഗങ്ങൾ നേതൃത്വം നൽകി. രാവിലെ വി. കുർബ്ബാനയ്ക്ക് ശേഷം കെ. സി. വൈ.എം. പതാക ഉയർത്തുകയും പ്രതിജ്ഞ ചൊല്ലി, പുതിയ അംഗങ്ങളെ സ്വാഗതം ചെയ്യുകയും ചെയ്തു.

**ജൂലൈ:** 4, 5, 6 തീയതികളിൽ കെ.സി.വൈ.എം.സംസ്ഥാന അർദ്ധവാർഷിക സെനറ്റ് സമ്മേളനം എറണാകുളം പി.ഒ.സിയിൽ നടന്നു. തൃശ്ശൂർ അതിരൂപതാ ഭാരവാഹികളെല്ലാവരും സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ പങ്കെടുക്കുകയും തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. ജനറൽ സെക്രട്ടറി ജെസ്റ്റിൻ നടയ്ക്കലാൻ റിപ്പോർട്ട് അവതരിപ്പിക്കുകയും, പാസാക്കുകയും ചെയ്തു. വളരെ നല്ല അഭിപ്രായമാണ് സംസ്ഥാന സമിതി തൃശ്ശൂർ അതിരൂപത പ്രവർത്തനങ്ങൾക്ക് നൽകിയത്. സി. ടീന മരിയ, ജോസ്മോൻ ഫ്രാൻസീസ്, ജെസ്റ്റിൻ നടയ്ക്കലാൻ, സിന്റോ പുതുക്കാട് എന്നിവർ നേതൃത്വം നൽകി.

പ്രവാചക യുവത്വവും സമർപ്പിത ചൈതന്യവും എന്ന ആപ്തവാക്യം ഉൾകൊണ്ട് അതിരൂത കെ.സി.വൈ.എംന്റെ നേതൃത്വത്തിൽ ഫിദേലിയ –2015 യൂത്ത് ലീഡേഴ്സ് മീറ്റ് യുവജന നേതാക്കളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ അയ്യന്തോൾ ഇടവകയുടെ ആതിഥേത്വത്തിൽ ഓഗസ്റ്റ് രണ്ടാം തീയതി ഞായറാഴ്ചകാലത്ത് 9 മണി മുതൽ വൈകീട്ട് 4.30 വരെ (വിളംബര ജാഥ, യൂത്ത് മാസ് സെമിനാർ, സാംസ്കാരിക സദസ്സ്, പൊതുസമ്മേളനം, യുവജനറാളി) വിവിധ പരിപാടികളോടെ സംഘടിപ്പിച്ചിരിക്കുന്നു. കെ.സി. വൈ.എം. യൂണിറ്റിലെ എല്ലാ ഭാരവാഹികളും നിർബന്ധമായും പങ്കെടുത്ത് ലീഡേഴ്സ് മീറ്റ് വിജയിപ്പക്കണ്ണെന്ന് താല്പര്യപ്പെടുന്നു.

11.07.15ൽ പുതിയതായി ചാർജ്ജെടുത്ത അതിരൂപത കെ.സി.വൈ.എം. അസിസ്റ്റന്റ ഡയറക്ടർ റവ. ഫാ. ജിന്റോ പെരേപ്പാടൻ സ്വാഗതം ചെയ്തു.

സംസ്ഥാന കെ.സി.വൈ.എം. വാർഷിക സെനറ്റ് ജനുവരി 2016 15, 16, 17 തീയതികളിൽ തൃശ്ശൂർ അതിരൂപത കെ.സി. വൈ.എം ആഥിതേയത്വം വഹിക്കുന്നതിന്റെ ഭാഗമായിട്ടുള്ള ഇൻവിറ്റേഷൻ കാർഡ് കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പണ്ടാരശ്ശേരി പിതാവിന് തൃശ്ശൂർ അതിരൂപത ഭാരവാഹികളായ ജോസ്മോൻ ഫ്രാൻസീസ്, ജെസ്റ്റിൻ നടയ്ക്കലാൻ എന്നിവർ നൽകി സ്വാഗതം ചെയ്യുകയും പിതാവ് സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ ഇൻവിറ്റേഷൻ കാർഡ് പ്രകാശനം ചെയ്യുകയും ചെയ്തു.

| | | |
|---|---|---|
| **റവ. ജിയോ കടവി** | **ജോസ്മോൻ ഫ്രാൻസീസ്** | **ജെസ്റ്റിൻ ജോസ് നടയ്ക്കാൻ** |
| **ഡയറക്ടർ** | **പ്രസിഡണ്ട്** | **സെക്രട്ടറി** |

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

കാത്തലിക് നേഴ്സസ് ഗിൽഡിന്റെ അതിരൂപതാ ജനറൽ ബോഡി ഏങ്ങണ്ടിയൂർ എം.ഐ. ഹോസ്പിറ്റലിൽ വെച്ച് ജൂലൈ 19, 2 pm ന് നടന്നു. അതിരൂപതാ സി.എൻ.ജി. ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. ഏങ്ങണ്ടിയൂർ എം.ഐ. ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് ആലപ്പാട്ട് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. നവംബർ മാസത്തിൽ നടക്കാനിരിക്കുന്ന നൈറ്റിംഗേൽസ് മീറ്റ് 2015 നെക്കുറിച്ച് ചർച്ച ചെയ്ത തീരുമാനങ്ങൾ എടുക്കുകയും വിവിധ കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. സി.എൻ.ജി.ഐ. സെക്രട്ടറി സി. റൊസീന എഫ്. സി. സി. പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു.

'ദിയാക്കോണിയ പാലിയേറ്റീവ് കെയർ' യൂണിറ്റിന്റെ പ്രവർത്തന ഫലമായി നിർമ്മലപുരം, മുള്ളൂർക്കര, അവണൂർ എന്നീ ഇടവകകളിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ കടന്ന് ചെന്ന് നിർദ്ധനരായ കിടപ്പുരോഗികൾക്ക് ചികിത്സാ സഹായം കൈമാറുകയും രോഗീപരിചരണത്തെക്കുറിച്ച് അറിവ് പകർന്നു കൊണ്ട് അവരോടൊത്ത് പ്രാർത്ഥിക്കുകയും ചെയ്തു.

പഴുവിൽ മിഷൻ ഹോസ്പിറ്റലിൽ ഈ വർഷത്തെ ഇന്റർനാഷണൽ നേഴ്സസ് ഡെ സമുചിതമായി ആഘോഷിച്ചു. നേഴ്സുമാർക്കുവേണ്ടി ഒരു പ്രാർത്ഥന നടത്തി. ബൊക്കെ നൽകി അവരെ ആദരിച്ചു. അഡ്മിനിസ്ട്രേറ്റർ റവ. സി. മെറ്റിൽഡ പോൾ എഫ്. സി. സി., സിഎൻജി.ഐ. യൂണിറ്റ് അംഗങ്ങൾ, മറ്റ് സ്റ്റാഫുകൾ ഒത്തുചേർന്ന്, എല്ലാ ദിവസവും രോഗികൾക്കും രോഗീപരിചരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമായി ഒരുമണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി വരുന്നു.

**Jubilee Mission Medical College Hospital**

ജൂബിലി മിഷൻ ഹോസ്പിറ്റിൽ സി.എൻ.ജി.ഐ. യൂണിറ്റ് പ്രസിഡണ്ടായി റവ. സി. ലിജി പോൾ എഫ്. സി. സി. യെ തിരഞ്ഞെടുത്തു. ഈ കഴിഞ്ഞ വർഷം സേവനം കാഴ്ചവെച്ച സി.ആൻസി ഒ.പിയ്ക്ക് സി.എൻ.ജി. ഐയുടെ ഹൃദയം നിറഞ്ഞ നന്ദി. മെയ് 12ന് നേഴ്സസ് ഡേ യോടനുബന്ധിച്ച് റവ. ഫാ. ജോസ് ഐനിക്കലിന്റെ നേതൃത്വത്തിൽ ആഘോഷമായ ദിവ്യബലിയും നേഴ്സുമാർ തങ്ങളെത്തന്നെ സമർപ്പിക്കുന്നതിന്റെ ഭാഗമായി, ദിവ്യബലി മദ്ധ്യേ കാഴ്ചസമർപ്പണം നടത്തുകയും ചെയ്തു. കൂടുതൽ സമർപ്പണ മനോഭാവത്തോടെ സേവനം ചെയ്യണമെന്ന വചനസന്ദേശം അച്ചൻ നൽകി. ഇതിനോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ അമല കോളേജ് ഓഫ് നേഴ്സിംഗ് പ്രിൻസിപ്പാൾ ഡോ. റെജി രഘുനാഥ്, ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ ടി. വി. ചന്ദ്രമോഹൻ, അസി. ഡയറക്ടർ ഫാ. ജോബി കടപ്പൂരാൻ, പ്രിൻസിപ്പാൾ ഡോ. രാമൻകുട്ടി എന്നിവർ വിശിഷ്ടാതിഥികളായി.

നേഴ്സിംഗ് സുപ്രണ്ട് സി. ഫിലോപോൾ സി.എം.സി., നേഴ്സിംഗ് സ്കൂൾ പ്രിൻസിപ്പാൾ സി.സുമി എഫ്.സി.സി., നേഴ്സിംഗ് പ്രിൻസിപ്പൾ മിസ് ആഞ്ജല ജ്ഞാനദുരൈ എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. ഈ വർഷത്തെ മോട്ടോ ആയി WHO സ്വീകരിച്ചിരിക്കുന്ന Cost Effective care effective എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. റെജി രഘുനാഥ് ഒരു ചെറു വിവരണം നൽകി. കലാവിരുന്നും, സ്നേഹവിരുന്നും വചനസന്ദേശവും ഈ ദിനത്തെ ഹൃദ്യമാക്കി

| ഡയറക്ടർ | സെക്രട്ടറി |
|---|---|
| **റവ.ഫാ. സിജോ അരിക്കാട്ട്** | **സി. റൊസീന ഡേവീസ് FCC** |

# ജീസസ്സ് യൂത്ത്

**കമ്മിറ്റ്മെന്റ് ഡേ**

മെയ് 26-ാം തിയതി ഞായറാഴ്ച വിമല കോളേജ് (ചേറൂർ) വച്ച് നടന്ന കമ്മിറ്റ്മെന്റ് ഡേയിൽ ആയിരത്തോളം വരുന്ന ജീസസ് യൂത്ത് പങ്കെടുക്കുകയുണ്ടായി. അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്തിന്റെ സാന്നിദ്ധ്യം പ്രോഗ്രാമിന്റെ മാറ്റുകൂട്ടി. 530-ഓളം വരുന്ന യുവജനങ്ങൾ ജീസസ്സ് യൂത്ത് പ്രാർത്ഥനയിൽ പങ്കുകൊള്ളാമെന്നും ജീസസ് യൂത്ത് ജീവിതശൈലിയിൽ ജീവിക്കാമെന്നും ജീസസ് യൂത്ത് മുന്നേറ്റം ഒരുക്കുന്ന രൂപവത്കരണ പരിപാടികളിൽ സഹകരിക്കാമെന്നും പ്രതിജ്ഞയെടുത്തു. ശ്രീ. ജോയൽ ഒല്ലൂർ ആയിരുന്നു കമ്മിറ്റ്മെന്റ് ഡേയുടെ ജനറൽ കോർഡിനേറ്റർ. ഫാ. ജോർജ്ജ് കുന്നേൽ ഒ.എഫ്.എം. മുഖ്യപ്രഭാഷണം നടത്തി. അതിരൂപത അസി. ആനിമേറ്റർ ഫാ.ബിനോയ് ചിറ്റിലപ്പിള്ളി,കേരള ജീസസ്സ് യൂത്ത് മുൻ കോർഡിനേറ്റർ ശ്രീ. സിൻജോ പി. കെ. എന്നിവർ സന്നിഹിതരായിരുന്നു. ശ്രീ. ഷൈജു മാത്യു, അഡ്വ. ജോജോ എന്നിവർ ലിറ്റർജിക്കു നേതൃത്വം നൽകി. അതിരൂപതാ ജീസസ് യൂത്ത് കോർഡിനേറ്റർ ശ്രീ. ഡെന്നി ഡേവീസ് നന്ദിയർപ്പിച്ചു.

**Pray for India**

നാഷണൽ ജീസസ് യൂത്ത് ഇന്റർസെഷൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്രേ ഫോർ ഇന്ത്യ കാംപയിന്റെ ഭാഗമായി കേരള റീജിയണിൽ തൃശ്ശൂർ അതിരൂപതയുടെ ദിവസമായ ജൂലൈ 9-ാം തിയതി വ്യാഴാഴ്ച ലൂർദ്ദ് പള്ളിയിൽ വെച്ച് വൈകീട്ട് 6.30മുതൽ 8.30 വരെ മദ്ധ്യസ്ഥ പ്രാർത്ഥന നടന്നു.

തൃശ്ശൂർ അതിരൂപത ജീസസ് യൂത്തിന്റെ ഇന്റർസെഷൻ മിനിസ്ട്രിയുടെ കോർഡിനേറ്റർ ശ്രീ. വിനേഷ് മരത്താക്കര പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. അൻപതോളം യുവജനങ്ങൾ ഒരുമിച്ച് ഇന്ത്യക്കുവേണ്ടിയും ഇന്ത്യയുടെ രാഷ്ട്രീയ ഭരണാധികാരികൾക്കും ഭരണ സംവിധാനത്തിനും ഇന്ത്യയിലെ ക്രൈസ്തവ സഭക്കുവേണ്ടിയും പ്രാർത്ഥിച്ചു.

**സബ്സോൺ വൺഡേ**

ജൂൺ, ജൂലൈ മാസങ്ങളിലെ ആദ്യ ഞായറാഴ്ച അതിരൂപതയുടെ കീഴിലുള്ള ഫൊറോനകളുടെ ആഭിമുഖ്യത്തിൽ സബ്സോൺ വൺഡേകൾ നടന്നു. ബഹുമുഖ പരിപാടികളിലൂടെ കടന്നുപോയ പരിപാടി, ജീസസ് യൂത്തിനെ പ്രാർത്ഥനയിൽ വളരാനും പുതിയ പ്രവർത്തന രീതികൾ പ്രവർത്തനമേഖലകൾ എന്നിവ പരിചയപ്പെടാനും ഉതകുന്നതായിരുന്നു.

**ട്രെയ്നിംഗ്**

അതിരൂപതാ തലത്തിൽ ജൂലൈ 10, 11, 12 തിയതികളിൽ 16 ഫൊറോനകളിലേയും 9 മിനിസ്ട്രികളേയും കോർഡിനേറ്റർമാർക്കുവേണ്ടിയുള്ള പരിശീലനം കുറ്റൂർ സിയോൺ സെന്ററിൽ വച്ചു നടന്നു. ജൂലൈ 17, 18, 19 തിയതികളിൽ എല്ലാ സർവ്വീസ് ടീമുകൾക്കും വേണ്ടിയുള്ള പരിശീലനം മണ്ണുത്തി ഡോൺബോസ്കോ കോളേജിൽ വെച്ച് നടന്നു.

അതിരൂപതയിലെ യുവജനങ്ങൾക്കുവേണ്ടി എല്ലാ ചൊവ്വാഴ്ചയും പുത്തൻപള്ളിക്കു സമീപമുള്ള മാതാനികേതനിൽ വച്ച് 6.30 pm മുതൽ 8.30pm പ്രാർത്ഥന കൂട്ടായ്മ നടത്തുന്നു.

ഈ കാലഘട്ടത്തിൽ, കാലവ്യത്യാസത്തിനനുസരിച്ച് സഭയുമായി ചേർന്ന്, പരിശുദ്ധാത്മാവിൽ ശക്തി സ്വീകരിച്ച് ക്രിസ്തുവിൽ ആഴപ്പെടാനും പ്രാർത്ഥനയിൽ വളരാനും വേണ്ട പരിശീലന ക്രമങ്ങൾ ജീസസ് യൂത്ത് ആവിഷ്ക്കരിച്ചു വരുന്നു.

എന്ന്

| | | |
|---|---|---|
| **ഫാ. ഫ്രാൻസീസ് ആളൂർ** | **ഫാ. ബിനോയ് ചിറ്റിലപ്പിള്ളി** | ഡെന്നി ഡേവീസ് |
| ഡയറക്ടർ, ജീസസ്സ് യൂത്ത് | അസി. ഡയറക്ടർ | കോർഡിനേറ്റർ |

# സി. എൽ. സി.

**കാരിത്ത വിദ്യാഭ്യാസ പദ്ധതി**

അതിരൂപത സി. എൽ. സിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ ദത്തെടുത്ത് പഠിപ്പിക്കുന്ന കാരിത്ത വിദ്യഭ്യാസപദ്ധതിയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നവർ അതിരൂപത സി. എൽ. സി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഓരോ വർഷവും 60 കുട്ടികളെ ദത്തെടുക്കുകയും അവർക്ക് വേണ്ട പഠനോപകരണങ്ങൾ, ഫോർമേഷൻ, യോഗാ ക്ലാസ്സുകൾ എന്നിവ ഒരുക്കുകയുമാണ് കാരിത്ത വിദ്യാഭ്യാസ പദ്ധതിയെകൊണ്ട് ഉദ്ദേശിക്കുന്നത്.

**വി. ഇഗ്നേഷ്യസ് ലെയോള അനുസ്മരണം, സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു.**

തൃശ്ശൂർ അതിരൂപത സി. എൽ. സി.യുടെ നേതൃത്വത്തിൽ വി. ഇഗ്നേഷ്യസ് ലെയോള അനുസ്മരണം എരുമപ്പെട്ടി ഫൊറോനയിൽ സംഘടിപ്പിക്കുന്നതിന്റെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം എരുമപ്പെട്ടി ഫൊറോന വികാരി വെരി. റവ. ഫാ. പോൾ താണിക്കൽ നിർവ്വഹിച്ചു. ഫൊറോന സി. എൽ. സി. പ്രമോട്ടർ റവ. ഫാ. ജാക്സൺ ചാലക്കൽ അതിരൂപത സി. എൽ. സി. പ്രസിഡണ്ട് ഡിൽജോ തരകൻ, ഫൊറോന പ്രസിഡണ്ട് സിന്റോ കെ.ടി., അതിരൂപത ഭാരവാഹികൾ ഫൊറോന യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. അനുസ്മരണ ദിനത്തിന്റെ പ്രവർത്തനങ്ങൾക്ക് വിവിധ കമ്മിറ്റികളെ തിരഞ്ഞെടുത്തു. എസ്. എസ്. എൽ.സി., +2 അവാർഡു നേടിയവരെ ആദരിക്കാമെന്ന് തീരുമാനിച്ചു.

**ഫൊറോന മരിയൻ കലോത്സവം**

സി.എൽ. സി. പ്രവർത്തകരുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി അതിരൂപത സി. എൽ.സി. കലാമേള സംഘടിപ്പിക്കുന്നു ഫൊറോന തല മത്സരങ്ങളിൽ വിജയികളായവരാണ് അതിരൂപത തലത്തിൽ മത്സരിക്കേണ്ടത്. ഫൊറോന തലമത്സരങ്ങൾ ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ സംഘടിപ്പിക്കുവാൻ ഫൊറോന ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്. ഇത്തവണ അതിരൂപത തലത്തിൽ സാഹിത്യമത്സരങ്ങൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. സാഹിത്യ മത്സരങ്ങൾ അതിരൂപത തലത്തിലാണ് സംഘടിപ്പിക്കുന്നത്. ഫൊറോന തലമത്സരയിനങ്ങൾ - ലളിതഗാനം, പുത്തൻപ്പാന, മോണോ ആക്ട്, സിംഗിൾ ഡാൻസ്, ഗ്രൂപ്പ് സോങ്ങ്, ഗ്രൂപ്പ് ഡാൻസ്, മൈം, മാർഗ്ഗം കളി, തെരുവുനാടകം എന്നിവയും അതിരൂപത സാഹിത്യമത്സരങ്ങൾ പെൻസിൽ ഡ്രോയിങ്ങ്, കാർട്ടൂൺ, കവിതാ രചന, കഥാരചന, ഉപന്യാസം എന്നിവയുമാണ്.

**യൂണിറ്റ് വിസിറ്റ് നടത്തി**

നടത്തറ, വരാക്കര യൂണിറ്റുകളിൽ അതിരൂപത പ്രമൊട്ടർ വിസിറ്റ് നടത്തി.

**ജനറൽ ബോഡി യോഗം**

അതിരൂപത സി.എൽ. സി. ജനറൽ ബോഡി യോഗം പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. അതിരൂപത സി. എൽ.സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയിത്ത്, അതിരൂപത ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. മരിയോത്സവം, ഫുട്ബോൾ ടൂർണ്ണമെന്റ് അഫലിയേഷൻ യൂണിറ്റ് ഇലക്ഷൻ

തുടങ്ങിയവ സംഘടിപ്പിക്കുവാൻ യോഗം തീരുമാനിച്ചു.

**പ്രവർത്തന സമിതി യോഗം നടന്നു.**

അതിരൂപത സി. എൽ.സി. പ്രവർത്തക സമിതി യോഗം പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. അതിരൂപത പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് നേതൃത്വം നൽകി.

എന്ന്

റവ. ഫാ. ജിയോ തെക്കിനിയത്ത് — ബിജിൽ സി. ജോസഫ്
പ്രൊമോട്ടർ — ജന. സെക്രട്ടറി

റവ. ഫാ.ആന്റണി മേച്ചേരിപ്പടി
അസി. പ്രൊമോട്ടർ

# ആബാ റിന്യൂവൽ സെന്റർ

**സബ്സോൺ (ഫൊറന)സർവ്വീസ് ടീമുകളുടെ പരിശീലന പരിപാടി**

തൃശ്ശൂർ അതിരൂപതയിലെ 16 ഫൊറോനകളിലെയും സബ്സോൺ സർവ്വീസ് ടീമംഗങ്ങളുടെ ആദ്യ ബാച്ചിന്റെ പരിശീലനം ജൂലൈ 3 വെള്ളിയാഴ്ച വൈകീട്ട് 5 മണി മുതൽ 4 ശനിയാഴ്ച 5 മണി വരെ ആബാ റിന്യൂവൽ സെന്ററിൽ നടത്തി. അതിരൂപതാ കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം മുൻ കെ. എസ്.ടി. സെക്രട്ടറി സെബാസ്റ്റ്യൻ കാഞ്ഞിരപ്പള്ളി എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. തുടർന്ന് ജൂലൈ 17, 18 ജൂലൈ 24, 25 ജൂലൈ 31, ആഗസ്റ്റ് 1 എന്നീ ദിവസങ്ങളിലും പരിശീലന പരിപാടി നടത്തുന്നതാണ്. തൃശ്ശൂർ സോണൽ സർവ്വീസ് ടീം പരിപാടികൾക്ക് നേതൃത്വം നൽകി.

**മിനിസ്ട്രികളുടെ പുന സംഘടന**

പാരീഷ് മിനിസ്ട്രി (വചന പ്രഘോഷകരും കൗൺസിലേഴ്സും)

സർവ്വീസ് ടീം പുനഃസംഘടന മെയ് 4ന് നടന്നു. മിനിസ്ട്രിയുടെ പുതിയ സർവ്വീസ് ടീമിന്റെ കോ ഓർഡിനേറ്ററായി റോയ് ടി.ഒ.യെയും സെക്രട്ടറിയായി ഷാജി സി.ഐ. യെയും അംഗങ്ങളായി ദേവസി ടി. പി., ജോയ് മുക്കാട്ടുകര, ബൈജു കുരിയച്ചിറ, ലീന പോൾ, റജി ജോണി, റൂബി ജോയ് എന്നിവരെയും തിരഞ്ഞെടുത്തു. പുനഃസംഘടനക്ക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം സോണൽ കോർഡിനേറ്റർ സാബു എം. വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

**മദ്ധ്യസ്ഥ പ്രാർത്ഥന**

സോണൽ തലത്തിലുള്ള മിനിസ്ട്രിയുടെ പുനസംഘടന ജൂൺ 27ന് ആബാ ധ്യാനകേന്ദ്രത്തിൽ നടന്നു. പുനഃസംഘടനയ്ക്ക് ഡയറക്ടർ റവ. ഫാ.

ഷാജൻ തേർമഠം, ആനിമേറ്റർ റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ, സോണൽ കോ ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, മിനിസ്ട്രിയുടെ കോൺടാക്ട് പേഴ്സൺ ഷെവ. സണ്ണി തേക്കാനത്ത് എന്നിവർ നേതൃത്വം നൽകി. പുതിയ സർവ്വീസ് ടീം താഴെ കൊടുക്കുന്നു. പി.ടി. പോൾ (കോ-ഓർഡിനേറ്റർ) ജോസ് ടി. മൈക്കിൾ (സെക്രട്ടറി) സി. ഒ. തോമസ് (ട്രഷറർ)

അംഗങ്ങൾ : ട്രിജോ വർഗ്ഗീസ്, സെബാസ്റ്റ്യൻ കെ. പി. ജോൺസൺ വലക്കാവ്, ഷെർളി വർഗ്ഗീസ്, മറിയാമ്മ ഡേവീസ്, സ്റ്റെല്ല വർഗ്ഗീസ്

**ഫൊറോന (സബ്സോൺ) കൂട്ടായ്മകൾ**

പാലയൂർ : സബ്സോൺ കൂട്ടായ്മ പാവറട്ടി വി. യൗസേപ്പ് പിതാവിന്റെ തീർത്ഥകേന്ദ്രത്തിൽ ജൂൺ 28 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നടന്നു. സ്ഥലം മാറിപ്പോകുന്ന ആനിമേറ്റർ റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂരിന് യാത്രയയപ്പ് നൽകി. പ്രാർത്ഥനാ കൂട്ടായ്മകളുടെ പ്രാധാന്യത്തെക്കുറിച്ച് കരിസ്മാറ്റിക് നവീകരണം അതിരൂപതാ കോ ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് ക്ലാസ്സെടുത്തു. സെക്രട്ടറി സി. ടി. സെബാസ്റ്റ്യൻ ഫൊറോന കോ ഓർഡിനേറ്റർ പി. കെ. ലാസർ എന്നിവർ നേതൃത്വം നൽകി.

കണ്ടശ്ശാംകടവ് : കാരമുക്ക് വി. സ്നാപകയോഹന്നാന്റെ ദൈവലായത്തിൽ ജൂൺ 28 ഞായറാഴ്ച 2 മുതൽ 5 വരെ സബ്സോൺ കൂട്ടായ്മ നടന്നു. മുൻ അതിരൂപത കരിസ്മാറ്റിക് കോ-ഓഡിനേറ്റർ എം. എ. ബാബു വചന സന്ദേശം നൽകി. അതിരൂപത ട്രഷറർ വിൻസെന്റ് ചിറയത്ത്, കോ ഓർഡിനേറ്റർ ജോസ്മണി കെ. പി. എന്നിവർ നേതൃത്വം നല്കി.

എരുമപ്പെട്ടി : സബ്സോൺ കൂട്ടായ്മ ജൂൺ 28ന് മങ്ങാട് സെന്റ് ജോർജ്ജ് ദൈവാലയത്തിൽ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നടന്നു. സോണൽ സർവ്വീസ് ടീം അംഗം വിജു വചനശുശ്രൂഷ നയിച്ചു. സബ്സോൺ കോ-ഓർഡിനേറ്റർ ബാബു പി.വി. പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി

പഴുവിൽ : സബ്സോൺ കൂട്ടായ്മ ജൂൺ 21 ഞായറാഴ്ച പഴുവിൽ ഫൊറോന ദൈവാലയത്തിൽ ഉച്ചകഴിഞ്ഞ് 3 മണി മുതൽ നടത്തി. സോണൽ സർവ്വീസ് ടീം അംഗങ്ങളായ ഷെവ. സണ്ണി തേക്കാനത്ത്, അൽഫോൺസ് അബ്രഹാം, സബ്സോൺ കോഓർഡിനേറ്റർ ടോണി തയ്യാലക്കൽ എന്നിവർ നേതൃത്വം നൽകി

ബസിലിക്ക : സബ്സോൺ കൂട്ടായ്മ ജൂൺ 28ന് ചേറ്റുപുഴ ഇടവക ദേവാലയത്തിൽ ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ നടന്നു. ആനിമേറ്റർ റവ. ഫാ. പയസ് കണ്ടത്തിൽ വചന ശുശ്രൂഷ നടത്തി. ഫൊറോന കോ ഓർഡിനേറ്റർ സ്റ്റാൻലി സി. കെ. നേതൃത്വം നൽകി

| ഡയറക്ടർ | കോ ഓർഡിനേറ്റർ | സെക്രട്ടറി |
|---|---|---|
| **റവ. ഫാ. ഷാജൻ തേർമഠം** | **സാബു എം. വർഗ്ഗീസ്** | **സി.റ്റി സെബാസ്റ്റ്യൻ** |

# ചിൽഡ്രൻസ് മിനിസ്ട്രി

0487-2325336, 9947582522

**നന്ദി... സ്വാഗതം**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി 2014 – 2015 പ്രവർത്തന കലാഘട്ടത്തിൽ ചിൽഡ്രൻസ് മിനിസ്ട്രി സഹായിക്കുകയും ഉന്നമനത്തിനായി പ്രവർത്തിക്കുയം ചെയ്ത തിരുബാല സഖ്യ സെക്രട്ടറി ഏഞ്ചൽ റാഫി, ട്രഷറർ ലിസ്സി ജോസ്, ജൂനിയർ സി. എൽ.സി. പ്രതിനിധി അനിൽ, ഗീതാ വിൽസൺ, അൾത്താര സംഘം പ്രതിനിധി അബി പോൾ, സി. കൃപ, എന്നിവർക്കും ചിൽഡ്രൻസ് മിനിസ്ട്രിയുടെ നന്ദികളർപ്പിക്കുന്നു.

2015 – 2016 പ്രവർത്തന കാലഘട്ടത്തിലെ പ്രവർത്തനങ്ങളെ നയിക്കുന്നതിനായി പുതുതായി തിരഞ്ഞെടുക്കപ്പെട്ട തിരുബാലസഖ്യ സെക്രട്ടറി സി. ബിൽജി ട്രഷർ അനീസ്, ജൂനിയർ സി. എൽ.സി. പ്രതിനിധി അജി ജോസ് വർഗ്ഗീസ് എന്നിവർക്കും ചിൽഡ്രൻസ് മിനിസ്ട്രിയുടെ അനുമോദനങ്ങൾ.

ചിൽഡ്രൻസ് മിനിസ്ട്രിയുടെ പ്രവർത്തന കാലഘട്ട ഉദ്ഘാടനവും ആനിമേറ്റേഴ്സ് സംഗമവും നടത്തി

2015 ജൂൺ 20-ാം തിയതി ശനിയാഴ്ച ഡി.ബി. സി.എൽ. സിയിൽ വെച്ച് അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ചിൽഡ്രൻസ് മിനിസ്ട്രി പ്രവർത്തന കാലഘട്ട ഉദ്ഘാടനവും ആനിമേറ്റേഴ്സ് സംഗമവും നടത്തി. റവ. മോൺ ജോർജ്ജ് കോമ്പാറ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. 2015-16 വർഷത്തെ വാർഷിക പ്രോഗ്രാം, സെയിൻസ് ക്വിസ് 2015-16 എന്നിവയുടെ പ്രകാശവനും നടന്നു. പുതിയ ഫൊറോന ആനിമേറ്റർമാരെ തെരഞ്ഞെടുത്തു. 200ൽ പരം ആനിമേറ്റർമാർ മീറ്റിംഗിൽ പങ്കെടുത്തു. റവ. ഫാ. ഷാജു അക്കര ഒരു ഓറിയന്റേഷൻ ക്ലാസ് നൽകി.

**പുതിയ ഫൊറോന ആനിമേറ്റർമാർ**

| ഫൊറോന | തിരുബാലസഖ്യം | ജൂനിയർ സി. എൽ.സി. | അൾത്താരസംഘം |
|---|---|---|---|
| Lourde | Sr. Bilgy Anto<br>Mrs. Beena Xavier | Sr. Arpitha<br>Sr. Alint | Jeevan Joy<br>Sr. Bency |
| Basilica | Mr. Bindhu<br>Sr. Ansel Mary | Sr. Neena | Aji Jose<br>Sr. Udaya |
| Chelakkara | Sr. Carlet<br>Sr. Geomaria | | Sr. Chrispin |
| Erumapetty | Mrs. Preetha<br>Sr. Rilby | Jarly | Sheeja |
| Kandasankadavu | Jiji Johnson<br>Sr. Soumya | Sr. Cicilia<br>Smibi Lijo | Sr.Jani Mary<br>Reena Jos |
| Kottekkad | Beena A.J. | Geetha Wilson<br>Sr. Tesling SD | Sheel Varghese |

| | | | |
|---|---|---|---|
| Mattam | Mary Ouseph | - | Sr. Lima |
| Ollur | Mrs. Liza Anto<br>Mrs. Lissy | Sr. Melvi | Sr. Noel<br>Br. Christo |
| Palayur | Sr. Remya<br>Rosling Johnson | | Sr. Renny<br>Sr. Sali |
| Parappur | Sr. Navya<br>Shiji Joshy | Sr. Lincy | Rebelo Pius |
| Pattikad | Sr.Anisha<br>Sr. Rani Maria | Sr. Seena<br>Sr.Ann Rose | Sr. Kripa Toms<br>Sr. Nima |
| Pazhuvil | Sr. Dhanya<br>Snigal Places | Tina Thomas | Lucy |
| Pudukad | Annies Joy<br>Sr. Sheej | Sr. Shiny<br>Sr. Nessy | |
| Puthur | Sr. Basili<br>Sr. Treesa | | |
| Velur | Sr.Sally<br>Sr. Dolly | Rosy Thomas<br>Princy | Varghese |
| Vadakanchery | Sr. Mercy Lucy<br>Sr. Visi | Sr. Geomaria<br>Sr. Shaji | Sr. Pushpi |

## ബൈബിൾ പൂക്കളേഴ്സ്

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിന് മത ബോധന വിദ്യാർത്ഥികൾക്കായി 2015 ഓഗസ്റ്റ് 29 ശനിയാഴ്ച രാവിലെ 9 മണി മുതൽ 12 മണി വരെ കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു.

**നിബന്ധനകൾ**

1. പന്ത്രണ്ടാം ക്ലാസ്സും അതിനുതാഴെയുമുള്ള ക്ലാസ്സുകളിലെ മതബോധന വിദ്യാർത്ഥികൾ മാത്രമാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
2. ഒരു ഇടവകയിൽ നിന്നും ഒരു ടീം മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. ടീമിൽ 7 പേർ കവിയരുത്.
3. 5 അടിയുള്ള സമചതുരത്തിനുള്ളിൽ ഒതുങ്ങുന്ന ഏതാകൃതിയുള്ള പൂക്കളവും നിർമ്മിക്കാവുന്നതാണ്.
4. ബൈബിൾ സംഭവങ്ങളെ ആധാരമാക്കി വേണം പൂക്കളങ്ങൾ നിർമ്മിക്കാൻ
5. പൂവ് ഉൾപ്പെടെ എന്ത് ഉപയോഗിച്ച് വേണമെങ്കിലും കളം നിർമ്മിക്കാം. മത്സരഹാളിൽ പ്രവേശിച്ചു കഴിഞ്ഞാൽ പുറത്തുനിന്ന് യാതൊരു സഹായവും ലഭിക്കുന്നതല്ല.
6 ഒരു ടീമിന് രജിസ്ട്രേഷൻ ഫീസ് 100 രൂപയുമാണ്.
7. രാവിലെ 9ന് നറുക്കെടുപ്പിലൂടെയാണ് പൂക്കളത്തിനുള്ള സ്ഥലങ്ങൾ നിശ്ചയിച്ചെടുക്കപ്പെടുക.
8. ഒന്ന് രണ്ട്, മൂന്ന് സമ്മാനങ്ങളും കൂടാതെ 10 പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നു.

9. ആഗസ്റ്റ് 22ന് മുമ്പ് പാസ്റ്ററൽ സെന്ററിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ പങ്കെടുക്കുന്ന യൂണിറ്റുകൾ പേര് നൽകേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത ടീമുകളെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

## Saints Quiz 2015 - 2016

വിശുദ്ധരെക്കുറിച്ച് പഠിക്കാനും അവരുടെ മാതൃകകൾ ഉൾക്കൊള്ളാനും മിഷൻ ലീഗിനെ കൂടുതലറിയുവാനായി തൃശ്ശൂർ അതിരൂപത മിഷൻ ലീഗ് ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി ഈ വർഷവും സെയിന്റ്സ് ക്വിസ് 2015-2016 നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

ഇടവക തലത്തിൽ ഒക്ടോബർ 25നും ഫൊറോന തലത്തിൽ ഡിസംബർ 6നും അതിരൂപതാ തലത്തിൽ 2016 ഏപ്രിൽ 23നും നടത്തപ്പെടുന്നു. സബ്ജൂനിയർ (5ക്ലാസ്സ് മുതൽ 7-ക്ലാസ്സ് ഉൾപ്പെടെ) ജൂനിയർ (8-ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് ഉൾപ്പെടെ) സീനിയർ (11-ാം ക്ലാസ്സ് മുതൽ എ.സി.സി. ക്ലാസ്സ് ഉൾപ്പെടെ) എന്നീ വിഭാഗങ്ങളിലാണ് ഇടവക തലത്തിൽ സെയിന്റ്സ് ക്വിസ് നടത്തേണ്ടത്. ഓരോ വിഭാഗത്തിലും ഒന്നാം സമ്മാനർഹരാകുന്ന കുട്ടികളെ ചേർത്ത് (3 പേർ മാത്രം) ഒരു ടീമായി ഫൊറോന തലത്തിലുള്ള സെയിന്റ് ക്വിസ്സിൽ പങ്കെടുക്കണം. ഫൊറോന തലത്തിൽ ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന ടീമാണ് രൂപതാതലത്തിലുള്ള സെയിന്റ് ക്വിസിൽ പങ്കെടുക്കേണ്ടതാണ്. ഇടവക ഫൊറോന തല സെയിന്റ് ക്വിസ് എഴുത്തുരൂപത്തിലും അതിരൂപത തലത്തിൽ സെയിന്റ് ക്വിസ് ഓഡിയോ വിഷ്വൽ രൂപത്തിലുമായിരിക്കും.

മൂന്ന് തലത്തിലേയും ചോദ്യങ്ങൾ പൂർണ്ണമായും സെയിന്റ്സ് ക്വിസ് 2015-2016 മത്സര പഠനസഹായി,കത്തോലിക്ക സഭ പത്രത്തിലെ മതബോധന ചർച്ച സഹായി(ദർശനം) (ജൂൺ 2015-2016 ഏപ്രിൽ വരെ) കരുണയുടെ മുഖം എന്നിവയിൽ നിന്നായിരിക്കും തൃശ്ശൂർ അതിരൂപതയെക്കുറിച്ചുള്ള പൊതുവായ ചോദ്യങ്ങളും ഉണ്ടായിരിക്കും.

## തിരുബാലസഖ്യം

**അർദ്ധദിന സെമിനാർ**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസഖ്യം ആനിമേറ്റേഴ്സിനും ലീഡേഴ്സിനുമായി 2015 സെപ്തംബർ 26-ാം തിയതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.30 വരെ ഡി. ബി. സി. എൽ. സിയിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ തിരുബാലസഖ്യ ആനിമേറ്റേഴ്സും

ഭാരവാഹികളും (2 പേർ) ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെയെണ്ണം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ് (ഫോൺ 04872325336, 9947582522, 8547250833)

## ജൂനിയർ സി.എൽ.സി.

**അർദ്ധദിന സെമിനാർ :**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജൂനിയർ സി. എൽ. സി. ആനിമേറ്റേഴ്സിനും ലീഡേഴ്സിനുമായി 2015 സെപ്റ്റംബർ 19ന് ശനിയാഴ്ച ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.30 വരെ ഡി. ബി. സി.എൽ.സിയിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ ജൂനിയർ സി.എൽ. സി. ആനിമേറ്റർമാരും ഭാരവാഹികളും (2 പേർ) ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. (ഫോൺ 0487 2325336, 99475825222, 8547250833)

## അൾത്താര സംഘം

**'അർദ്ധ ദിനസെമിനാർ**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അൾത്താര സംഘത്തിന്റെ ആനിമേറ്റേഴ്സിനും ലീഡേഴ്സിനുമായി 2015 സെപ്റ്റംബർ 12ന് ശനിയാഴ്ച ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.30 വരെ ഡി. ബി. സി.എൽ.സിയിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ അൾത്താരസംഘ ആനിമേറ്റർമാരും ഭാരവാഹികളും (2 പേർ) ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. (ഫോൺ 0487 2325336, 99475825222, 8547250833)

**ബെർക്കുമെൻസ് ഡേ**

2015 ആഗസ്റ്റ് 13 വി. ജോൺ ബെർക്കുമെൻസിന്റെ (അൾത്താര ശുശ്രൂഷകളുടെ മദ്ധ്യസ്ഥൻതിരുനാൾ ആഗോള സഭയിലാചരിക്കുന്നു. ഓരോ യൂണിറ്റുകളും പ്രാർത്ഥന ദിനം ആചരിക്കുകയും പതാക ദിനമായി ആചരിക്കുകയും വേണം.

## പ്രാർത്ഥിക്കാൻ ....... പ്രവർത്തിക്കാൻ

**2015–ആഗസ്റ്റ്**

തിരുവചനപഠനം : വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല (ഹെബ്രാ. 11 :6)

സുകൃതജപം : "എന്റെ അമ്മേ, എന്റെ ആശ്രയമായിരിക്കണമേ

പ്രാർത്ഥനാനിയോഗം ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക..

പ്രവർത്തനം : പാവങ്ങൾക്ക് ഒരു നേരത്തെ ആഹാരം നൽകുക..

പരിചയപ്പെടുത്തുന്ന വിശുദ്ധ : വി. ജോവാൻ ഓഫ് ആർക്ക്

കോഡിനേറ്റർ
**സി. മിനി എസ്. എസ്. പി. സി**

ഡയറക്ടർ, ചിൽഡ്രൻസ് മിനിസ്ട്രി
**റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ**

# കത്തോലിക്കാ കോൺഗ്രസ്സ്

**സാമുദായിക ശാക്തീകരണം സമൂഹനന്മയ്ക്ക്**

സാമൂദായിക ശാക്തീകരണം സമൂഹനന്മയ്ക്ക് കാരണമാകണമെന്ന് മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. തൃശ്ശൂർ അതിരൂപത കത്തോലിക്ക കോൺഗ്രസിന്റെ പ്രഥമ തിരഞ്ഞെടുപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഫാ. വിൻസെന്റ് കുണ്ടുകുളം മുഖ്യപ്രഭാഷണം നടത്തി. ഭാരവാഹികളായി ശ്രീ. പ്രൊഫ. കെ. എം. ഫ്രാൻസീസ് (പ്രസിഡണ്ട്), ശ്രീ. ജോഷി വടക്കൻ, ശ്രീമതി പ്രൊഫ. എലിസബത്ത് മാത്യു (വൈസ് പ്രസിഡണ്ടുമാർ) ശ്രീ. ഡേവീസ് പുത്തൂർ (ജനറൽ സെക്രട്ടറി), ശ്രീ. ജോൺസൺ ജോർജ്ജ്, ശ്രീമതി ലീല വർഗ്ഗീസ് (ജോ. സെക്രട്ടറിമാർ), ശ്രീ. തൊമ്മി പിടിയത്ത് (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. മോൺ. ജോർജ്ജ് കോമ്പാറ തിരഞ്ഞെടുപ്പ് പ്രക്രിയക്ക് നേതൃത്വം നൽകി. ഡയറക്ടർ ഫാ. ജിയോ കടവി, ഫാ. ജിന്റോ പെരേപ്പാടൻ എന്നിവർ സംസാരിച്ചു.

കത്തോലിക്കാ കോൺഗ്രസ്സിന്റെ ഫൊറോനതല ഇലക്ഷൻ ജൂൺ 28-ാം തിയതി ഞായറാഴ്ച അതാത് ഫൊറോനകളിൽ ഫൊറോന വികാരിമാരുടേയും ഫൊറോന ഡയറക്ടർമാരുടേയും നേതൃത്വത്തിൽ നടന്നു. സഹകരിച്ച എല്ലാവർക്കും നന്ദി.

കത്തോലിക്കാ കോൺഗ്രസ്സ് സംഘടന ഇല്ലാത്ത ഇടവകകളിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ സംഘടനാ രൂപീകരണമെന്നും സംഘടന ഉള്ള ഇടവകകളിൽ കൂടുതൽ പേരെ സംഘടനയിൽ ചേർന്ന് സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

കത്തോലിക്കാ കോൺഗ്രസ്സിന്റെ അതിരൂപതാ തലത്തിലുള്ള മഹാസംഗമം ഓഗസ്റ്റ് 23-ാം തിയതി ഞായറാഴ്ച അതിരൂപതയിൽ വെച്ച് സംഘടിപ്പിക്കുന്നു. പ്രസ്ഥാനത്തിന്റെ എല്ലാ അംഗങ്ങളും പങ്കെടുത്ത് വിജയിപ്പിക്കുക.

**മോചന യാത്രക്ക് സ്വീകരണം**

കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരത്തിനായി നടത്തുന്ന മോചനയാത്രക്ക് 2015 ആഗസ്റ്റ് 6-ാം തീയതി കാലത്ത് 7.30ന് കൊമ്പഴയിൽ വച്ച് തൃശ്ശൂർ അതിരൂപതാ സ്വീകരണം നൽകുന്നു. തുടർന്ന് വിവിധ സ്ഥലങ്ങളിൽക്കൂടി കടന്നുപോകുന്ന മോചനയാത്ര തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിനു മമ്പിൽ 6.00 മണിക്ക് സമാപിക്കുന്നു.

7-ാം തിയതി കാലത്ത് പുനരാരംഭിക്കുന്ന മോചനയാത്ര 8 മണിക്ക് ഒല്ലൂരിലും 9 മണിക്ക് പുതുക്കാടും 9.30ന് കുറുമാലി പാലത്തിനു സമീപവും എത്തിച്ചേരുകയും തുടർന്ന് ഇരിഞ്ഞാലക്കുട രൂപതയിലേക്ക് പ്രവേശിക്കുന്നതാണ്.

| | | |
|---|---|---|
| **കെ. എം. ഫ്രാൻസീസ്** | **ഡേവീസ് പൂത്തൂർ** | **ഫാ. ജിയോ കടവി** |
| പ്രസിഡണ്ട് | ജനറൽ സെക്രട്ടറി | ഡയറക്ടർ |

# അതിരൂപത ദർശന സമൂഹം
# തൃശ്ശൂർ

## ദർശനസമൂഹാംഗങ്ങൾ സഭയുടെ അംഗരക്ഷകർ

അതിരൂപതയിലെ ദർശനസമൂഹാംഗങ്ങൾ സഭയുടെ അംഗരക്ഷകരാണെന്നും ഇടവകയുടെ ആദ്ധ്യാത്മിക സമ്പത്തിനുമുതൽക്കൂട്ടാണെന്നും അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അഭിപ്രായപ്പെട്ടു. മരത്താക്കര പള്ളിയിൽ വെച്ച് തൃശ്ശൂർ അതിരൂപത ദർശനസമൂഹത്തിന്റെ 7-ാമത് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അഭിവന്ദ്യ പിതാവ്. ഫെബ്രിവരി 22ന് കാലത്ത് 9 മണിക്ക് എം. എം. ബി. ജനറൽ ബ്രദർ ഫ്രാങ്ക്ളിൻ കണ്ണമ്പുഴ പതാക ഉയർത്തിയതോടെ വാർഷിക സമ്മേളനം ആരംഭിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജോസ് തെക്കേക്കര ദിവ്യബലി അർപ്പിച്ചു. ഫാ. ഡയസ് മരതുങ്കൽ സന്ദേശം നൽകി. ദിവ്യബലിക്കുശേഷം ദർശനസമൂഹാംഗങ്ങൾ സമൂഹവസ്ത്രം ധരിച്ച് ഭക്തിനിർഭരവും വർണ്ണശബളവും ആയ പ്രദക്ഷിണം നടത്തി. തുടർന്ന് വൈലത്തൂർ പള്ളിവികാരി ഫാ. ജോജു പനയ്ക്കൽ സെമിനാറിനു നേതൃത്വം നൽകി. ഫാ. ജോസ് തെക്കേക്കര സെമിനാർ ഉദ്ഘാടനം ചെയ്തു. കൺവീനർ സെബി എലുവത്തിങ്കൽ സ്വാഗതവും അതിരൂപത വൈസ്പ്രസിഡണ്ട് പി. പി. ജോസ് നന്ദിയും പറഞ്ഞു. ഉച്ചയ്ക്ക് സ്നേഹവിരുന്നിനുശേഷം 2.30ന് അതിരൂപത ഡയറക്ടർ ഫാ. ജോസ് തെക്കേക്കരയുടെ മഹനീയ അദ്ധ്യക്ഷതയിൽ ആരംഭിച്ച പൊതുസമ്മേളനം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്യുകയും ദർശന സമൂഹത്തിൽ 25, 50 വർഷം സേവനം പൂർത്തിയാക്കിയവർക്ക് പ്രശംസാപത്രം കൊടുത്ത് ആദരിക്കുകയും ചെയ്തു. അതിരൂപത പ്രസിഡണ്ട് ജോയ് പള്ളിക്കുന്നത്ത് സ്വാഗതം ആശംസിച്ചു. സെക്രട്ടറി ഒ. ജെ. ജസ്റ്റിൻ റിപ്പോർട്ടും ട്രഷറർ കെ. സി. ഡേവീസ് കണക്കും അവതരിപ്പിച്ചു. മരത്താക്കര അസി. വികാരി ഫാ. ഏബിൾ ചിറമ്മൽ, ട്രസ്റ്റി വർഗ്ഗീസ് ആലപ്പാട്ട് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. അതിരൂപത ജോ. സെക്രട്ടറി തോമസ് ജോസിന്റെ നന്ദിപ്രസ്താവനക്കുശേഷം യോഗം പ്രാർത്ഥനയോടെ സമംഗളം പര്യവസാനിച്ചു.

29.03.2015 ന് ബ. ജോസ് തെക്കേക്കരയച്ചന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അതിരൂപത പ്രസിഡണ്ട് ജോയ് പള്ളിക്കുന്നത്ത് സ്വാഗതം ആശംസിച്ചു. സെക്രട്ടറി ഒ. ജെ. ജസ്റ്റിൻ അവതരിപ്പിച്ച

റിപ്പോർട്ട് യോഗം പാസ്സാക്കി. തുടർന്ന് യോഗ നടപടികൾ ആരംഭിച്ചു.

തൃശ്ശൂർ അതിരൂപതയിലെ സംഘടന ഡയറക്ടർമാരുടെ യോഗത്തിൽ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദർശനസമൂഹത്തിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച വിവരം ഡയറക്ടർ അറിയിച്ചു. 2015 ഫെബ്രുവരി 22ന് നടത്തിയ 7-ാമത് വാർഷിക സമ്മേളനത്തിന്റെ വരവ്ചെലവ് കണക്ക് ഫൈനാൻസ് കൺവീനർ തോമസ് ജോസ് അവതരിപ്പിച്ചു. യോഗം സർവ്വസമ്മതമായി പാസ്സാക്കി. 7-ാമത് വാർഷിക സമ്മേളനത്തിന്റെ ചെലവിലേയ്ക്ക് മരത്താക്കര ദർശന സമൂഹത്തിന് 80000 രൂപ അനുവദിക്കുവാൻ തീരുമാനിച്ചു. വാർഷിക സമ്മേളനത്തിന് നേതൃത്വം വഹിച്ച മരത്താക്കര പള്ളി വികാരിയേയും ഇടവക ദർശനസമൂഹ ഭാരവാഹികളേയും അംഗങ്ങളേയും യോഗത്തിൽ വെച്ച് അഭിനന്ദിച്ചു. 2016ലെ 8-ാമത് വാർഷിക സമ്മേളനം വലപ്പാട് പള്ളിയിൽ വെച്ച് നടത്തുന്നതിനും ആയതിന്റെ ചെലവിലേയ്ക്ക് 90000 രൂപ നൽകുന്നതിനും തീരുമാനിച്ചു. വാർഷിക സപ്ലിമെന്റും നോട്ടീസും അതിരൂപതസമിതി തയ്യാറാക്കുന്നതാണെന്നും തീരുമാനിച്ചു. അതിരൂപത, ഇടവക ദർശനസമൂഹങ്ങൾക്ക് ഒരു പതാകയും എംബ്ലവും ആവശ്യമാണെന്ന് യോഗത്തിൽ അഭിപ്രായം ഉണ്ടായി. ഏനാമാക്കൽ ദർശനസമൂഹം സമർപ്പിച്ച അപേക്ഷ പരിഗണനക്കെടുത്തു. ഏനാമാക്കൽ ദർശനസമൂഹത്തിന്റെ ബാങ്ക് സ്ഥിര നിക്ഷേപങ്ങൾക്ക് പാൻകാർഡ് ആവശ്യമാണെന്നും ആയത് ലഭിക്കുവാൻ വേണ്ട സൗകര്യങ്ങൾ അതിരൂപതസമിതി ചെയ്തു തരണമെന്നും അപേക്ഷയിൽ ആവശ്യപ്പെട്ടതനുസരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ബ. ഡയറക്ടറേയും പ്രസിഡണ്ടിനേയും അധികാരപ്പെടുത്തുവാൻ തീരുമാനിച്ചു. ഈ വിഷയം ബ. അതിരൂപത ചാൻസലറച്ചനുമായി ചർച്ച നടത്തിയതിനുശേഷമായിരിക്കണം തീരുമാനം എടുക്കേണ്ടതെന്നും തീരുമാനിച്ചു. അതിരൂപതദർശനസമൂഹത്തിന്റെ 9-ാമത് വാർഷികം അമ്മാടത്തുവെച്ചും 10-ാമത് വാർഷികം ഏനാമാക്കൽവെച്ചും നടത്തുവാൻ മേൽപറഞ്ഞ ഇടവകകൾ തയ്യാറാണെന്ന് അറിയിച്ചു. വൈസ് പ്രസിഡണ്ട് പി. പി. ജോസിന്റെ നന്ദിപ്രകടനത്തിനുശേഷം യോഗം പ്രാർത്ഥനയോടെ സമാപിച്ചു.

| | | |
|---|---|---|
| **ഫാ. ജോസ് തെക്കേക്കര** | **ജോയ് പള്ളിക്കുന്നത്ത്** | **ഒ. ജെ. ജസ്റ്റിൻ** |
| ഡയറക്ടർ | പ്രസിഡണ്ട് | സെക്രട്ടറി |

# അതിരൂപത ഭക്തസംഘടനാ ഏകോപന സമിതി

അതിരൂപത ഭക്തസംഘടനാ ഏകോപന സമിതിയുടെ നേതൃത്വത്തിൽ അതിരൂപത ഭാരവാഹികൾക്കുവേണ്ടി ആഗസ്റ്റ് 8ന് ശനിയാഴ്ച രാവിലെ 9.30 മുതൽ 3 മണി വരെ ആർച്ച്ബിഷപ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് ഒരു നേതൃത്വ പരിശീലന ക്യാമ്പ് നടത്തുന്നു. അതിരൂപതയിലെ ഓരോ സംഘടനകളുടേയും പ്രസ്ഥാനങ്ങളുടേയും ഏഴു ഭാരവാഹികൾക്കാണ് ക്യാമ്പിൽ പ്രവേശനം. നേതൃത്വ കഴിവുകൾ വളർത്താനും പ്രവർത്തനങ്ങൾ ഊർജ്ജസ്വലത ഉണ്ടാക്കുവാനും സാധിക്കുന്ന വിധത്തിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

**സ്ഥലം : ആർച്ച്ബിഷപ്സ് ഹൗസ്**

**തീയതി: 08.08.2015**

**സമയം : 9.30 am - 3.00 pm**

**മികച്ച പ്രവർത്തകർക്കുള്ള അവാർഡ് നിർദ്ദേശങ്ങൾ**

1. അതിരൂപതയിലെ മികച്ച ഭക്തസംഘടന പ്രവർത്തകർക്കാണ് അവാർഡ്
2. ഓരോ ഭക്തസംഘടനയുടെയും അതിരൂപത കേന്ദ്രസമിതിക്ക് മൂന്ന് വ്യക്തികളുടെ പേരുകൾ നിർദ്ദേശിക്കാം.
3. ഇടവക വികാരിയുടെ സാക്ഷ്യപത്രം ഉണ്ടാകണം
4. ഇടവക-ഫൊറോന- അതിരൂപതാ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം വിലയിരുത്തേണ്ടതാണ്.
5. ആദ്ധ്യാത്മികം, സംഘടനാപരം, സാമൂഹ്യപ്രവർത്തനങ്ങൾ എന്നീ മേഖലകളിലുള്ള സംഭാവനകൾ വിലയിരുത്തും.
6. ഏകോപന സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി നിയമിക്കുന്ന ജഡ്ജിംഗ് കമ്മറ്റിയാണ് മികച്ച പ്രവർത്തകരെ തെരഞ്ഞെടുക്കുക.
7. ഓരോ സംഘടനയിൽ നിന്നും പേരുകൾ നിർദ്ദേശിക്കുന്നതിന്റെ ഉത്തരവാദിത്വം അതിരൂപത കേന്ദ്രസമിതിക്കായിരിക്കും
8. 2015 ആഗസ്റ്റ് 30ന് മുമ്പായി നാമനിർദ്ദേശങ്ങൾ ഏകോപനസമിതിക്ക് ലഭിക്കേണ്ടതാണ്.
9. അവാർഡ് ദാന തീയതി പിന്നീട് അറിയിക്കും.

**എ.ഡി. ഷാജു**
ഏകോപന സമിതി സെക്രട്ടറി

**മോൺ ജോർജ്ജ് കോമ്പാറ**
വികാരി ജനറാൾ


വി.ജോൺ മരിയ വിയാനി
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ

Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.07.2015
Aug. 2015

# പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന വൈദികർ



Fr. Nicholas Anthikkat



Fr.George Kandamkulathy



Fr. Antony Kannampuzha



Fr. Antony Mechery



Fr. Thomas Panjikaran



Fr. Jose Kavungal

Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005